
JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/606/2012-14
July 2012 www.jeevamozhikal.org Licence No.KL/CR/KTM/WPP-46/2012-14
Annual subscription Rs. 80/- Licensed to post without prepayment


## ഉടൻ പ്രസിദ്ധീകരിക്കുന്നു




മുപ്പതു ഭാഷകളിലായി ലോകമെങ്ങും
ഒന്നരക്കോടി കോപ്പികൾ വിറ്റഴിഞ്ഞ പുസ്തകം.
'ദ ക്രോസ് ആന്റ് ദ സ്വിച്ച് ബ്ലേഡ്' എന്ന
ലോകപ്രശസ്ത ക്രിസ്തീയ ചിത്രത്തിന് ആധാരമായ ഗ്രന്ഥം.
മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിക്കുന്നു.


Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 7 ജൂലൈ 2012



## എഡിറ്റോറിയൽ

# കർത്താവിന്റെ ദാസനോ വേലക്കാരനോ?



മലയാളത്തിൽ സുവിശേഷങ്ങൾ വായിക്കുമ്പോൾ, ദാസൻ, വേലക്കാരൻ, കൂലിക്കാരൻ എന്നീ വാക്കുകൾ തമ്മിൽ ഏറെ അർത്ഥവ്യത്യാസമൊന്നും ഉള്ളതായി നമുക്കു തോന്നുകയില്ല. 'യജമാനന് അവിദഗ്ധമായ പണികൾ ചെയ്തു കൊടുത്തു കൂലി വാങ്ങി ജീവിക്കുന്ന തൊഴിലാളി' എന്നതിനപ്പുറം വലിയ അർത്ഥബോധമൊന്നും ഈ വാക്കുകൾ നമ്മിൽ ഉണർത്തുന്നില്ല. എന്നാൽ ഈ മൂന്നു വാക്കുകളും മൂന്നുതരത്തിലുള്ള പണിക്കാരെയാണ് കുറിക്കുന്നതെന്നു സുവിശേഷങ്ങൾ സൂക്ഷ്മമായി വായിച്ചാൽ മനസ്സിലാകും.

'സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന് പുലർച്ചെക്കു പുറപ്പെട്ട വീട്ടുടയവനോടു സദൃശം' -കർത്താവു പറഞ്ഞ ഒരു ഉപമ ആരംഭിക്കുന്നതിങ്ങനെയാണ് (മത്തായി 20:1). അവിടെ നാം കാണുന്ന വേലക്കാർ (Labourers) പറഞ്ഞൊത്ത ഒരു കൂലിക്കു വേണ്ടി യജമാനനെ സേവിക്കുന്നവരാണ്. അവർക്ക് യജമാനന്റെ വീടുമായി വലിയ ബന്ധമില്ല. അവിടെ നിന്നു ഭക്ഷണമോ മറ്റ് ആനുകൂല്യങ്ങളോ അവർക്കു ലഭിക്കുന്നുമില്ല. കൃത്യമായ ഒരു ജോലിക്കുവേണ്ടി കരാർ അടിസ്ഥാനത്തിൽ പണി ചെയ്യുന്നവരാണവർ.

യജമാനനുമായി അവർക്ക് ആത്മബന്ധമൊന്നുമില്ല. അവർ തങ്ങളുടെ സ്വാതന്ത്ര്യം യജമാനന് അടിയറവച്ചിട്ടില്ല.ജോലി സമയം കഴിയുമ്പോൾ പറഞ്ഞൊത്ത കൂലി വാങ്ങി അവർക്കു സ്വന്തം വീടുകളിലേക്കു മടങ്ങാം. യജമാനനോടു കൂലിക്കു വേണ്ടി പിണങ്ങാനും യജമാനനെ വിമർശിക്കാൻ പോലുമോ അവർക്കു സ്വാതന്ത്ര്യം ഉണ്ട്.

ധൂർത്തപുത്രന്റെ ഉപമയിൽ കാണുന്ന 'കൂലിക്കാരും' (Servants) ഏറെക്കുറെ ഇവരെപ്പോലെയാണ് (ലൂക്കോസ് 15:17, 18).പക്ഷേ അവർക്ക് യജമാനനുമായി കുറച്ചു കൂടി അടുത്തബന്ധമുണ്ട്. അവർ യജമാനന്റെ വീട്ടിലാണു പണിയെടുക്കുന്നത്. അവർ അവിടെ നിന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. എന്നാൽ അവരും വൈകുന്നേരം കൂലി വാങ്ങി സ്വന്തഭവനങ്ങളിലേക്കു മടങ്ങുന്നു. അവർ തങ്ങളുടെ സ്വാതന്ത്ര്യം യജമാനനു പണയപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ രണ്ടു കൂട്ടരിൽ നിന്നും വ്യത്യസ്തരാണ് ദാസന്മാർ (Slaves). അവർ അടിമകളാണ്.അവർക്കു സ്വാതന്ത്ര്യമില്ല.അവർ യജമാനന്റെ വീട്ടിൽ തന്നെയാണു താമസം.അവർക്ക് അവിടെനിന്നു ഭക്ഷണം ലഭിക്കുന്നുണ്ടെങ്കിലും അവർക്കു കൂലിക്ക് അർഹതയില്ല.അവർക്ക് അവകാശങ്ങളില്ല.സ്വന്തഇഷ്ടങ്ങളില്ല.അവർ എല്ലാ അർത്ഥത്തിലും യജമാനന്റെ ദാസരാണ്.

കർത്താവിന് ആവശ്യം വേലക്കാരെയല്ല, കൂലിക്കാരെയല്ല, മറിച്ച് ദാസന്മാരെയാണ്. തങ്ങളുടെ സ്വാതന്ത്ര്യവും അവകാശവും പൂർണമായി അടിയറവച്ചവർ.സ്വന്തഇഷ്ടങ്ങളില്ലാത്തവർ.നന്ദി പ്രതീക്ഷിക്കാത്തവർ (ലൂക്കോസ് 17:9). യജമാനന്റെ സന്തോഷത്തിനായി തങ്ങളെത്തന്നെ വിറ്റുകളഞ്ഞവർ. അടിമകൾ.

ക്രിസ്തീയലോകത്ത് ഈ അർത്ഥത്തിലാണോ 'കർത്താവിന്റെ ദാസൻ' എന്ന് ഇന്നു വിശേഷിപ്പിക്കുന്നതും പരിചയപ്പെടുത്തുന്നതും? ബൈബിൾ സ്കൂളിലെ മൂന്നു വർഷത്തെ പഠനം ഒരുവനെ മുകളിൽ വിവരിച്ച നിലയിൽ കർത്താവിന്റെ ദാസനാക്കുമോ?

കർത്താവിന്റെ ദാസൻ-ആദ്യനൂറ്റാണ്ടിൽ അപ്പൊസ്തലന്മാരെല്ലാം അക്ഷരാർത്ഥത്തിൽ തന്നെ അങ്ങനെയായിരുന്നു. 'മറ്റൊരുവൻ അര കെട്ടുകയും ഇഷ്ടമില്ലാത്തിടത്തു കൊണ്ടുപോകുകയും' ചെയ്യുന്നതിൽ പരാതികളില്ലാത്തവർ. പത്രൊസ് (2 പത്രൊ.1:1), പൗലൊസ് (റോമ. 1:2, ഫിലി. 1:1) എന്നിവർ മാത്രമല്ല തങ്ങളെത്തന്നെ ക്രിസ്തുയേശുവിന്റെ ദസന്മാർ എന്നു പരിചയപ്പെടുത്തിയത്. യേശുവിന്റെ സ്വന്തം സഹോദരന്മാരായ യാക്കോബും (1:1) യൂദയും (1:1) അങ്ങനെ വിശേഷിപ്പിക്കപ്പെടുന്നതിൽ അഭിമാനിച്ചു.യേശുവിന്റെ അക്ഷരിക സഹോദരന്മാരെന്നു മേനി പറയുവാൻ ദാസ്യമനോഭാവം അവരെ അനുവദിച്ചില്ല.

കർത്താവിന്റെ ദാസന്റെ മനോഭാവമാണു നാമും ജീവിതത്തിലുടനീളം പുലർത്തുന്നതെന്നു നാം സ്വയം ചിന്തിച്ചേക്കാം. എന്നാൽ മത്തായി 20:1-16 ലെ ഉപമയിൽ യജമാനനോടു സംസാരിച്ചപ്പോൾ വേലക്കാർ പ്രകടമാക്കിയ മനോഭാവമാണു നമ്മെ മിക്കപ്പോഴും ഭരിക്കുന്നതെങ്കിൽ നാം വിനയത്തോടെ സമ്മതിക്കേണ്ടിയിരിക്കുന്നു, നാം കർത്താവിന്റെ ദാസന്മാരായിട്ടില്ല മറിച്ച് വേലക്കാരോ കൂലിക്കാരോ മാത്രമാണ്.

വേലക്കാർ പ്രകടമാക്കിയ മനോഭാവങ്ങൾ എന്തെല്ലാമാണ്? ഒന്നാമത് അവർക്ക് കൂലിയിലായിരുന്നു കണ്ണ്. കൂലിക്കു വേണ്ടിയായിരുന്നു അവരുടെ ജോലി. പ്രതിഫലത്തിലാണ് നമ്മുടെ കണ്ണെങ്കിൽ നാം ഇപ്പോഴും വേലക്കാരാണ്. കർത്താവിന്റെ ദാസന്മാരായിട്ടില്ല. യേശുവിന്റെ ശിഷ്യന്മാർ പ്രത്യേകിച്ചും പത്രോസ് ഒരിക്കൽ വേലക്കാരുടെ ഈ മനോഭാവം പ്രകടമാക്കി-'ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും'? (മത്തായി 19:27). പക്ഷേ പിന്നീട് അവിടെ നിന്ന് ബഹുകാതം മുന്നോട്ടു പോകുവാനും യേശുക്രിസ്തുവിന്റെ 'ദാസൻ' എന്ന മനോഭാവത്തിൽ എത്തിച്ചേരുവാനും പത്രോസിനു കഴിഞ്ഞു (2 പത്രൊ. 1:1). ഇതു നമുക്കും വലിയ പ്രോത്സാഹനമാണ്. ഇന്ന് ഒരു പക്ഷേ വേലക്കാരെപ്പോലെ നാം കൂലിയും പ്രതിഫലവും പ്രതീക്ഷിക്കുന്നവരായിരിക്കാം.എന്നാൽ ദൈവഹിതത്തിനായി പൂർണഹൃദയത്തോടെ സമർപ്പിച്ചാൽ പത്രോസിനെപ്പോലെ നമുക്കു യേശുക്രിസ്തുവിന്റെ ദാസന്റെ മനോഭാവത്തിൽ നാളെ എത്തിച്ചേരുവാൻ കഴിയും.

ദാസനിൽനിന്നു വ്യത്യസ്തമായി, വേലക്കാരൻ തന്നെത്തന്നെ മറ്റു വേലക്കാരുമായി താരതമ്യം ചെയ്യുന്നവരാണ്. മുന്തിരിത്തോട്ടത്തിൽ വേല ചെയ്തവരുടെ ഉപമയിൽ മുമ്പന്മാർ, പിമ്പന്മാരായി വന്നവരെ ഒരോരുത്തരെയായി നിരീക്ഷിക്കുകയും അവർക്കു കിട്ടിയ കൂലിയും തങ്ങൾക്കു കിട്ടാവുന്ന കൂലിയും തമ്മിൽ താരതമ്യം ചെയ്യുകയുമാണ്. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ സഹവേലക്കാരുമായി നാം ഇന്നു നമ്മെ താരതമ്യം ചെയ്യുകയും അവരെക്കാളേറെ പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ നാം കേവലം വേല

ശേഷം പേജ് 39 ൽ

സന്ദേശം

# കർത്താവിന്റെ ദാസന്റെ പ്രത്യേകതകൾ

പുതിയനിയമഉടമ്പടിയിൽ ഒരു യഥാർത്ഥദൈവഭൃത്യൻ ആരാണെന്ന് തിരുവെഴുത്തിലെ മൂന്നു ഭാഗങ്ങളിൽ വ്യക്തമായി പറയുന്നുണ്ട്.ആഗ്രഹിക്കുന്നപക്ഷം ഈ കാലഘട്ടത്തിലും നമുക്കെല്ലാവർക്കും ദൈവഭൃത്യരായിരിക്കുവാൻ കഴിയുമെന്നു ഈ ഭാഗങ്ങൾ മുൻധാരണകളൊന്നും കൂടാതെ തുറന്ന മനസ്സോടെ വായിച്ചാൽ നാം കണ്ടെത്തും.

പഴയനിയമകാലത്ത് ലേവ്യർക്കു മാത്രമേ ദൈവശുശ്രൂഷകരായിരിപ്പാൻ കഴിയുമായിരുന്നുള്ളൂ. അവർ ലോകജോലികളൊന്നും ചെയ്യാതെ യിസ്രായേലിലെ മറ്റു ഗോത്രങ്ങളുടെ ദശാംശംകൊണ്ട് ഉപജീവനംകഴിച്ചുപോന്നു.ബാബിലോന്യക്രിസ്ത്യാനിത്വവും ഇന്നു പഠിപ്പിക്കുന്നത് ഇതാണ്. തങ്ങളുടെ ലോകജോലികൾ ഉപേക്ഷിച്ചവർക്കു മാത്രമേ പൂർണമായും ദൈവശുശ്രൂഷക്കാരായിരിപ്പാൻ കഴിയുകയുള്ളൂ. അവരെ മറ്റു ക്രിസ്ത്യാനികൾ തങ്ങളുടെ ദശാംശം നൽകി തീറ്റിപ്പോറ്റിക്കൊള്ളണം.എന്നാൽ ഇതു മാനു



*മാതൃഭാഷയിൽ സംസാരിക്കുമ്പോഴും ദൈവാത്മാവിനു നമ്മെ നിയന്ത്രിക്കാൻ കഴിയണം.*

> **സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനും സുവിശേഷപ്രസംഗകനും ദൈവഭൃത്യനുമായിരിക്കാൻ യോഗ്യനല്ല. പാപം ചെയ്യാതിരിക്കാൻ തന്റെ കണ്ണുകളെ ചൂഴ്ന്നെടുത്തുകളയാൻ തയ്യാറാകത്തക്കവിധം മൗലികമായ നിലപാട് എടുക്കുന്നവനാണ് ദൈവഭൃത്യൻ. നിങ്ങൾ കണ്ണുകളുടെ അപഥസഞ്ചാരത്തെച്ചൊല്ലി ദുഃഖിക്കുകയും രാത്രി കിടക്കയിൽ തലയിണയെ കണ്ണീരിൽ കുതിർക്കുകയും ചെയ്ത ഏറ്റവും അടുത്തസമയം എന്നാണ്?**

ഷിക പാരമ്പര്യം അനുസരിച്ചുള്ള പഠിപ്പിക്കലാണ്. തിരുവെഴുത്തിൻപ്രകാരം ഉള്ളതല്ല.

1. പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം

"എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ..." (റോമർ 6:22)

ഇതാണ് ആദ്യം ആവശ്യമായിരിക്കുന്നത്-പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം. പാപത്തിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിലും എളുപ്പമാണ് ലോകജോലിയിൽനിന്നു സ്വാതന്ത്ര്യം നേടുന്നത്. യേശു ഒരു ലോകജോലി ചെയ്തിരുന്നു.ആ സമയത്തും അവിടുന്ന് ദൈവദാസൻ തന്നെയായിരുന്നു.

കോപിച്ച് സമനിലതെറ്റുന്ന ഒരുവന് ദൈവഭൃത്യനായിരിക്കാൻ കഴിയുകയില്ല. അദ്ദേഹം ഒരു പാസ്റ്ററോ, ചീഫ് പാസ്റ്ററോ ആയിരിക്കാം. പക്ഷേ ദൈവഭൃത്യനല്ലെന്നു വ്യക്തം. പല പെന്തക്കോസ്തു പാസ്റ്റർമാരും ഞായറാഴ്ച രാവിലെ 'മറുഭാഷ'കളിൽ ദൈവത്തെ ഉച്ചത്തിൽ മഹത്വപ്പെടുത്തുകയും ഉച്ചകഴിഞ്ഞ് 'മാതൃഭാഷ'യിൽ ഭാര്യയോട് ദേഷ്യപ്പെട്ട് ഒച്ചയിടുകയും ചെയ്യുന്നു! മാതൃഭാഷയിലല്ല, മറുഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമേ ദൈവാത്മാവിനു നമ്മെ നിയന്ത്രിക്കാൻ കഴിയുകയുള്ളോ? ഇതൊരു വഞ്ചനയാണ്. കഴിഞ്ഞ 22 വർഷമായി ഞാൻ അന്യഭാഷയിൽ സംസാരിക്കുന്നതിനാൽ ദൈവത്തോടു നന്ദിയുള്ളവനാണ്.അത് എനിക്ക് ആത്മികവർദ്ധനവരുത്തുകയും ഈ വർഷങ്ങളിലെല്ലാം വിഷാദത്തിൽനിന്നും അധൈര്യത്തിൽനിന്നും എന്നെ പൂർണമായി വിടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഞാൻ മാതൃഭാഷയിൽ എന്റെ ഭാര്യയോടോ, സഹോദരങ്ങളോടോ, അപരിചിതരോടോ, ഭിക്ഷക്കാരോടോ സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്റെ ഭാഷയെ നിയന്ത്രിക്കുന്നുണ്ട് എന്നുള്ളതിനാൽ ഞാൻ ദൈവത്തോട് കൂടുതൽ നന്ദിയുള്ളവനാണ്.

സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനും സുവിശേഷപ്രസംഗകനും ദൈവഭൃത്യനുമായിരിക്കാൻ യോഗ്യനല്ല. പാപം ചെയ്യാതിരിക്കാൻ തന്റെ കണ്ണുകളെ ചൂഴ്ന്നെടുത്തുകളയാൻ തയ്യാറാകത്തക്കവിധം മൗലികമായ നിലപാട് എടുക്കുന്നവനാണ് ദൈവഭൃത്യൻ. നിങ്ങൾ കണ്ണുകളുടെ അപഥസഞ്ചാരത്തെച്ചൊല്ലി ദുഃഖിക്കുകയും രാത്രി കിടക്കയിൽ തലയിണയെ കണ്ണീരിൽ കുതിർക്കുകയും ചെയ്ത ഏറ്റവും അടുത്തസമയം എന്നാണ്? ഇക്കാര്യത്തിൽ ഗൗരവമുള്ളവനല്ലെങ്കിൽ നിങ്ങൾ ആന്തരികമായി മെല്ലെ മെല്ലെ പിന്മാറിപോകുകയും ഒരുനാൾ പരസ്യമായി വീഴുകയും ചെയ്യും.

അല്പം പണത്തിനോ മാനത്തിനോ വേണ്ടി കള്ളംപറയുന്ന ഒരുവൻ സത്യത്തിൽ സാത്താന്റെ ഭൃത്യനാണ്. (സാത്താനാണല്ലോ എല്ലാ ഭോഷ്കിന്റെയും പിതാവ്).അവന് ദൈവദാസനായിരിക്കാൻ കഴി





യുകയില്ല. തന്റെ ശത്രുക്കളെ എല്ലാം സ്നേഹിക്കുവാനും തനിക്കു തിന്മ ചെയ്തിട്ടുള്ള എല്ലാവരോടും നന്മ ചെയ്യുവാനും കഴിയാത്ത ഒരുവൻ സുവിശേഷം പ്രസംഗിക്കുവാൻ യോഗ്യനല്ല. ആരോടെങ്കിലും നേരിയ കയ്പോ ക്ഷമിക്കാത്ത മനോഭാവമോ ഹൃദയത്തിൽ ഉണ്ടെങ്കിൽ പ്രസംഗിക്കുന്നതിനു പകരം മിണ്ടാതെ വീട്ടിൽപോയി അനുതപിക്കുകയും ഹൃദയത്തെ തിന്മയിൽനിന്നു ശുദ്ധീകരിക്കുകയുമാണ് വേണ്ടത്.

2. മാമ്മോനിൽനിന്നുള്ള സ്വാതന്ത്ര്യം

"നിങ്ങൾക്കു ദൈവത്തേയും മാമ്മോനേയും സേവിപ്പാൻ കഴിയുകയില്ല...രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ല. അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും" (ലൂക്കോസ് 14:13).

ഇതാണ് രണ്ടാമത് വേണ്ടത്-മാമ്മോനിൽനിന്ന് (പണത്തിൽനിന്നും ഭൗതികവസ്തുക്കളിൽനിന്നും) ഉള്ള സ്വാതന്ത്ര്യം. വീണ്ടും പറയട്ടെ. മാമ്മോനിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിനേക്കാൾ എളുപ്പം ലോകജോലിയിൽ നിന്നു സ്വാതന്ത്ര്യം നേടുന്നതാണ്.

നിങ്ങൾ ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. ആരെയാണ് നിങ്ങൾ സേവിക്കാൻ പോകുന്നത്? ദൈവത്തെയോ മാമ്മോനെയോ? പല 'മുഴുസമയശുശ്രൂഷകന്മാരും' രണ്ടുപേരെയും ഒരേസമയം അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഏതു ലോകജോലിയിൽപോയാലും കിട്ടുന്നതിലേറെ 'ദൈവദാസന്മാരെ'ന്ന പേരിൽ അവർ ഇന്നു നേടുന്നു. ദൈവത്തെ സേവിക്കുന്നതിൽ ലോകസുഖങ്ങളും പണവും ഭൗതികവസ്തുക്കളും യാഗപീഠത്തിൽ സമർപ്പിച്ചിട്ടില്ലാത്ത ഒരുവൻ യഥാർത്ഥത്തിൽ ദൈവത്തെയല്ല സേവിക്കുന്നത്.

> **നിങ്ങൾ ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. ആരെയാണ് നിങ്ങൾ സേവിക്കാൻ പോകുന്നത്? ദൈവത്തെയോ മാമ്മോനെയോ? പല 'മുഴുസമയശുശ്രൂഷകന്മാരും' രണ്ടുപേരെയും ഒരേസമയം അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഏതു ലോകജോലിയിൽപോയാലും കിട്ടുന്നതിലേറെ 'ദൈവദാസന്മാരെ'ന്ന പേരിൽ അവർ ഇന്നു നേടുന്നു. ദൈവത്തെ സേവിക്കുന്നതിൽ ലോകസുഖങ്ങളും പണവും ഭൗതികവസ്തുക്കളും യാഗപീഠത്തിൽ സമർപ്പിച്ചിട്ടില്ലാത്ത ഒരുവൻ യഥാർത്ഥത്തിൽ ദൈവത്തെയല്ല സേവിക്കുന്നത്.**

ഏതു വിശ്വാസിക്കും ദൈവത്തിന്റെ ഭൃത്യനായിരിപ്പാൻ കഴിയും. എന്നാൽ അവൻ മാമ്മോനെ സ്നേഹിക്കുന്നതിൽനിന്നു സ്വതന്ത്രനാകേണ്ടതുണ്ട്. സത്യത്തിൽ, പ്രസ്തുത വാക്യം ശ്രദ്ധിച്ചു വായിച്ചാൽ നാം മാമ്മോനെ വെറുക്കുകയും പകെക്കുകയും ചെയ്താൽ മാത്രമേ ദൈവത്തിന്റെ ഭൃത്യന്മാരായിരിക്കാൻ കഴിയുകയുള്ളുവെന്നാണ് യേശു പറഞ്ഞതെന്നു കാണുവാൻ കഴിയും.

നിങ്ങളുടെ അവസ്ഥ എന്താണ്? മാമ്മോനോടുള്ള നിങ്ങളുടെ മനോഭാവം ഇതാണെന്നോ കുറഞ്ഞപക്ഷം ഈ മനോഭാവം പുലർത്തുവാൻ ആഗ്രഹിക്കുന്നുവെന്നോ ദൈവസന്നിധിയിൽ പറയുവാൻ നിങ്ങൾക്കു കഴിയുമോ? എങ്കിൽ മാത്രമേ ദൈവത്തിന്റെ ഭൃത്യനായിരിപ്പാൻ യോഗ്യതയുള്ളൂ.

യേശുവച്ച ഈ മാനദണ്ഡത്തെ തൃപ്തിപ്പെടുത്തുവാൻ എത്ര മുഴുസമയ ശുശ്രൂഷകർക്കു കഴിയും?വളരെ ചുരുക്കം പേർക്കു മാത്രം.

***ഇന്ത്യക്കാരായ പല മുഴുസമയ ശുശ്രൂഷകന്മാരും അമേരിക്കയിൽ താമസിക്കുകയും ഇന്ത്യയെക്കുറിച്ചാണു തങ്ങളുടെ ഭാരമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.ഇതു തികഞ്ഞ കാപട്യമാണെന്നു വ്യക്തം. എന്നിട്ടും ധാരാളം വിശ്വാസികളെ അവർ വിഡ്ഢികളാക്കുന്നു. സത്യത്തിൽ ഇന്ത്യയെക്കുറിച്ചു ഭാരമുണ്ടായിരുന്നെങ്കിൽ അവർ ഇവിടെത്തന്നെ താമസിക്കുമായിരുന്നില്ലേ?***

നാം ദൈവത്തെയാണോ മാമ്മോനെയാണോ സേവിക്കുന്നതെന്നു മനസ്സിലാക്കാൻ ഇവരിൽ ആരുടെ കല്പനയാണ് നാം അനുസരിക്കുന്നത്, ആരുടെ അവകാശവാദങ്ങൾക്കാണു മുൻഗണന നൽകുന്നത്,എന്നു നോക്കിയാൽ മതി. ആർക്കും രണ്ടു യജമാന്മാരെ സേവിക്കുവാൻ സാധ്യമല്ല.പണം നിങ്ങളെ വിളിക്കുമ്പോൾ പൊടുന്നനെ അതിനോട് അനുകൂലമായി പ്രതികരിക്കാറുണ്ടെങ്കിൽ മാമ്മോന്റെ ഭൃത്യനാണു നിങ്ങൾ.

ധനികരായ വിശ്വാസികളുള്ള സൗകര്യപ്രദമായ സ്ഥലങ്ങളിലേക്കു മാത്രം യാത്ര ചെയ്യുവാൻ മിക്കപ്രസംഗകരും ഇഷ്ടപ്പെടുന്നതെന്തുകൊണ്ട്? എത്രപേർ ഇന്ത്യയിലെ ഗ്രാമങ്ങളിലെ ദരിദ്രരായ വിശ്വാസികളെ സന്ദർശിച്ച് അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ സമയം ചെലവിടുന്നുണ്ട്? തീർച്ചയായും അങ്ങനെയുള്ളവരാണ് ഇന്ത്യയിലെ, ദൈവത്തിന്റെ യഥാർത്ഥദാസന്മാർ.

ഇന്ത്യക്കാരായ പല മുഴുസമയ ശുശ്രൂഷകന്മാരും അമേരിക്കയിൽ താമസിക്കുകയും ഇന്ത്യയെക്കുറിച്ചാണു തങ്ങളുടെ ഭാരമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.ഇതു തികഞ്ഞ കാപട്യമാണെന്നു വ്യക്തം. എന്നിട്ടും ധാരാളം വിശ്വാസികളെ അവർ വിഡ്ഢികളാക്കുന്നു. സത്യത്തിൽ ഇന്ത്യയെക്കുറിച്ചു ഭാരമുണ്ടായിരുന്നെങ്കിൽ അവർ ഇവിടെത്തന്നെ താമസിക്കുമായിരുന്നില്ലേ?ഒരു വിശ്വാസി മറ്റൊരു രാജ്യത്തേക്കു താമസം മാറ്റുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ താമസം മാറ്റുന്നതിനു പിന്നിലെ മനോഭാവമാണ് പ്രധാനം.യേശുവും തന്റെ വാസം സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കുമാറ്റി.പക്ഷേ അതിനു പിന്നിലെ അവിടുത്തെ മനോഭാവം എന്തായിരുന്നു? സുഖവും സൗകര്യവും പണവുമായിരുന്നോ അതിനുള്ള പ്രേരണ? അതോ ആവശ്യത്തിലിരിക്കുന്ന ആളുകൾ സഹായിക്കപ്പെടുകയും ദൈവം മഹത്വപ്പെടുകയും ചെയ്യണം എന്നതായിരുന്നോ? ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്കു താമസം മാറ്റുന്നതിനു നിങ്ങളെ പ്രേരിപ്പിക്കുന്നത് എന്താണ്? നിങ്ങൾ മാമ്മോന്റെ ദാസനാണോ ദൈവത്തിന്റെ ദാസനാണോ എന്നത് അതു തെളിയിക്കും.

മാമ്മോനെ സേവിക്കുന്ന ഒരുവനെക്കൊണ്ട് ദൈവത്തിനു പ്രയോജനമില്ലെന്നു സാത്താന് അറിയാം. അതുകൊണ്ട് അങ്ങനെയുള്ള പ്രസംഗകരെ അവൻ തനിയെ വിടുന്നു. നിങ്ങളെ ഉപദ്രവിക്കുകയും ലോകമനുഷ്യരിൽനിന്നും 'ക്രിസ്തീയ'ഗോളത്തിൽനിന്നും അംഗീകാരം നേടാൻ തനിയെ വിടുകയുമാണ് സാത്താന് നിങ്ങളോടു ചെയ്യാവുന്ന ഏറ്റവും വലിയ അപമാനം.

ആത്മാക്കളെ നേടുകയും സഭയെ പണിയുകയും ചെയ്യുന്നതിനെക്കുറിച്ചാണ് ഒരു ദൈവഭൃത്യന്റെ എപ്പോഴുമുള്ള ചിന്ത. രാത്രിയിൽ അവൻ സ്വപ്നം കാണുന്നതും അതുതന്നെ. എന്നാൽ മാമ്മോന്റെ ഭൃത്യൻ രാപകൽ ചിന്തിക്കുന്നതും സ്വപ്നം





കാണുന്നതും കൂടുതൽ പണം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. നമുക്കു നമ്മുടെ ഉപബോധമനസ്സിനെ കബളിപ്പിക്കാൻ കഴിയുകയില്ല. കാരണം, നാം എന്താണ് ആഗ്രഹിക്കുന്നതെന്ന് മറ്റാരെയുംകാൾ കൂടുതൽ അറിയാവുന്നത് അതിനാണ്.നാം മാമ്മോനെ സ്നേഹിക്കുന്നെങ്കിൽ ആ കാര്യം സത്യസന്ധമായി ദൈവമുമ്പാകെ പറയുകയും വിടുതലിനായി പ്രാർത്ഥിക്കുകയും ചെയ്യുക. സത്യസന്ധരായ വിശ്വാസികളെക്കുറിച്ച് ഏറെ പ്രതീക്ഷയ്ക്കു വകയുണ്ട്.എന്നാൽ സത്യസന്ധതയില്ലാത്ത കപടഭക്തരെക്കുറിച്ച് ഒരു പ്രതീക്ഷയും അവശേഷിക്കുന്നില്ല.

ഇക്കാലങ്ങളിൽ 'അത്ഭുതങ്ങൾ നടക്കുന്ന ക്രൂസേഡു'കളെക്കുറിച്ച് ധാരാളം കേൾക്കാറുണ്ട്.എന്നാൽ ആളുകളോടു പണം ആവശ്യപ്പെടാതിരിക്കുക എന്ന അത്ഭുതം നടക്കുന്ന ഒരു ക്രൂസേഡുകാണുവാൻ ഞാൻ കാത്തിരിക്കുകയാണ്! യേശുവും അപ്പോസ്തലന്മാരും തങ്ങളുടെ മീറ്റിംഗുകളിലൊന്നും ആളുകളിൽനിന്ന് ധനശേഖരണം നടത്തിയിരുന്നില്ല. എന്നാൽ ലജ്ജയില്ലാതെ ആളുകളോടു പണം ചോദിക്കുന്ന പ്രസംഗകരെ ഇന്നത്തെ അന്ധരും വിവേചനം ഇല്ലാത്തവരുമായ വിശ്വാസികൾ വിലമതിക്കുകയും അവരെ ദൈവത്തിന്റെ വിലയേറിയ ദാസന്മാരെന്നു കരുതുകയും ചെയ്യുന്നു! ഇത്തരം പ്രസംഗകർ ദൈവത്തെയല്ല, തങ്ങളെത്തന്നെയാണു ശുശ്രൂഷിച്ചതെന്ന് ക്രിസ്തുവിന്റെ ന്യായാസനത്തിലെ വെളിച്ചത്തിനു മുമ്പിൽ ഒരുനാൾ വെളിപ്പെടും.

***ഇക്കാലങ്ങളിൽ 'അത്ഭുതങ്ങൾ നടക്കുന്ന ക്രൂസേഡു'കളെക്കുറിച്ച് ധാരാളം കേൾക്കാറുണ്ട്.എന്നാൽ ആളുകളോടു പണം ആവശ്യപ്പെടാതിരിക്കുക എന്ന അത്ഭുതം നടക്കുന്ന ഒരു ക്രൂസേഡുകാണുവാൻ ഞാൻ കാത്തിരിക്കുകയാണ്! യേശുവും അപ്പോസ്തലന്മാരും തങ്ങളുടെ മീറ്റിംഗുകളിലൊന്നും ആളുകളിൽനിന്ന് ധനശേഖരണം നടത്തിയിരുന്നില്ല.***

വേദശാസ്ത്രപരമായി 'സുവിശേഷവിഹിത'രായവരും അല്ലാത്തവരും എന്ന് വിശ്വാസികൾ ആളുകളെ രണ്ടായിതിരിക്കാറുണ്ട്. എന്നാൽ ഈ കൂട്ടത്തിൽ സാത്താനും സൈന്യവും 'സുവിശേഷവിഹിത'രുടെ വശത്താണെന്ന് ഓർത്തിരിക്കണം. കാരണം അവരും വേദശാസ്ത്രപരമായി സുവിശേഷവിഹിതരാണല്ലോ (യാക്കോബ് 2:19)!! എന്നാൽ ദൈവം ആളുകളെ വേർതിരിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവരെന്നും മാമ്മോനെ സ്നേഹിക്കുന്നവരെന്നും രണ്ടായിട്ടാണ്. അപ്പോൾ സാത്താനും സൈന്യവും മാമ്മോനെ സ്നേഹിക്കുന്ന കൂട്ടത്തിലായിരിക്കും.

മുമ്പെ അവിടുത്തെ രാജ്യം അന്വേഷിച്ചാൽ നാം നേടാതെതന്നെ നമ്മുടെ ഭൂമിയിലെ ജീവിതത്തിന് ആവശ്യമുള്ളത് ദൈവംതരും. എന്റെ കഴിഞ്ഞ പല വർഷത്തെ ക്രിസ്തീയജീവിതത്തിൽ ഇത് സത്യമാണെന്നു ഞാൻ കണ്ടെത്തിയിട്ടുണ്ട്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും.എന്നാൽ ദൈവത്തിന്റെ വചനം മാറിപ്പോകയില്ല. മുമ്പേ തന്റെ രാജ്യം അന്വേഷിക്കുന്നവർക്ക് ദൈവം വേണ്ടത് എല്ലാം നൽകുമെന്ന സത്യത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളായിരിക്കണം നാം എല്ലാവരും.ക്രിസ്തീയജീവിതത്തിലുടനീളം

തുടർച്ചയായി എല്ലാസമയവും ദൈവരാജ്യമായിരുന്നു നമ്മുടെ ആദ്യഅന്വേഷണമെന്ന് ആർക്കും പറയാൻ കഴിയുകയില്ലെങ്കിലും പണത്തിനു പിന്നാലെ ഓടിയിട്ടില്ല എന്ന സാക്ഷ്യം തീർച്ചയായും നമുക്കു പറയാൻ കഴിയണം. നാം സുവിശേഷപ്രസംഗകരാണെങ്കിൽ പണം കിട്ടുമെന്നതുകൊണ്ടുമാത്രം ഒരിടത്തും പ്രസംഗിക്കാൻ പോയിട്ടില്ലെന്ന സാക്ഷ്യവും നമുക്കുണ്ടായിരിക്കണം.പണക്കാരെ പ്രസാദിപ്പിക്കുക, പാവങ്ങളെ അവഗണിക്കുക, ധനശേഖരണം നടത്തുന്നതിൽ താത്പര്യം കാട്ടുക, നമ്മുടെ പണപരമായ ആവശ്യങ്ങൾ മറ്റുള്ളവരെ അറിയിക്കുക, മറ്റുള്ളവരിൽനിന്നു സഹായം പ്രതീക്ഷിക്കുക തുടങ്ങിയവയൊന്നും ഉണ്ടായിട്ടില്ല എന്നതും നമ്മുടെ സാക്ഷ്യമായിരിക്കണം. പൗലൊസിന് ഇത്തരം സാക്ഷ്യം പറയാൻ കഴിയുമായിരുന്നു.പൗലോസിനെപ്പോലെ തങ്ങളും ദൈവത്തെ സേവിക്കുകയാണെന്ന് അവകാശപ്പെട്ടിരുന്ന തന്റെ കാലത്തെ പണസ്നേഹികളായ പ്രസംഗകരെ തുറന്നുകാട്ടുവാൻ വേണ്ടിയാണ് താൻ അപ്രകാരം ജീവിച്ചതെന്നു പൗലോസ് പറയുന്നു (2 കൊരി. 11:10-13 ലിവിങ് ബൈബിൾ)

ഇന്ന് ക്രിസ്തീയഗോളത്തിൽ കാണുന്ന പണസ്നേഹികളായ പ്രസംഗകരെ തുറന്നുകാട്ടുവാൻ ഇന്ത്യയിലും പൗലോസിനെപ്പോലെ ജീവിക്കുന്ന സാക്ഷികളുടെ ആവശ്യമുണ്ട്. സാത്താൻ നമ്മേയും, നമ്മുടെ ശുശ്രൂഷയെയും ഇത്രയേറെ വെറുക്കുകയും ഒരിക്കലും നമ്മുടെ മീറ്റിംഗുകൾക്കു വരികയോ പ്രസംഗം കേൾക്കുകയോ ചെയ്തിട്ടില്ലാത്ത വിശ്വാസികളെ കൊണ്ടുപോലും നമ്മെ ദുരുപദേശക്കാർ, എതിർക്രിസ്തുക്കൾ,തീവ്രവാദികൾ, വ്യാജപ്രവാചകന്മാർ എന്നു വിളിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? അതിന്റെ കാരണം, പണത്തെ സ്നേഹിക്കുകയും ഒപ്പം ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുകയും ചെയ്യുന്ന മുഴുസമയശുശ്രൂഷകന്മാർ വാസ്തവത്തിൽ സാത്താന്റെ ഭൃത്യന്മാരാണെന്ന സത്യം (2 കൊരിന്ത്യർ 11:10-13 വാക്യങ്ങളുടെ പശ്ചാത്തലത്തിൽ 15-ാം വാക്യം വായിക്കുക) നാം തുറന്നുകാട്ടി സാത്താന്റെ രാജ്യത്തെ കിടിലംകൊള്ളിക്കുന്നു എന്നതുതന്നെ.

അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ലെങ്കിൽ ദൈവരാജ്യത്തിന്റെ യഥാർത്ഥസമ്പത്ത് നിങ്ങളെ ഏല്പിക്കുകയില്ലെന്ന് യേശു പറഞ്ഞു (ലൂക്കോസ് 16:11) പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്തീയതയുടെ അന്ധമായ അനുകരണം, ദൈവവചനത്തെ സംബന്ധിച്ച് വെളിപ്പാട് ഇല്ലാത്ത അവസ്ഥ,വിരസമായ പ്രസംഗങ്ങൾ എന്നിവയെല്ലാം സത്യത്തിൽ വിരൽ ചൂണ്ടുന്നത് ഇന്നത്തെ പ്രസംഗകർ പണത്തിന്റെ കാര്യത്തിൽ വിശ്വസ്തരല്ല എന്നതിലേക്കല്ലേ?

3 മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽ നിന്നുള്ള സ്വാതന്ത്ര്യം

“ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല” (ഗലാത്യർ 1:10)

ഇതാണ് മൂന്നാമതു വേണ്ടത്-മനുഷ്യരെ പ്രസാദിപ്പിക്കുവാനുള്ള അന്വേഷണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

വീണ്ടും പറയട്ടെ, ലോകജോലി ഉപേക്ഷിക്കുന്നതാണ് മനുഷ്യരെ പ്രസാദിപ്പിക്കാനുള്ള അന്വേഷണത്തിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിനെക്കാൾ എളുപ്പം.

മനുഷ്യരെ പ്രസാദിപ്പിക്കാൻ വേണ്ടിയാണു ദൈവവചനം പ്രസംഗിക്കുന്നതെങ്കിൽ നാം ദൈവത്തിന്റെയല്ല മനുഷ്യരുടെ ദാസന്മാരാണ്.

പ്രശസ്തമായ ചില കൺവൻഷനുകളിൽ അടുത്തവർഷവും തന്നെ വിളിക്ക

*ശേഷം പേജ് 30 ൽ*





**അനുഭവങ്ങളിൽചാലിച്ചെഴുതിയ കീർത്തനങ്ങൾ**

# സ്നേഹത്തിന്റെ സമർപ്പണഗാനം

**സുരേഷ്, ബാംഗ്ലൂർ**

**ദൈവം** നമുക്കു വരങ്ങളും, താലന്തുകളും നൽകി അനുഗ്രഹിച്ചിരിക്കുന്നുവോ? നാം അവയെ എങ്ങനെ പ്രയോജനപ്പെടുത്തുന്നു?

“സ്വീകരിക്കെൻ ജീവനെ വേർതിരിക്ക നിനക്കായ്”

എന്ന ഗീതം എഴുതിയ ഫ്രാൻസെ റിഡ്‌ലി ഹാവെർ ഗാലിന്റെ ജീവിതം നമുക്ക് ഇക്കാര്യത്തിൽ ഉത്തരം നൽകും. കർത്താവിന്റെ പാദത്തിൽ നിന്നു ചുറ്റുമുള്ള ലോകത്തിലേക്കു സുഗന്ധം പരത്തുന്ന പരിമളതൈലം പകർന്ന ബെഥാന്യയിലെ മറിയയെ അനുസ്മരിപ്പിക്കും വിധം അസാധാരണമായ ഒരു ജീവിതത്തിൽ നിന്നാണ് ആ വരികൾ ഒഴുകി വന്നത്.



ഫ്രാൻസെ

ചെറുപ്പം മുതലേ അസാധാരണ കഴിവുകൾ പ്രദർപ്പിച്ച ഒരു പെൺകുട്ടിയായിരുന്നു 1836 ഡിസംബർ 14 ന് ഇംഗ്ലണ്ടിൽ ജനിച്ച ഫ്രാൻസെ റിഡ്‌ലി ഹാവെർഗൽ. മരം കയറാൻ ഇഷ്ടപ്പെട്ടിരുന്ന ഒരു ചുണക്കുട്ടിയായിരുന്നു അവൾ.മൂന്നാം വയസ്സിൽത്തന്നെ വായിക്കാനും നാലാം വയസ്സിൽ നന്നായി എഴുതുവാനും അവൾക്കു കഴിഞ്ഞു.

അന്നു മുതൽ ബൈബിൾ വായിക്കുകയും വാക്യങ്ങൾ മനഃപാഠമാക്കുകയും ചെയ്തുപോന്നു. പുതിയനിയമവും സങ്കീർത്തനങ്ങളും യെശയ്യാവും ചെറിയ പ്രവാചകന്മാരും ഒക്കെ അവൾ മുഴുവനായും ഹൃദിസ്ഥമാക്കി.ഇംഗ്ലണ്ടിലും ജർമ്മനിയിലുമൊക്കെയായി നല്ല വിദ്യാഭ്യാസം നേടുകയും സൗന്ദര്യവും കഴിവും തികഞ്ഞ ഒരു യുവതിയായി വളരെ ബഹുമതികൾ നേടുകയും ചെയ്തു.

തിരുവചനം അത് എഴുതപ്പെട്ട ഭാഷയിൽത്തന്നെ വായിക്കുവാനായി ഹീബ്രുവും ഗ്രീക്കും അവൾ സ്വായത്തമാക്കി. പുറമെ ലാറ്റിൻ, ഫ്രഞ്ച്, ജർമ്മൻ മുതലായ ഭാഷകളിൽ പ്രാവീണ്യം നേടുകയും ചെയ്തിരുന്നു.

അവളെഴുതിയിരുന്ന കവിതകൾ ചെറുപ്പത്തിലെതന്നെ പ്രകാശം കണ്ടിരുന്നു. കൂടാതെ 80 പാട്ടുകളും നാലു ധ്യാനപുസ്തകങ്ങളും കൂടി പുറത്തുവന്നു. മധുരമായ ശബ്ദത്തിന്റെ ഉടമയായിരുന്നതിനാൽ സംഗീതസദസ്സുകളിൽ അവൾക്കുള്ള പ്രിയം വളരെയായിരുന്നു.

**ക്രിസ്തുവിലുള്ള ജീവിതത്തിന്റെ പ്രാരംഭനാളുകൾ മുതലെതന്നെ പരമാർത്ഥഹൃദയത്തോടെ ജീവിക്കാൻ അവൾ ശ്രമിച്ചു പോന്നു.തന്റെ കത്തുകളും കവിതകളുമെല്ലാം പൂർണ്ണതയും ധന്യതയും ആഴവുമുള്ള ഒരു ക്രിസ്തീയാനുഭവത്തിനുള്ള വാഞ്ഛ പ്രതിഫലിപ്പിക്കുന്നതായിരുന്നു.**

നന്നായി പിയാനോ വായിക്കയും ചെയ്യുമായിരുന്നു.യൂറോപ്പിൽ ഉടനീളം സഞ്ചരിക്കയും ആൽപ്സ് പർവ്വതനിരകളിലെ കൊടുമുടികൾ താണ്ടുകയും ഹിമപാദുകങ്ങളണിഞ്ഞ് മഞ്ഞിൻപരപ്പിലൂടെ തെന്നിനടക്കുന്ന വിനോദങ്ങളിലേർപ്പെടുകയും ചെയ്തിരുന്നു. ഇതൊക്കെയായിരുന്നു 1879 ൽ 43-ാം വയസ്സിൽ അവിവാഹിതയായി ഇഹലോകവാസം വെടിയുന്നതു വരെയുള്ള അവളുടെ പ്രവൃത്തികൾ. അവൾ പ്രിയപ്പെട്ടിരുന്ന ബൈബിൾ വചനം അവളുടെ കല്ലറയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു: 'അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' (1 യോഹ. 1:7).

അവളുടെ ജീവിതം യാതൊരു വേദനയുമില്ലാതെ സന്തോഷം മാത്രമുള്ളതായിരുന്നു എന്നു കരുതിയെങ്കിൽ നാം അറിയേണ്ട വസ്തുതകളുണ്ട്:അവൾക്ക് 12 വയസ്സുള്ളപ്പോൾ അവളുടെ അമ്മ മരിച്ചു. 14-ാം വയസ്സിൽ അവൾ രക്ഷിക്കപ്പെട്ടു. ജർമ്മനിയിലെ അവളുടെ സ്കൂളിലുണ്ടായിരുന്ന 110 വിദ്യാർത്ഥിനികളിൽ അവൾ മാത്രമായിരുന്നു യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചിരുന്നത്. എന്നാൽ ക്രിസ്തുവിനുവേണ്ടി ഒറ്റയ്ക്ക് ഉറച്ച നിലപാടുകൾ എടുത്തതുമൂലം വളരെ പീഡനങ്ങൾ സഹിക്കേണ്ടി വന്നു. തന്റെ പിതാവ് പുനർവിവാഹം ചെയ്തതിൽ അവൾ സന്തുഷ്ടയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സ്നേഹം മറ്റാർക്കും പങ്കിടാൻ താത്പര്യമില്ലാത്ത സ്വാർത്ഥമതിയായിരുന്നു രണ്ടാനമ്മ. അസൂയക്കാരിയും. അതോടെ ഫ്രാൻസെയുടെ ജീവിതം നരകതുല്യമായി. അതോടൊപ്പം,പ്രവർത്തനനിരതയായിരുന്നെങ്കിലും ആരോഗ്യം അവളെ അനുഗ്രഹിച്ചിരുന്നില്ല. ശരീരം ബലഹീനമായിരുന്നു. എങ്കിലും ഉത്സാഹഭരിതയായി അനേകരെ യേശുവിലേക്കു നടത്തുവാൻ യത്നിച്ചിരുന്നു. മറ്റു പലരേയും കർത്താവിനോടു കൂടുതൽ ചേർന്നു നടക്കുവാനും അവൾ ഉത്സാഹിപ്പിച്ചു.ക്രിസ്തുവിലുള്ള ജീവിതത്തിന്റെ പ്രാരംഭനാളുകൾ മുതലെതന്നെ പരമാർത്ഥഹൃദയത്തോടെ ജീവിക്കാൻ അവൾ ശ്രമിച്ചു പോന്നു.തന്റെ കത്തുകളും കവിതകളുമെല്ലാം പൂർണ്ണതയും ധന്യതയും ആഴവുമുള്ള ഒരു ക്രിസ്തീയാനുഭവത്തിനുള്ള വാഞ്ഛ പ്രതിഫലിപ്പിക്കുന്നതായിരുന്നു. 1865 ൽ അവൾ ഇപ്രകാരം എഴുതി:"എന്നിലെ കഷ്ടങ്ങളുടെയും അനാഥത്വത്തിന്റെയുമൊക്കെ യഥാർത്ഥ കാരണം ഉപാധികളും പരിധികളുമില്ലാതെ ദൈവത്തിനു കീഴടങ്ങാൻ എനിക്കു കഴിയാത്തതാണെന്നു ഞാനറിയുന്നു.ആ ലക്ഷ്യം സാദ്ധ്യമാകും വരെ യാതൊരു സമാധാനവും ഞാൻ അനുഭവിക്കുകയില്ല,അതെനിക്കുറപ്പാണ്." തുടർന്ന് 1873 ൽ അവളുടെ ജീവിതത്തെ അടിമുടി മാറ്റിയ എന്തോ ഒന്നു സംഭവിച്ചു.അതോടെ അവളുടെ പാട്ടിന്റെയും ക്രിസ്തീയശുശ്രൂഷകളുടെയും ഊന്നൽ തകച്ചും വ്യത്യസ്തമായി.

"എല്ലാം യേശുവിനായ്" എന്ന തലക്കെട്ടുള്ള ഒരു ലഘുപുസ്തകം അവൾക്ക്





ആരിൽ നിന്നോ അയച്ചു കിട്ടിയതിൽ നിന്നായിരുന്നു തുടക്കം.താൻ അതുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു നിറവിന്റെ അനുഭവത്തെക്കുറിച്ചായിരുന്നു അത്.ഈ അനുഗ്രഹത്തിനുവേണ്ടി ദാഹിച്ചിരിക്കുമ്പോൾ 1873 ഡിസംബർ രണ്ടാം തീയതി ഞായറാഴ്ച എന്തു സംഭവിച്ചു എന്ന് അവൾ തന്റെ സഹോദരി മറിയയോടു വിവരിച്ചു. പൂർണ്ണ സമർപ്പണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അനുഭവത്തെക്കുറിച്ച്: 'ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്ന സത്യം ഒന്നാമതായി ദൈവം എനിക്കു കാണിച്ചുതന്നു. മാത്രമല്ല, എന്നെ കഴുകി ശുദ്ധീകരിച്ചവൻ അതേ വിശുദ്ധിയിൽ എന്നെ സൂക്ഷിക്കാനും ശക്തനാണ് എന്ന് എനിക്കു ബോദ്ധ്യമായി.അതോടെ അവിടുത്തെ സംരക്ഷണയിൽ ഞാൻ എന്നെ ഏല്പിച്ചു കൊടുത്തു".

ഈ അനുഭവമുണ്ടായി ചില മാസങ്ങൾക്കുശേഷം സഹോദരി മറിയയ്ക്ക് അയച്ച ഒരു കത്തിൽ ഫ്രാൻസെ ഇപ്രകാരം എഴുതി:'1 യോഹ. 1:7 നെ നാം പ്രാരംഭനാളുകളിലെ പാപക്ഷമ എന്ന നിലയിൽ പരിമിതപ്പെടുത്തുകയല്ലേ ചെയ്തിരിക്കുന്നത്? അതേസമയം അതു സകല പാപങ്ങൾക്കുമായുള്ള വിശാലമായ വാഗ്ദാനമല്ലേ?'

അതുപോലെ 'ശുദ്ധീകരിക്കുന്നു' എന്ന പദം എങ്ങനെയാണ് മഹത്വത്തിന്റെയും സന്തോഷത്തിന്റെയും വാതിൽ അവൾക്കു തുറന്നു നൽകിയതെന്നും അവൾ തുടർന്നെഴുതുന്നു:"ശുദ്ധീകരിക്കുന്നു" എന്ന പദം എന്നാലും വർത്തമാനകാലത്തിൽ തുടർമാനമായി നടക്കുന്ന ഒരു പ്രക്രിയ എന്ന നിലയിലാണ് അവിടെ എഴുതിയിരിക്കുന്നത്. അത് ഒരിക്കലും ഭൂതകാലമാവുന്നില്ല. തുടർമാനമായി ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു എന്ന ആ വെളിപ്പാടിൽ എന്റെ

**"ദൈവത്തിന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്ന സത്യം ഒന്നാമതായി ദൈവം എനിക്കു കാണിച്ചുതന്നു. മാത്രമല്ല, എന്നെ കഴുകി ശുദ്ധീകരിച്ചവൻ അതേ വിശുദ്ധിയിൽ എന്നെ സൂക്ഷിക്കാനും ശക്തനാണ് എന്ന് എനിക്കു ബോദ്ധ്യമായി.അതോടെ അവിടുത്തെ സംരക്ഷണയിൽ ഞാൻ എന്നെ ഏല്പിച്ചു കൊടുത്തു".**

ഹൃദയം സന്തോഷം കൊണ്ടു തുള്ളിച്ചാടുകയായിരുന്നു.എനിക്ക് അവാച്യമായിരുന്നു ആ അനുഭവം.ഒരു ജലധാരയിലേക്കു വന്നു കഴുകൽ പ്രാപിച്ചു പോകുന്ന അനുഭവമല്ല മറിച്ച് എന്നേക്കുമുള്ള ഒരു കഴുകലിനായി ജലധാരയിൽത്തന്നെ വസിക്കുന്ന ഒരനുഭവം".

തന്റെ ജീവിതാന്ത്യത്തോടടുത്ത് 1873 ൽ ദൈവം നൽകിയ ആ അനുഭവം എത്ര വലിയ അനുഗ്രഹമായിരുന്നെന്നു ഫ്രാൻസെ മിക്കപ്പോഴും പറഞ്ഞിരുന്നു. "1873 ഡിസംബർ രണ്ടിന് ദൈവം നൽകിയ ആ അനുഭവം ഒരു കൈത്തെറ്റായി സംഭവിച്ചതല്ല. എന്റെ മാനസാന്തരത്തിന്റെ നാളുകളിൽ നിന്ന് എത്ര വിഭിന്നമായ ഒന്നായിരുന്നു! അതോടെ ഞാനെപ്പോഴും സന്തോഷവതിയായി. വലിയ സമാധാനത്തിനുടമയായി."

അവസാനനാളുകളിൽ ആരോഗ്യം തീരെ ക്ഷയിച്ചപ്പോൾ, ഭൗതികമായ നഷ്ടങ്ങൾ ഉണ്ടായപ്പോൾ പതറാതെ സന്തോഷിക്കുവാൻ അവൾക്കു കഴിഞ്ഞു. അവളുടെ പുസ്തകങ്ങളുടെ റോയൽറ്റി പ്രസാധകർ നൽകാതെ വന്നു.തീ പിടിത്തത്തിൽ

തന്റെ സംഗീതശേഖരത്തിലെ അമൂല്യമായ പല റെക്കോർഡുകളും കത്തി നശിച്ചു.ഇതിനിടയിലൊക്കെയും മങ്ങാത്ത സന്തോഷം നിറഞ്ഞു കവിയുന്ന സമാധാനം അവൾ അനുഭവിച്ചറിഞ്ഞു. എല്ലാ പ്രതികൂലങ്ങളും ദൈവോദ്ദേശ്യം നിറവേറ്റുന്നു എന്ന പാഠവും പരിശുദ്ധാത്മാവു പകർന്നു കൊടുത്തു.

ഫ്രാൻസെയുടെ ജീവിതം വളരെ ഉന്നതമായ തലത്തിലേക്ക് ഉയരുകയായിരുന്നു.എവിടെയൊക്കെ പോയാലും എത്തുന്നിടത്തെല്ലാം ശുശ്രൂഷയിൽ സമർപ്പിതമായ ജീവന്റെ ശക്തി ഉണ്ടായിരുന്നു.ആത്മശക്തി നിറഞ്ഞ വാക്കുകൾ. 1874 ഫെബ്രുവരി നാലിന് ആയിരുന്നു സമ്പൂർണ്ണസമർപ്പണത്തിന്റേതായ ആ വരികൾ ‘സ്വീകരിക്കേൻ ജീവനെ’ തന്റെ തൂലികയിൽ നിന്നുതിർന്നത്. ആ സന്ദർഭം അവൾ ഇങ്ങനെ വിവരിക്കുന്നു: 10 അംഗങ്ങളുള്ള ഒരു കുടുംബത്തെ സന്ദർശിക്കുകയായിരുന്നു. അതിൽ ചിലർ മാത്രമേ യേശുവിനെ അറിഞ്ഞിരുന്നുള്ളൂ. വളരെ പ്രാർത്ഥനകൾക്കുശേഷവും മറ്റുള്ളവർക്കു മാനസാന്തരാനുഭവം ഉണ്ടായിരുന്നില്ല.

ഇനി ഫ്രാൻസെയുടെ സ്വന്തം വാക്കുകൾ:‘കർത്താവുതന്നെ എനിക്കൊരു പ്രാർത്ഥന തന്നു. ഈ ഭവനത്തിലേതെല്ലാം എനിക്കു നൽകണമെ’ അവിടുന്ന് അങ്ങനെ തന്നെ ചെയ്തു. ഞാൻ ആ ഭവനത്തിൽ നിന്നു തിരികെ പോരുംമുമ്പെ കർത്താവ് എല്ലാവരേയും സ്പർശിച്ചു. ആ രാത്രി ഉറക്കം വളരെ മധുരതരമായിരുന്നു. രാത്രി മുക്കാൽ ഭാഗവും സ്തുതികളും സമർപ്പണത്തിന്റെ ഏറ്റുപറച്ചിലുകളുമായി ഞാൻ കഴിച്ചു. ഹൃദയത്തിൽ കർത്താവ് ഒരു പാട്ടു തന്നു. അത് അവസാനിക്കുന്നതിങ്ങനെ:

“എല്ലാം, എന്നേക്കും, നിനക്കായ്,”

തന്റെ പാട്ടു പോലെ തന്നെയായിരുന്നു തന്റെ ജീവിതവും. ആത്മീയകീർത്തനങ്ങളല്ലാതെ മറ്റൊന്നും പാടുവാൻ അവൾ തന്റെ നാവിനെ ഉപയോഗിച്ചില്ല. അവളുടെ ശബ്ദം പോലെ തൂലികയും “എല്ലായ്പ്പോഴും അവളുടെ രാജാവിനു വേണ്ടി മാത്രം” ആയിരുന്നു. വീട്ടിലായിരിക്കുമ്പോഴും ആളുകളുടെ മദ്ധ്യേ ആയിരിക്കുമ്പോഴും യേശുവിനെക്കുറിച്ചു മാത്രം പാടി, എഴുതി. അതു വളരെ ആളുകളെ സ്വാധീനിക്കുവാൻ ഇടയായി. നാലുവർഷങ്ങൾക്കുശേഷം ഫ്രാൻസെ അവളുടെ ഒരു സുഹൃത്തിന് കർത്താവ് അടുത്ത പടിയായി എന്തു ചെയ്യണമെന്നു കാണിച്ചു കൊടുത്തതും അവൾ സന്തോഷത്തോടെ അനുസരിച്ചതും എങ്ങനെ എന്നെഴുതി: “സ്വീകരിക്കേൻ സമ്പത്തും എന്റെ പൊന്നും വെള്ളിയും”.അവൾ തന്റെ പ്രഭിതുല്യമായ ആഭരണപേടകവും അതിലേതെല്ലാം സഭയുടെ മിഷനറി പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചു. തന്റെ സമയവും സമ്പത്തും കർത്താവിനുള്ളതായി അവൾ കരുതി. അവൾ പറഞ്ഞു: ‘ചിലപ്പോൾ വീഴ്ച സംഭവിക്കാറുണ്ട്. എങ്കിലും ഞാൻ ചെലവഴിക്കുന്ന ഓരോ നാണയവും കർത്താവിന്റേതാണെന്ന ബോധത്തോടെ തന്നെ ചെലവഴിക്കുന്നു. നേരിട്ടല്ലെങ്കിലും ആണെങ്കിലും അവനുവേണ്ടിത്തന്നെ ചെലവഴിക്കുന്നു.”

തനിക്ക് എഴുതാനുള്ള കഴിവു നൽകിയതു കർത്താവാണെന്ന് അവൾക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. എങ്കിലും തന്റെ പാട്ടുകളെ അനുസ്മരിക്കുമ്പോൾ ഓരോ പാട്ടുകളും മാത്രമല്ല അതിലെ ഓരോ വരിയും കർത്താവു തന്നു എന്ന് അവൾ എടുത്തു പറയാറുണ്ട്. “എഴുത്ത് എന്നെ സംബന്ധിച്ച് ഒരു പ്രാർത്ഥനയാണ്. ഓരോ വരിയിലേക്കും നോക്കിയിട്ട്“ ഇനി ഞാൻ എന്തുപറയേണ്ടു?” എന്നായിരിക്കും ഞാൻ തുടർന്നു പറയുക. ഓരോ വരിയും എന്റെ ചിന്തയിലേക്ക്, ഓരോ പദവും ചേർച്ചയ്ക്കനുസരിച്ച് അവിടുന്നു

*ശേഷം പേജ് 37 ൽ*





**ചിന്തയ്ക്ക്**

# ഇന്ത്യയിലെ സ്ത്രീധന സമ്പ്രദായം

സാക് പുന്നൻ

എല്ലാ സഭാവിഭാഗങ്ങളിലുള്ള ക്രിസ്ത്യാനികൾ, തങ്ങളുടെ ആൺമക്കളുടെ വിവാഹം ഉറപ്പിക്കുന്നതിന് മുമ്പായി സ്ത്രീധനം ആവശ്യപ്പെടുന്നത് സാധാരണമായിരിക്കുന്നു എന്നത് ദൗർഭാഗ്യകരമാണ്. വിവാഹത്തെ ഇത് ഒരു ബിസിനസ്സും വിലപേശലുമായി തരം താഴ്ത്തിയിരിക്കുകയാണ്. ആത്മീയ അന്ധതയിൽ, അത്യാഗ്രഹത്തിൽ നിയന്ത്രിക്കപ്പെടുന്ന അവിശ്വാസികൾ ഈ സമ്പ്രദായം പിൻപറ്റുന്നത് നമുക്ക് മനസ്സിലാക്കാം. എന്നാൽ ഭൂരിഭാഗം വിശ്വാസികളും -ആത്മനിറവ് പ്രാപിച്ചെന്ന് അവകാശപ്പെടുന്നവർ പോലും-ഈ സമ്പ്രദായം തുടരുമ്പോൾ നാം എന്ത് പറയേണ്ടൂ? നിശ്ചയമായും സാത്താൻ അവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നു.

ആൺകുട്ടിയുടെ മാതാപിതാക്കൾ നിർബന്ധപൂർവ്വം ആവശ്യപ്പെടുന്ന ഭാരിച്ച സ്ത്രീധനം കൊടുത്തുതീർക്കുവാൻ കഴിയാതെ അനേക വിവാഹബന്ധങ്ങൾ തകർന്നിട്ടുണ്ട്. ഈ കാരണത്താൽ തന്നെ നമ്മുടെ രാജ്യത്തുള്ള അനേകം പെൺകുട്ടികൾ മാനസികവ്യഥയിലേക്കും കടുത്ത നിരാശയിലേക്കും തള്ളപ്പെട്ടിരിക്കുന്നു-ചിലർ ആത്മഹത്യ ചെയ്തു കഴിഞ്ഞു. കൂടുതൽ സ്ത്രീധനം തന്റെ പിതാവിൽ നിന്ന് വാങ്ങിക്കൊണ്ടുവരുവാനുള്ള ഭർത്താവിന്റെ നിർബന്ധവും പീഡനവും സഹിക്കുവാൻ കഴിയാതെ ഏതെങ്കിലുമൊരു ഭാര്യ ഇന്ത്യയിലെവിടെയെങ്കിലും, ഓരോ ദിവസവും ആത്മഹത്യചെയ്യുന്നു.

സാമ്പത്തിക വിലപേശലിനുള്ള ഉപാധിയായി വിവാഹത്തെ മാറ്റുന്ന എല്ലാവരെയും ദൈവം കഠിനമായി ന്യായം വിധിക്കും. വീണ്ടും ജനനം പ്രാപിച്ചു എന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ, ദൈവഭവനത്തിൽ തന്നെയാണ്, ഈ ന്യായവിധി ആരംഭിക്കുക. ഇന്നും ക്രിസ്തീയ സഭകളിൽ വ്യാപകമായി പ്രചാരത്തിലുള്ള ഈ ദുഷ്ട സമ്പ്രദായത്തിനെതിരെ പലവിശ്വാസികളും സംസാരിക്കുകയോ നിലപാടെടുക്കുകയോ ചെയ്തിട്ടില്ല എന്നതിനാലാണ് ഇപ്രകാരം സംഭവിക്കുക. വക്രതയും കാപട്യവുമുള്ള ഈ ലോകത്തിൽ നേരോടെ ദൈവത്തിനുവേണ്ടി നിൽക്കേണ്ടവർ, വക്രതയുള്ളവരും കാപട്യക്കാരുമായി മാറുന്നത് ദുഖകരം തന്നെ. ദൈവത്തെ പ്രസാദിപ്പിക്കുവാൻ താത്പര്യമുള്ള ഒരു ക്രിസ്ത്യാനിയും ഒരിക്കൽപോലും സ്ത്രീധനം ചോദിക്കുകയോ സ്വീകരിക്കുകയോ ചെയ്യരുത്.

തങ്ങളല്ല, തങ്ങളുടെ മാതാപിതാക്കളാണ് സ്ത്രീധനം ആവശ്യപ്പെടുന്നത് എന്ന ഒഴികഴിവിന്റെ മറവിൽ രക്ഷപ്പെടുവാൻ ശ്രമിക്കുകയാണ് ചില സഹോദരന്മാർ. അവർ എന്തെങ്കിലും ബോധ്യങ്ങൾ ഉള്ളവരാണെങ്കിൽ, തങ്ങൾക്ക് സ്ത്രീധനമേ വേണ്ട എന്ന് ഉറപ്പോടെ മാതാപിതാക്കളോട് പറയാത്തത് എന്തുകൊണ്ടാണ്? അവരും രഹസ്യമായി ഈ

***സ്ത്രീധന സമ്പ്രദായം തെറ്റാണെന്ന ബോധ്യമുണ്ടെങ്കിൽ, സത്യത്തിനായി ഒരു നിലപാട് എടുത്തേ മതിയാവൂ. മറ്റു കാര്യങ്ങളിലെല്ലാം വ്യക്തമായ നിലപാടുകളോടെയും ചങ്കുറപ്പോടെയും തീരുമാനമെടുക്കുന്ന പല സഹോദരന്മാരും സ്ത്രീധനക്കാര്യം വരുമ്പോൾ, തങ്ങളുടെ മാതാപിതാക്കളോട് തങ്ങളുടെ ബോധ്യങ്ങൾ പങ്കുവയ്ക്കുന്നതിൽ നട്ടെല്ലില്ലാത്തവരെപ്പോലെ പെരുമാറുന്നത് ആശ്ചര്യകരം തന്നെ!***

പണത്തെ സ്നേഹിക്കുന്നു എന്നതാവാം കാരണം. സ്ത്രീധന സമ്പ്രദായം തെറ്റാണെന്ന ബോധ്യമുണ്ടെങ്കിൽ, സത്യത്തിനായി ഒരു നിലപാട് എടുത്തേ മതിയാവൂ.മറ്റു കാര്യങ്ങളിലെല്ലാം വ്യക്തമായ നിലപാടുകളോടെയും ചങ്കുറപ്പോടെയും തീരുമാനമെടുക്കുന്ന പല സഹോദരന്മാരും സ്ത്രീധനക്കാര്യം വരുമ്പോൾ, തങ്ങളുടെ മാതാപിതാക്കളോട് തങ്ങളുടെ ബോധ്യങ്ങൾ പങ്കുവയ്ക്കുന്നതിൽ നട്ടെല്ലില്ലാത്തവരെപ്പോലെ പെരുമാറുന്നത് ആശ്ചര്യകരം തന്നെ!

തങ്ങളുടെ വിദ്യാഭ്യാസത്തിനായി ഭീമമായ തുക ചെലവഴിച്ച മാതാപിതാക്കൾ പെൺകുട്ടിയുടെ മാതാപിതാക്കളിൽ നിന്നും സ്ത്രീധനം സ്വീകരിക്കുന്നത് തികച്ചും സ്വാഭാവികമാണ് എന്ന് പറയുന്ന സഹോദരന്മാരുണ്ട്. എന്നാൽ പെൺകുട്ടിയുടെ മാതാപിതാക്കളും പണം മുടക്കി ത്തന്നെയാണ് അവളെ പഠിപ്പിച്ചത്! വിദ്യാസമ്പന്നയായ ഒരു യുവതിയെ തനിക്ക് നൽകിയ അവളുടെ പിതാവിന് ഈ യുവാവ് പണം കൊടുക്കാത്തത് എന്തുകൊണ്ടാണ്?

സഹോദരിമാരുടെ വിവാഹത്തിനായി മാതാപിതാക്കൾക്ക് പണം ആവശ്യമായി വരും എന്നു പറഞ്ഞാണ് മറ്റു ചിലർ സ്ത്രീധനം ആവശ്യപ്പെടുന്നതിനെ ന്യായീകരിക്കുന്നത്. എന്നാൽ ഈ കാര്യത്തിൽ ദൈവത്തെ മാനിക്കുവാൻ ഉത്സാഹിക്കുന്ന ആരെയും അവിടുന്ന് കൈവിടുകയില്ല എന്നത് ഉറപ്പാണ്. നിങ്ങൾ ദൈവത്തെ മാനിച്ചാൽ, അവിടുന്ന് നിങ്ങളെയും മാനിക്കും (1 ശമു 2:30). നിങ്ങളുടെ സഹോദരിമാർക്ക് (പെൺമക്കൾക്കും) ഒട്ടും സ്ത്രീധനം കൊടുക്കാതെ തന്നെ നല്ല ഭർത്താക്കന്മാരെ ലഭിക്കും. ഇപ്രകാരം വിശ്വസിക്കുവാൻ കഴിയുന്നില്ല എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ, നിങ്ങളോട് കൂടുതലായി ഒന്നും എനിക്ക് പറയുവാനില്ല. പൂർണ്ണഹൃദയരായ ക്രിസ്ത്യാനികൾക്കു വേണ്ടി മാത്രമാണ് ഞാൻ ഇപ്പോൾ എഴുന്നത്.

"സന്തോഷത്തോടെ പിതാവ് തന്റെ മക്കൾക്ക് കൊടുക്കുന്ന സമ്മാനമായ ഈ പണം സ്വീകരിക്കുന്നതിൽ എന്താണ് തെറ്റ്?", എന്ന് ചിലർ ചേദിച്ചേക്കാം. അതിൽ തെറ്റ് ഒന്നും തന്നെ ഇല്ല. എന്നാൽ ദ്രവ്യാഗ്രഹത്തിന് മറയായി ഈ അനുവാദം ഉപയോഗിക്കുവാനായി ഏതെങ്കിലുമൊരു സഹോദരൻ മുതിരുന്നതിനു മുമ്പ്,താഴെ കൊടുത്തിട്ടുള്ള മൂന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം ആദ്യം നൽക്കട്ടെ:

1. ഈ വിവാഹം തീരുമാനിച്ചുറപ്പിക്കുന്നതിന് പണം ഏതെങ്കിലുമൊരു ഘടകമായിരുന്നോ? (ഏറ്റവും ചെറിയ തരത്തിലെങ്കിലും)?

2. വിവാഹത്തിനുമുമ്പോ, തീരുമാനിച്ചുറപ്പിച്ചശേഷമോ, നിങ്ങളോ നിങ്ങളുടെ പ്രതിനിധിയോ (പിതാവോ, ബന്ധുക്കളോ) പണം ചോദിക്കുകയോ, പെൺകുട്ടിയുടെ മാതാപിതാക്കളുടെ കൈവശം എത്ര പണമുണ്ടെന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ?





3. പെൺകുട്ടിയുടെ മാതാപിതാക്കളിൽ നിന്നു പണം ലഭിക്കുമെന്നുള്ള (പെൺകുട്ടിക്കോ, നിങ്ങൾക്കോ) രഹസ്യ പ്രതീക്ഷ നിങ്ങൾ വച്ചു പുലർത്തിയിരുന്നോ?

വളരെ നല്ല ഒഴികഴിവുകൾ കൊണ്ട് തെറ്റായ പ്രവൃത്തികളെ മൂടിവക്കുവാൻ ശ്രമിക്കുന്നു എങ്കിലും, ഈ ചോദ്യങ്ങൾ ഏതിനെങ്കിലുമുള്ള ഉത്തരം "അതെ" എന്നാണെങ്കിൽ, നിങ്ങൾ തീർച്ചയായും ദ്രവ്യാഗ്രഹത്തിന് ഇരയായിത്തീർന്നിരിക്കുന്നു.

ഇങ്ങനെയുള്ള സാഹചര്യങ്ങളിലാണ് ഒരു വിശ്വാസിയുടെ പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം എല്ലാവർക്കും വെളിപ്പെടുന്നത്. "ക്രിസ്ത്യാനികൾ എന്തൊക്കെ പ്രസംഗിച്ചാലും പണത്തിന്റെ കാര്യം വരുമ്പോൾ, മറ്റെല്ലാവരുടേയും മതം തന്നെയാണ് അവരുടേതും" എന്ന് നിരീശ്വവാദികൾ പോലും പറയാനിടയായതിൽ അത്ഭുതമില്ല.

ഇന്ത്യയിൽ കാണുന്ന ഈ സ്ത്രീധന സമ്പ്രദായത്തിന് വിപരീതമായ മറ്റൊരു സമ്പ്രദായമാണ് ചില സ്ഥലങ്ങളിൽ കണ്ടുവരുന്നത്. പെൺകുട്ടിയെ വിവാഹം കഴിക്കണമെങ്കിൽ, ആൺകുട്ടി അവളുടെ പിതാവിന് 'സ്ത്രീധനം' നൽകണം. ഏതു തരത്തിലുള്ള സ്ത്രീധനമാണെങ്കിലും, ഈ സമ്പ്രദായം ദൈവത്തിന് വെറുപ്പാണ്.

സ്ത്രീധനം സമ്പ്രദായത്തിനെതിരെയുള്ള ഈ ശക്തമായ നിലപാടിനോട് പലർക്കും പരിഭവം തോന്നിയേക്കാം. എന്നാൽ വിഗ്രഹാരാധനയെന്നാണ് വേദപുസ്തകം ദ്രവ്യാഗ്രഹത്തെ വിളിക്കുന്നത് (കൊലോ. 3:5) ദ്രവ്യാഗ്രഹത്തിൽ നിന്നുമാണ് ഈ സമ്പ്രദായം ഉടലെടുത്തത് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. ദൈവം വിഗ്രഹാരാധനയെ എത്രമാത്രം വെറുത്തിരുന്നു എന്ന് മനസ്സിലാക്കണമെങ്കിൽ, പഴയനിയമത്തിൽ വിഗ്രഹാരാധനക്കെതിരെയുള്ള ശക്തമായ താക്കീതുകൾ

***ഇന്ത്യയിൽ കാണുന്ന ഈ സ്ത്രീധന സമ്പ്രദായത്തിന് വിപരീതമായ മറ്റൊരു സമ്പ്രദായമാണ് ചില സ്ഥലങ്ങളിൽ കണ്ടുവരുന്നത്. പെൺകുട്ടിയെ വിവാഹം കഴിക്കണമെങ്കിൽ, ആൺകുട്ടി അവളുടെ പിതാവിന് 'സ്ത്രീധനം' നൽകണം. ഏതുതരത്തിലുള്ള സ്ത്രീധനമാണെങ്കിലും, ഈ സമ്പ്രദായം ദൈവത്തിന് വെറുപ്പാണ്. സ്ത്രീധനം സമ്പ്രദായത്തിനെതിരെയുള്ള ഈ ശക്തമായ നിലപാടിനോട് പലർക്കും പരിഭവം തോന്നിയേക്കാം. എന്നാൽ വിഗ്രഹാരാധനയെന്നാണ് വേദപുസ്തകം ദ്രവ്യാഗ്രഹത്തെ വിളിക്കുന്നത് .***

വായിച്ചാൽ മാത്രം മതിയാകും. വളരെ ശക്തമായ ഭാഷയിലാണ് പഴയ നിയമപ്രവാചകന്മാർ ഇതിനെതിരെ പ്രസംഗിച്ചത്.ദൈവം വെറുത്ത കാര്യങ്ങൾക്കെതിരെ സംസാരിക്കുമ്പോൾ അവർ മൃദുഭാഷികൾ ആയിരുന്നില്ല.

1975–ൽ ആരംഭിച്ചതുമുതൽ തുടർമാനമായി ഞാൻ ഉത്തരവാദിയായിരുന്ന ഞങ്ങളുടെ സഭ സ്ത്രീധനത്തിനെതിരെ പ്രസംഗിക്കുകയും നിലപാടെടുക്കുകയും ചെയ്തിട്ടുണ്ട്.

ഞാൻ മുകളിൽ എഴുതിയകാര്യങ്ങൾ അതേപടിതന്നെ എന്റെ വ്യക്തിപരമായ ജീവിതത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. എന്റെ വിവാഹ സമയത്ത് സ്ത്രീധനത്തെക്കുറിച്ചുള്ള ഒരു ചർച്ചയും അനുവദിക്കുവാൻ ഞാൻ സമ്മതിച്ചില്ല. എന്റെ നാല് ആൺമക്കളുടെ വിവാഹസമയത്തും സ്ത്രീധനത്തിനെതിരെ ഇതേ നിലപാടു തന്നെയാണ് ഞാൻ എടുത്തത്. അതുമാത്രമല്ല എന്റെ മക്കൾ വിവാഹം കഴിക്കുവാൻ പോകുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ സാമ്പത്തികസ്ഥിതി, ജോലി

***വിവാഹത്തിന് സമ്മതം മൂളുന്നതിന് മുമ്പ് നിങ്ങളുടെ മകന് ലഭിക്കേണ്ട സ്ത്രീധനത്തുക പെൺകുട്ടിയുടെ പിതാവിനോട് സംസാരിച്ച് ഉറപ്പിക്കുന്നതിനായി യേശുവിനെ ക്ഷണിക്കുന്ന ചിത്രം ഭാവനയിൽ കാണുവാൻ കഴിയുമോ? ഇത്തരം കാര്യത്തിൽ വിലപേശുവാനായി യേശുവിനെ ഒരിക്കലും കിട്ടുകയില്ല എന്ന് നിങ്ങൾക്ക് നന്നായി അറിയാം.സ്ത്രീധനം പ്രതീക്ഷിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് തെറ്റാണെന്ന് മനസ്സിലാക്കുവാൻ ഇത് മാത്രം മതിയാകും.***

ചെയ്ത് പണമുണ്ടാക്കുവാൻ തക്ക വിദ്യാഭ്യാസ യോഗ്യതയുള്ളവരാണോ ആ പെൺകുട്ടികൾ ഇത്യാദി കാര്യങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ ഒരിക്കൽ പോലും ശ്രമിച്ചില്ല. നിർഭാഗ്യകരമെന്നു പറയട്ടെ, തങ്ങളുടെ ആൺമക്കളുടെ വിവാഹവുമായി ബന്ധപ്പെട്ട് ഇപ്പോഴുള്ള മിക്ക വിശ്വാസികളും അതിതാത്പര്യത്തോടെ അന്വേഷിക്കുന്നത് ഇത്തരം കാര്യങ്ങളാണ്. പെൺകുട്ടികൾ കർത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യമാരും അവിടുത്തെ സ്നേഹിക്കുന്നവരുമാണോ എന്ന് കണ്ടെത്തുവാൻ മാത്രമാണ് ഞാൻ ഉത്സാഹിച്ചത്. എന്റെ ഈ ആഗ്രഹത്തെ ദൈവം മാനിച്ചതിൽ ഞാൻ അവിടുത്തോട് നന്ദിയുള്ളവനാണ്. ദൈവവേലയിൽ താങ്ങായിരിക്കുകയും തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവഭയമുള്ളവരായി വളർത്തുന്നതിൽ സഹായിക്കുകയും ചെയ്യുന്ന ദൈവഭക്തിയുള്ള ഭാര്യമാരെയാണ് ദൈവം അവർക്ക് നൽകിയത്.

ഞാൻ വിവാഹം നടത്തുമ്പോഴെല്ലാം തങ്ങളോ തങ്ങളുടെ മാതാപിതാക്കളോ സ്ത്രീധനം കൈമാറിയിട്ടില്ല എന്ന് എഴുതി ഒപ്പിട്ട രേഖ വരന്റെയും വധുവിന്റെയും കയ്യിൽ നിന്ന് കൈപ്പറ്റാറുണ്ട്. ഇരു കൂട്ടരും ഈ ദുഷ്പ്രവൃത്തിയുടെ ഗൗരവം മനസ്സിലാക്കുവാൻ വേണ്ടിയാണ് ഞാൻ അങ്ങനെ ചെയ്യാറുള്ളത്. സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ ആ വിവാഹം നടത്തുകയില്ല.അവർ എന്നെ വഞ്ചിച്ചാൽ ദൈവത്തിന് അവർ കണക്ക് കൊടുത്തുകൊള്ളും.

സ്ത്രീധനം പ്രതീക്ഷിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് സ്ത്രീധനം ചോദിക്കുന്നതുപോലെ തന്നെ തെറ്റായ കാര്യമാണ്. സ്ത്രീധനം സ്വീകരിക്കുന്നവരും പ്രതീക്ഷിക്കുന്നവരും ദ്രവ്യാഗ്രഹികളാണ്. ഇത്തരം "ക്രിസ്ത്യാനികൾ" സത്യസന്ധരായി തങ്ങളെത്തന്നെ "ജാതികൾ" എന്നാണ് വിളിക്കേണ്ടത്. തീർച്ചയായും അവർ യേശുക്രിസ്തുവിന്റെ അനുയായികൾ അല്ല.

വിവാഹത്തിന് സമ്മതം മൂളുന്നതിന് മുമ്പ് നിങ്ങളുടെ മകന് ലഭിക്കേണ്ട സ്ത്രീധനത്തുക പെൺകുട്ടിയുടെ പിതാവിനോട് സംസാരിച്ച് ഉറപ്പിക്കുന്നതിനായി യേശുവിനെ ക്ഷണിക്കുന്ന ചിത്രം ഭാവനയിൽ കാണുവാൻ കഴിയുമോ? ഇത്തരം കാര്യത്തിൽ വിലപേശുവാനായി യേശുവിനെ ഒരിക്കലും കിട്ടുകയില്ല എന്ന് നിങ്ങൾക്ക് നന്നായി അറിയാം.സ്ത്രീധനം പ്രതീക്ഷിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് തെറ്റാണെന്ന് മനസ്സിലാക്കുവാൻ ഇത് മാത്രം മതിയാകും.

സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും മാറ്റാരെങ്കിലും വാങ്ങുന്നതിന് സഹായിക്കുന്നതുമെല്ലാം താഴെ കൊടുത്തിരിക്കുന്ന 1961-ലെ സ്ത്രീധന നിരോധ നിയമ പ്രകാരം ഇന്ത്യയിൽ കുറ്റകൃത്യങ്ങളാണ്.

"ആരെങ്കിലും സ്ത്രീധനം കൊടുക്കുകയോ, വാങ്ങുകയോ, സ്ത്രീധനം കൊടുക്കുവാനോ വാങ്ങുവാനോ സഹായിക്കുകയോ ചെയ്താൽ, അവനോ/അവളോ അഞ്ചിൽ കുറയാതെ വർഷങ്ങൾ തടവുശിക്ഷ അനുഭവിക്കുകയും 15,000രൂപയിൽ കുറയാതെ സ്ത്രീധനത്തുകയ്ക്ക് തുല്യമായ സംഖ്യ പിഴ ഒടുക്കുകയും ചെയ്യേണ്ടതാണ്."

രാജ്യത്തെ നിയമങ്ങൾ പാലിക്കുവാനും ഈ കാര്യത്തിൽ ദൈവത്തെ മാനിക്കുവാനും മുൻകൈ എടുക്കേണ്ടത് സഭനേതാക്കന്മാരാണ്.ഈ ദുഷിച്ച സ്ത്രീധന സമ്പ്രദായത്തിനെതിരെ നിലപാടെടുക്കുവാൻ വിസ്സമ്മതമുള്ള സഭാനേതാവിന് ഒരിടത്തും സഭാനേതൃത്വത്തിൽ തുടരുവാൻ അവകാശമില്ല. ചില നേതാക്കന്മാർ രഹസ്യമായി സ്ത്രീധനം വാങ്ങുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തേക്കാം. എന്നാൽ അത്തരം കപടഭക്തരെ ദൈവം തന്റേതായ സമയത്ത് കൈകാര്യം ചെയ്തുകൊള്ളും.

വിവാഹത്തിന്റെയും വിരുന്നിന്റെയും യഥാർത്ഥമായ ചെലവിലേക്ക് പണം നൽകാവുന്നതാണ്.എന്നാൽ ഇതുപോലും ഇരുകൂട്ടരും തത്തുല്യമായി പങ്കിടുന്നതാണ് യുക്തം.അങ്ങനെ,ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ദൈവമുമ്പാകെ ഒരേ അന്തസ്സും മാന്യതയും കൈവരുവാൻ ഇടയാകും. ചിലർ, ചെലവേറിയ വിവാഹവും വിരുന്നും നടത്തുവാൻ ശേഷയുള്ളവരും മറ്റു ചിലർ അപ്രകാരം ശേഷിയില്ലാത്തവരും ആകാമെന്നതിനാൽ ഇപ്രകാരം തത്തുല്യമായി പങ്കിടുന്നതിനെ ഒരു പ്രമാണ മാക്കുവാൻ പറ്റില്ല.

വധുവിന്റെ മാതാപിതാക്കൾ തങ്ങളുടെ മകൾക്ക് പണം കൊടുക്കുന്നത് തികച്ചും അനുയോജ്യമാണ്. എന്നാൽ ഇത് അവളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ് ഉത്തമം. ഇതൊരു നിയമമല്ലെങ്കിലും ഒരു വിശ്വാസി വിവാഹശേഷം, സ്ത്രീധനം കൈപ്പറ്റി എന്ന പരാതിയും തന്മൂലമുണ്ടാകുന്ന തെറ്റായ സാക്ഷ്യവും ഒഴിവാക്കുവാനുള്ള ഒരു നിർദ്ദേശമാണ്.

***രാജ്യത്തെ നിയമങ്ങൾ പാലിക്കുവാനും ഈ കാര്യത്തിൽ ദൈവത്തെ മാനിക്കുവാനും മുൻകൈ എടുക്കേണ്ടത് സഭനേതാക്കന്മാരാണ്.ഈ ദുഷിച്ച സ്ത്രീധന സമ്പ്രദായത്തിനെതിരെ നിലപാടെടുക്കുവാൻ വിസ്സമ്മതമുള്ള സഭാനേതാവിന് ഒരിടത്തും സഭാനേതൃത്വത്തിൽ തുടരുവാൻ അവകാശമില്ല. ചില നേതാക്കന്മാർ രഹസ്യമായി സ്ത്രീധനം വാങ്ങുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തേക്കാം. എന്നാൽ അത്തരം കപടഭക്തരെ ദൈവം തന്റേതായ സമയത്ത് കൈകാര്യം ചെയ്തു കൊള്ളും.***

സ്ത്രീധനം സമ്പ്രദായം പോലെത്തന്നെ ഇന്ത്യയിൽ നിലനിൽക്കുന്ന മറ്റൊരു വലിയ തിന്മ, പൂർവ്വാർജ്ജിത സ്വത്തിനോടുള്ള ബന്ധത്തിൽ പെൺകുട്ടികളോടുള്ള മാതാപിതാക്കളുടെ സമീപനമാണ്. പല മാതാപിതാക്കളും അവരുടെ സമ്പത്തും ആസ്തികളും വിഭാഗിക്കുമ്പോൾ, ആൺമക്കൾക്ക് നൽകുന്നതിന്റെ തുല്യപങ്ക് പെൺമക്കൾക്ക് നൽകാറില്ല. സ്ത്രീധനം ചോദിക്കുന്നതും വാങ്ങിക്കുന്നതും തെറ്റാണെങ്കിൽ, തങ്ങളുടെ ആൺകുട്ടികൾക്ക് നൽകുന്ന സ്വത്തിന്റെ തത്തുല്യ പങ്ക് പെൺകുട്ടികൾക്ക് നൽകാത്തത് മാതാപിതാക്കൾ ചെയ്യുന്ന സമാനമായ വലിയ തെറ്റാണ്. ദൈവത്തിന്റെ കണ്ണിൽ, മാതാപിതാക്കളുടെ ആസ്തികൾക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും

***ദൈവം വിലക്കിയിരിക്കുന്ന ചില ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുകയില്ല എന്ന വളരെ ചെറിയ ഒരു കാര്യത്തിൽ, ബാബിലോണിൽ ദൈവത്തിനായി ഒരു നിലപാട് ദാനിയേൽ എടുത്തു. അത് വളരെ ചെറിയ ഒരു കല്പനയായിരുന്നു- എന്നാൽ വലിയ ദൈവം നൽകിയ ചെറിയ ഒരു കല്പനയായിരുന്നു അത്. ദാനിയേൽ ദൈവത്തെ മാനിച്ചതിനാൽ ദൈവം അവനെ മാനിച്ചു. ദൈവശബ്ദമായി നിൽക്കുവാൻ നാം യോഗ്യതയുള്ളവരാണോ എന്നറിയുവാൻ ചെറിയ കാര്യങ്ങളിൽ ദൈവം ഇന്ന് നമ്മെ പരീക്ഷിക്കുകയാണ്.***

തുല്യമായ അവകാശമാണ്. പെൺകുട്ടികൾക്ക് വേണ്ട പരിഗണന കൊടുക്കാതെ ആൺകുട്ടികളോട് പക്ഷപാതം കാണിക്കുന്ന ഏതൊരു പിതാവും ക്രിസ്ത്യാനി എന്ന് പേരെടുക്കുവാൻ യോഗ്യതയില്ലാത്ത അഭക്തനായ അപ്പനാണ്. ഒരു വിൽപത്രത്തിൽ എഴുതി തന്റെ മരണശേഷമോ അല്ലെങ്കിൽ അതിനുമുമ്പാണോ ഇത് കൊടുക്കുന്നത് എന്നതല്ല പ്രധാനം. തന്റെ ആൺമക്കളെ കരുതുന്നതുപോലെ തന്നെ പെൺമക്കളെയും കരുതുന്നു എന്ന് ഉറപ്പാക്കുകയാണ് വേണ്ടത്. സമാനമായ കരുതൽ ലഭ്യമാക്കിത്തരണമെന്ന് തന്റെ പിതാവിനോട് ചോദിക്കാൻ ഒരു മകൾക്ക് എല്ലാ അവകാശവുമുണ്ട്. മക്കൾ നല്ല ദാനങ്ങൾ പിതാവിനോട് ചോദിക്കുന്നത് ശരിയാണെന്ന് യേശുവും പഠിപ്പിച്ചിട്ടുണ്ട്. (മത്താ 7:9 -11)

യേശുക്രിസ്തു ഇന്ന് ഇന്ത്യയിലുണ്ടായിരുന്നു എങ്കിൽ, ഈ സ്ത്രീധന സമ്പ്രദായത്തെ നിഷ്കരുണം തള്ളിപ്പറയുമായിരുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ. യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു എന്ന് അവകാശപ്പെടുന്ന സഭാ നേതാക്കന്മാർ ഈ സമ്പ്രദായത്തെ തള്ളിപ്പറയുന്നില്ല. അവർ തന്നെ പണ സ്നേഹികളോ, സമ്പന്നരെ മുറിപ്പെടുത്താതിരിക്കുവാൻ ഉത്സാഹം കാണിക്കുന്നവരോ ആണ്.അല്ലെങ്കിൽ വിവാഹാലോചനയിലൂടെ കമ്മീഷൻ കൈപ്പറ്റുവാൻ കാത്തിരിക്കുന്നവരോ ആയിരിക്കാം. ഇതാണു കാരണം!

ഈയിടെ ഇന്ത്യയിലെ അക്രൈസ്തവനായ ഒരു സിനിമാനടൻ സ്ത്രീധനത്തിനെതിരെ സംസാരിച്ചിട്ടുണ്ട്. അമീർഖാൻ ഇങ്ങനെ എഴുതുന്നു.

“ഞാൻ പൂർണ്ണമായും സ്ത്രീധന സമ്പ്രദായത്തിന് എതിരാണ്.ഇത് ഒരു അധ:പതിച്ച ശീലം മാത്രമല്ല, നിയമവിരുദ്ധവും കൂടെയാണ്. ഇതിനെക്കുറിച്ച് ചിന്തിക്കുക-പണത്തിന്റെയും അത്യാഗ്രഹത്തിന്റെയും അടിസ്ഥാനത്തിൽ പണിയപ്പെടുന്ന ഒരു ബന്ധം അർത്ഥവത്തും ആകർഷകവും ആയിരിക്കുമോ?സ്വയമായി സന്തോഷകരമായ ഒരു ഭാവി തെരഞ്ഞെടുക്കുവാൻ തക്കവണ്ണം കഴിവും സ്വാതന്ത്ര്യബോധവും ഉള്ളവളായി നമ്മുടെ മകളെ നാം വളർത്തണം. എങ്കിൽ, തന്റെ ജീവിതത്തിന്റെ പൂർണ്ണതയ്ക്കായി അത്യാഗ്രഹിയും ഒന്നിനും കൊള്ളാത്തവനുമായ ഒരു വരനെ അവൾക്ക് ആവശ്യം വരികയില്ല. തന്നെ ബഹുമാനിക്കുന്ന ഒരു പുരുഷനെ അവൾ വിവാഹം കഴിക്കട്ടെ. തന്റെ തുടർന്നുള്ള ജീവിതം സന്തോഷത്തോടെ ഒരുമിച്ച് കഴിയുമാറ്, തനിക്ക് യോഗ്യനെന്ന് ബോദ്ധ്യമുള്ള ഒരു പുരുഷനെ അവൾ വിവാഹം കഴിക്കട്ടെ.”

[http://www.thehindu.com/opinion/columns/article3439626.ece]

ഇപ്പോൾ, അക്രൈസ്തവരായ സിനിമാതാരങ്ങൾ, “ ആത്മനിറവും, അന്യഭാഷയിൽ സംസാരിക്കുന്നവരുമായ” വിശ്വാസികളെ ഈ കാര്യത്തിൽ ലജ്ജിപ്പിക്കുകയാണ്! ന്യായവിധിനാളിൽ ഈ സിനിമാതാരങ്ങൾ എഴുന്നേറ്റ് കപടഭക്തിക്കാരായ





## നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ

വളരെ പണ്ട് യൂറോപ്പിലെ ഒരു മലയോരഗ്രാമത്തിലെ തന്റെ നാട്ടുകാർക്ക് എന്താണ് ഉചിതമായ സമ്മാനം നൽകേണ്ടതെന്ന് ഒരു ധനാഢ്യൻ ചിന്തിക്കുകയായിരുന്നു. ഒടുവിൽ അവർക്ക് മനോഹരമായ ഒരു ദേവാലയം പണികഴിപ്പിച്ചു നൽകാമെന്ന് അദ്ദേഹം തീരുമാനിച്ചു. പണി പൂർത്തിയാകും വരെ അതിന്റെ പ്ലാൻ ആരും കണ്ടിരുന്നില്ല. എല്ലാം രഹസ്യമായിരുന്നു. പണി തീർന്നപ്പോൾ ആളുകൾ അതിന്റെ മനോഹാരിതയെക്കുറിച്ച് ആശ്ചര്യം കൂറി. ഒടുവിൽ ആരോ ചോദിച്ചു: ‘ദേവാലയം മനോഹരം തന്നെ; പക്ഷേ വിളക്കുകൾ എവിടെ?’

ധനാഢ്യൻ പറഞ്ഞു:‘ വിളക്കുകൾ വയ്ക്കുവാനായി വിളക്കുതണ്ടുകൾ ദേവാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഓരോരുത്തരും ദേവാലയത്തിൽ വരുമ്പോൾ വീട്ടിൽ നിന്നു വിളക്കുകൾ കൊണ്ടുവരണം. അവ വിളക്കു തണ്ടിൽ സ്ഥാപിക്കണം. ഒരാൾ ഒരു ദിവസം വന്നില്ലെങ്കിൽ ആ ഭാഗം ഇരുണ്ടിരിക്കും. ഒരാളുടെ അലസത ദൈവത്തിന്റെ മന്ദിരത്തിൽ ഉണ്ടാക്കുന്ന ന്യൂനത എന്തെന്ന് അറിയുവാനാണ് ഈ സംവിധാനം’.

*നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. വിളക്ക് കത്തിച്ച് പറയിൻകീഴല്ല തണ്ടിന്മേലത്രെ വയ്ക്കുന്നത്. അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കും.* (മത്തായി 5:14,15)

എല്ലാ വിശ്വാസികളെയും കുറ്റം വിധിക്കും.

ഞാൻ ഉത്തരവാദിയായിരിക്കുന്ന സഭയെയും ബന്ധപ്പെട്ട സഭകളെയും ഇവിടെ ആക്കിയിരിക്കുന്നത് (മറ്റു ചില സഭകളും ഉണ്ടെന്ന് ഞാൻ പ്രത്യാശിക്കുന്നു), സത്യത്തിനുവേണ്ടി ഒരു ദീപസ്തംഭമായി നിലകൊണ്ട് ഈ കാര്യത്തിൽ ദൈവഹിതം ഉദ്ഘോഷിക്കുവാൻ വേണ്ടിയാണ്.

എളിയവരുടെ അവകാശങ്ങൾക്കായി സംസാരിക്കുവാൻ വേദപുസ്തകം നമ്മോട് കല്പിക്കുന്നു (സദൃശ 31:8,9). അനേകം നിസ്സഹായരായ പെൺകുട്ടികളുടെ ജീവിതത്തെ നശിപ്പിച്ച ഈ ദുഷിച്ച സ്ത്രീധന സമ്പ്രദായത്തിനെതിരെ നാം ഉറച്ച നിലപാടെടുക്കണം. തങ്ങളുടെ ആൺമക്കൾക്ക് കൊടുക്കുന്ന സ്വത്തിന്റെ തത്തുല്യമായ ഭാഗം പെൺകുട്ടികൾക്കും കൊടുക്കുവാനായി മാതാപിതാക്കളെ ഉത്സാഹിപ്പിക്കുവാനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്.

ലേവ്യപുസ്തകം 11-ാം അധ്യായത്തിൽ ദൈവം വിലക്കിയിരിക്കുന്ന ചില ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുകയില്ല എന്ന വളരെ ചെറിയ ഒരു കാര്യത്തിൽ, ബാബിലോണിൽ ദൈവത്തിനായി ഒരു നിലപാട് ദാനിയേൽ എടുത്തു. അത് വളരെ ചെറിയ ഒരു കല്പനയായിരുന്നു- എന്നാൽ വലിയ ദൈവം നൽകിയ ചെറിയ ഒരു കല്പനയായിരുന്നു അത്. ദാനിയേൽ ദൈവത്തെ മാനിച്ചതിനാൽ ദൈവം അവനെ മാനിച്ചു. ദൈവശബ്ദമായി നിൽക്കുവാൻ നാം യോഗ്യതയുള്ളവരാണോ എന്നറിയുവാൻ ചെറിയ കാര്യങ്ങളിൽ ദൈവം ഇന്ന് നമ്മെ പരീക്ഷിക്കുകയാണ്.

ഒരു പ്രവാചകശബ്ദമായി ഈ രാജ്യത്ത് നിലകൊള്ളുമാറ് ദൈവം നമ്മെ പരിപാലിക്കട്ടെ.

**മൊഴിമാറ്റം: സന്തോഷ് മാത്യു**

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## അപ്പോസ്തലപ്രവൃത്തികൾ

### അധ്യായം രണ്ട് (തുടർച്ച)

അപ്പോ. പ്രവൃത്തി2: 38-40ൽആദ്യത്തെ സുവിശേഷപ്രസംഗത്തിനുശേഷം ജനത്തിനു തങ്ങളുടെ പാപങ്ങളെക്കുറിച്ച് ബോധ്യം വന്നപ്പോൾ പത്രോസ് അവരെ ഇപ്രകാരം പ്രബോധിപ്പിച്ചു:'നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുവിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ'. പത്രോസ് നാലുകാര്യങ്ങളാണ് പ്രസംഗിച്ചത്- മാനസാന്തരം, ജലസ്നാനം (ഇവയിൽ പരോക്ഷമായി വിശ്വാസം ഉൾക്കൊള്ളുന്നു), പരിശുദ്ധാത്മസ്നാനം, ഈ ലോകത്തിന്റെ ആത്മാവിൽ നിന്നുള്ള വേർപാട്. ഇന്നത്തെ സുവിശേഷപ്രസംഗത്തിൽ ഈ നാലുകാര്യങ്ങളിലൊന്നുപോലും ഉൾപ്പെടുന്നില്ല. അതിനാലാണ് നമ്മുടെ സഭകളിൽ ധാരാളം അർധപരിവർത്തനം പ്രാപിച്ച വിശ്വാസികളുള്ളത്. ഇന്നത്തെ മിക്ക സുവിശേഷകന്മാരും മാനസാന്തരം പ്രസംഗിക്കുന്നില്ല; കാരണം,അത് അവർ പ്രസംഗിച്ചിരുന്നെങ്കിൽ രക്ഷ പ്രാപിച്ചുവെന്ന പേരിൽ കൈപൊക്കുവാൻ ഇത്രയധികം ആൾക്കാരെ കിട്ടുമായിരുന്നില്ല.അവരുടെ പിന്നാലെ പ്ലാറ്റ്ഫോമിൽ ഇരിക്കുന്ന, ശിശുസ്നാനം കൊടുക്കുന്ന മെത്രാന്മാർക്ക് നീരസമാവുമോ എന്നു പേടിച്ച് അവർ ആത്മസ്നാനവും പ്രസംഗിക്കാറില്ല-കാരണം അതു വളരെ 'പെന്തക്കോസ്ത്മയ' മായിക്കരുതപ്പെടാം. അവരിൽ അനേകരും പണസ്നേഹികളായതിനാൽ ഈ ലോകത്തിന്റെ ആത്മാവിൽ നിന്നു വേർപെടണം എന്നും അവർ പ്രസംഗിക്കുന്നില്ല!! പത്രോസ് ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ മാത്രം തൽപരനായിരുന്നതിനാൽ ദൈവത്തിന്റെ മുഴുവൻ ആലോചനയും പ്രസംഗിച്ചു. നാം പത്രോസിനെപ്പോലെ ആകണം.

*ചുറ്റിനടന്നു കണ്ണിൽക്കണ്ട എല്ലാവരേയും സൗഖ്യമാക്കുക എന്നതല്ല മറിച്ച് പിതാവിന്റെ ആലോചനപ്രകാരം വിടുതൽ നൽകുകയാണ് വേണ്ടത്.*








2:42 ൽ യേശുവിന്റെ ശരീരമായ സഭ പണിയപ്പെടാൻ അവസരം നൽകിയ ഭവനകൂട്ടായ്മയെപ്പറ്റി നാം വായിക്കുന്നു. രക്ഷിക്കപ്പെട്ടവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. അവർക്കു കൂടിവരുവാൻ കെട്ടിടങ്ങൾ ഇല്ലാതിരുന്നതിനാൽ അവർ വിവിധ ഭവനങ്ങളിൽ ചെറിയ കൂട്ടങ്ങളായി കൂടിവന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (2: 47). ദൈവമാണ് സഭയോട് ചേർക്കുന്നത്.വെള്ളം ചേർക്കാത്ത, പൂർണ്ണസുവിശേഷം പ്രസംഗിക്കണം എന്നതുമാത്രമാണ് നമ്മുടെ ഉത്തരവാദിത്തം.

### അധ്യായം മൂന്ന്

പത്രോസും യോഹന്നാനും ഒരുമിച്ചു പ്രവർത്തിക്കുന്നത് നാം 3: 1 ൽ കാണുന്നു.ഇതു പെന്തക്കോസ്തുദിനത്തിനു മുമ്പ് ഒരിക്കലും സംഭവിച്ചിട്ടില്ല.യോഹ. 21:21 ൽ യോഹന്നാനെപ്പറ്റിയുള്ള പത്രോസിന്റെ അഭിപ്രായം വായിച്ചാൽ അവർ കടകവിരുദ്ധമായ വ്യക്തിത്വമുള്ളവരും അന്യോന്യം മത്സരിക്കുന്നവരുമായിരുന്നുവെന്നു മനസ്സിലാക്കാം. യേശു അവരിൽ കാണുവാനാഗ്രഹിച്ച ഒരുമ ഇതായിരുന്നു. എങ്കിലും അവരിൽ പരിശുദ്ധാത്മാവ് അധിവസിച്ചിട്ടില്ലാഞ്ഞതിനാൽ അന്ന് ഈ ഒരുമ കാണുവാൻ സാധിച്ചില്ല.ആ ദിവസങ്ങളിൽ യോഹന്നാൻ എപ്പോഴും തന്റെ സഹോദരനായ യാക്കോബിനോടു കൂടെയായിരുന്നു.യേശുവിന്റെ അടുത്ത മൂന്നു ശിഷ്യന്മാരിൽ ഒരുവനായിരുന്നു പത്രോസ് എങ്കിലും യാക്കോബും യോഹന്നാനും പത്രോസിനെ പുറന്തള്ളുവാൻ ശ്രമിച്ചുകൊണ്ടിരുന്നു; കർത്താവിന്റെ ഭാവിരാജ്യത്തിൽ തന്റെ സിംഹാസനത്തിനിരുവശത്തുമായി രണ്ടു സീറ്റുകൾ തങ്ങൾക്കായി മാത്രം റിസർവ്വു ചെയ്യാൻ അവർ യേശുവിനോട് ആവശ്യപ്പെടുകയും ചെയ്തു. പരിശുദ്ധാത്മാവ് വന്നതിനാൽ ഇപ്പോൾ കാര്യങ്ങൾ വ്യത്യാസപ്പെട്ടു.ഇപ്പോൾ ആരും തങ്ങളുടെ സ്വന്തകാര്യം അന്വേഷിക്കുകയോ, തന്നെത്താൻ ഉയർത്തുകയോ ചെയ്യുന്നില്ല. ഇതുവരെ ഒരിക്കലും ഒരുമിച്ചു കൂട്ടായ്മ അനുഭവിക്കാഞ്ഞ പത്രോസും യോഹന്നാനും ഇപ്പോൾ ഒരുമിച്ചു പ്രാർത്ഥനയ്ക്കായി പ്പോകുന്നു. ഈ ഐക്യത്തിൽ ശക്തിയുണ്ട്.

***ഇന്നത്തെ മിക്ക സുവിശേഷകന്മാരും മാനസാന്തരം പ്രസംഗിക്കുന്നില്ല; കാരണം,അത് അവർ പ്രസംഗിച്ചിരുന്നെങ്കിൽ രക്ഷ പ്രാപിച്ചുവെന്ന പേരിൽ കൈപൊക്കുവാൻ ഇത്രയധികം ആൾക്കാരെ കിട്ടുമായിരുന്നില്ല.അവരുടെ പിന്നാലെ പ്ലാറ്റ്ഫോമിൽ ഇരിക്കുന്ന, ശിശുസ്നാനം കൊടുക്കുന്ന മെത്രാന്മാർക്ക് നീരസമാവുമോ എന്നു പേടിച്ച് അവർ ആത്മസ്നാനവും പ്രസംഗിക്കാറില്ല-കാരണം അതു വളരെ 'പെന്തക്കോസ്ത്മയ' മായിക്കരുതപ്പെടാം.***

അപ്പോസ്തലപ്രവൃത്തികൾ മൂന്നാം അധ്യായത്തിൽ മുടന്തനായ ഒരു മനുഷ്യൻ സൗഖ്യമായതിനെപ്പറ്റി നാം വായിക്കുന്നു. അവൻ 40 വയസ്സിലധികം പ്രായമുള്ളവനും ജന്മനാ മുടന്തനുമായിരുന്നു.

***പ്രാർത്ഥനയിലൂടെ ദൈവേഷ്ടം അന്വേഷിക്കാതെ നമ്മുടെ ബുദ്ധിയനുസരിച്ച് പ്രവർത്തിച്ചാൽ നാം ദൈവത്തിന്റെ പ്രവൃത്തിയെ തടസ്സപ്പെടുത്തും.അതിനാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ദൈവത്തിനായി എന്തെങ്കിലും സേവനം ചെയ്യുകയല്ല, ആദ്യം മറിയയെപ്പോലെ ദൈവശബ്ദം കേട്ടിട്ട് പിന്നെ അവിടുന്ന് കല്പിക്കുന്നതു ചെയ്യുകയാണെന്നാണ് യേശു മാർത്തയോട് പറഞ്ഞത്.***

'സുന്ദരം' എന്ന ദേവാലയഗോപുരത്തിൽ എന്നും അവനെ ഭിക്ഷയാചിക്കുവാൻ കൊണ്ടുവരും.

അവൻ അവിടെ കുറഞ്ഞത് 20 വർഷമായി എന്നും അവിടെ വന്നിരിക്കുമായിരുന്നു.യേശു കൂടെക്കൂടെ അവനെക്കണ്ടിരിക്കും.യേശു അവന് പണവും നല്കിയിരിക്കാം. എന്നാൽ അവിടുന്ന് അവനു സൗഖ്യം നൽകിയില്ല. എന്തുകൊണ്ട്? അവനു സൗഖ്യം നൽകുവാൻ പിതാവിൽ നിന്ന് അവിടുത്തേക്ക് ഒരു പ്രേരണ കിട്ടിയില്ല എന്നതു തന്നെ കാരണം.

യേശു ചുറ്റിനടന്നു കണ്ണിൽക്കണ്ട എല്ലാവരേയും സൗഖ്യമാക്കി എന്നു ചിലർ ചിന്തിക്കുന്നു. അങ്ങനെയല്ല. ഉദാഹരണത്തിന് യേശു ബെഥെസ്ദാ കുളക്കരയിൽ ചെന്നപ്പോൾ അവിടെ ധാരാളം രോഗികൾ കിടന്നിരുന്നു.പക്ഷേ ഒരേയൊരു പക്ഷവാതക്കാരനെ മാത്രമേ അവിടുന്നു സൗഖ്യമാക്കിയുള്ളു!

ഇതുപോലെ സുന്ദരം ദേവാലയഗോപുരത്തിൽ ഈ മുടന്തനെ യേശു ഇടയ്ക്കിടെ കണ്ടിരുന്നിരിക്കാം. എങ്കിലും യേശു അവനെ സൗഖ്യമാക്കിയില്ല. യേശു അവനെ സൗഖ്യമാക്കിയിരുന്നു എങ്കിൽ ഈ മനുഷ്യന്റെ രോഗശാന്തി മുഖാന്തരം പൊട്ടിപ്പുറപ്പെട്ട ഉണർവ്വ് (അപ്പൊ: പ്ര: 3, 4 അധ്യായങ്ങൾ) സംഭവിക്കുമായിരുന്നില്ല. പ്രാർത്ഥനയിലൂടെ ദൈവേഷ്ടം അന്വേഷിക്കാതെ നമ്മുടെ ബുദ്ധിയനുസരിച്ച് പ്രവർത്തിച്ചാൽ നാം ദൈവത്തിന്റെ പ്രവൃത്തിയെ തടസ്സപ്പെടുത്തും.അതിനാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ദൈവത്തിനായി എന്തെങ്കിലും സേവനം ചെയ്യുകയല്ല, ആദ്യം മറിയയെപ്പോലെ ദൈവശബ്ദം കേട്ടിട്ട് പിന്നെ അവിടുന്ന് കല്പിക്കുന്നതു ചെയ്യുകയാണെന്നാണ് യേശു മാർത്തയോട് പറഞ്ഞത്.പെന്തക്കോസ്ത് നാളിനുശേഷം പത്രോസിലൂടെ ആ മനുഷ്യൻ സൗഖ്യം പ്രാപിക്കുക എന്നതായിരുന്നു പിതാവിന്റെ സമയം. ഇത് നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു: നമുക്ക് ഒരു ആത്മീയ വരം ഉണ്ടെങ്കിലും ദൈവം നടത്തുന്നതുപോലെ മാത്രമേ അത് ഉപയോഗിക്കാവൂ — അല്ലാതെ നാം ഉത്തമമെന്നു ചിന്തിക്കുന്നതുപോലെയല്ല. അല്ലെങ്കിൽ നാം ദൈവികോദ്ദേശ്യങ്ങളെ തടസ്സപ്പെടുത്തും. ഇത് ഇക്കാലത്ത് ആര് മനസ്സിലാക്കുന്നു?

മിക്ക വിശ്വാസികളും പരിശുദ്ധാത്മാവുമായി നല്ല ബന്ധത്തിലല്ല. നിങ്ങൾ പെന്തക്കോസ്തരോ അല്ലയോ എന്നതിനെ അടിസ്ഥാനമാക്കി "എല്ലാവർക്കും അത്ഭുതരോഗശാന്തി ലഭിക്കും" എന്നോ "ആർക്കും അത്ഭുതരോഗശാന്തി ലഭിക്കയില്ല" എന്നോ ഉള്ള പ്രമാണങ്ങളാൽ ജീവിക്കുന്നു. യേശു ഈ പ്രമാണത്താലല്ല, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലാണ് ജീവിച്ചത്.ഈവക പ്രമാണങ്ങളനുസരിച്ചു ജീവിക്കുന്നവർ നിയമവാദികളാണ്. അവർക്ക് ദൈവേഷ്ടം നിറവേറ്റാൻ ഒരിക്കലും കഴിയുകയില്ല. യേശു പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടിരുന്നു — പരിശുദ്ധാത്മാവ് ഈ മനുഷ്യനെ സൗഖ്യമാക്കുവാനുള്ള ആത്മനിയോഗം ഒരിക്കലും യേശുവിന് കൊടുത്തില്ല.അതിനാൽ ഓരോ സന്ദർഭത്തിലും യേശു അവനെ കടന്നുപോകുമ്പോൾ അവന് പണം മാത്രം കൊടുത്തു.അങ്ങനെ യേശു ദൈവേഷ്ടം നിറവേറ്റി.പിന്നീട് പത്രോസ് ആ വഴി പോയപ്പോൾ ഈ മനുഷ്യൻ പത്രോസിനോട് ഭിക്ഷ യാചിച്ചു. അപ്പോൾ പത്രോസ്: "എന്റെ പക്കൽ നിനക്കു തരുവാൻ പണമില്ല; പക്ഷേ യേശുവിന്റെ നാമത്തിൽ എഴുന്നേൽക്ക" എന്നു പറഞ്ഞു. തൽഫലമായി 5000 പേർ രക്ഷ പ്രാപിച്ചു.യേശു മൂന്നര വർഷം പരിശുദ്ധാത്മാവിനെ അനുസരിച്ച് ഈ മനുഷ്യനെ സുഖമാക്കാതിരുന്നതിനാൽ 5000 പേർ വീണ്ടുംജനനാനുഭവത്തിലേക്കു വരുവാനിടയായി.

പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് കൂടാതെ എന്റെ "സ്വന്തബുദ്ധിയിൽ ഞാൻ ചാരുകയാണെങ്കിൽ" (സദൃ. 3:5) ഞാൻ ദൈവവേലയ്ക്ക് വലിയ തടസ്സമായിത്തീരും.ഇതു വലിയൊരു മുന്നറിയിപ്പാണ്. ഞാൻ ചെയ്യുന്നത് നല്ല വേലയായിരിക്കാം.(ഒരു മുടന്തനെ സൗഖ്യമാക്കന്നതിനെക്കാൾ വലിയ നന്മ എന്താണ്?) എങ്കിലും അത് ദൈവികപദ്ധതികൾക്ക് തടസ്സമായിത്തീരാം.ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല.ബുദ്ധിമാനായ മനുഷ്യൻ — നിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവൻ — ദൈവികോദ്ദേശ്യങ്ങൾക്കു തടസ്സമായിരിക്കും.നീതിയുള്ള പ്രമാണങ്ങളും നിയമങ്ങളുമനുസരിച്ച് ജീവിക്കുന്ന അനേകം ക്രിസ്ത്യാനികളും ദൈവവേലയ്ക്ക് ഏറ്റവും വലിയ തടസ്സമാണ്.പരിശുദ്ധാത്മാവിനു ചെവി കൊടുക്കുന്ന മനുഷ്യനാണ് ദൈവത്തിന് ഏറ്റവും പ്രയോജനമുള്ളവൻ.

### അധ്യായം നാല്

അപ്പോ: പ്ര: 4:8-ൽ പത്രോസ് രണ്ടാമതൊരിക്കൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞതായി നാം വായിക്കുന്നു.4:31-ൽ വീണ്ടും മൂന്നാംപ്രാവശ്യം പത്രോസ് ആത്മനിറവുള്ളവനായതായി പ്രസ്താവിച്ചിരിക്കുന്നു. അപ്പോ: പ്രവൃത്തി 2-നും 4-നും ഇടയ്ക്ക് മൂന്നുപ്രാവശ്യം പത്രോസ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിത്തീർന്നു.പരിശുദ്ധാത്മനിറവ് വീണ്ടും വീണ്ടും നമുക്കുണ്ടാകേണ്ട ഒരനുഭവമാണെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു.നാം ആത്മാവിൽ നിറഞ്ഞുകൊണ്ടേയിരിക്കണം.ഇന്നലത്തെ നിറവ് ഇന്നത്തേക്കു പോരാ.പണ്ട് ആത്മാവിൽ നിറഞ്ഞുവെന്ന് അവകാശപ്പെടുന്ന പലരും ഇന്ന് മരുഭൂമി പോലെ ശുഷ്കിച്ച അവസ്ഥയിലെത്തിയിരിക്കുന്നു.അവർക്ക് അനേകവർഷങ്ങൾക്കു മുമ്പ് തങ്ങൾ നിറവ് പ്രാപിച്ച തീയതി പറയുവാൻ മാത്രമേ കഴിവുള്ളു. നമ്മിലൂടെ ജീവജലനദികൾ എപ്പോഴും ഒഴുകണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

***യേശു ചുറ്റിനടന്നു കണ്ണിൽക്കണ്ട എല്ലാവരേയും സൗഖ്യമാക്കി എന്നു ചിലർ ചിന്തിക്കുന്നു. അങ്ങനെയല്ല. ഉദാഹരണത്തിന് യേശു ബെഥെസ്ദാ കുളക്കരയിൽ ചെന്നപ്പോൾ അവിടെ ധാരാളം രോഗികൾ കിടന്നിരുന്നു.പക്ഷേ ഒരേയൊരു പക്ഷവാതക്കാരനെ മാത്രമേ അവിടുന്നു സൗഖ്യമാക്കിയുള്ളു!***

2:23-ൽ കണ്ട പദപ്രയോഗം നാം 4:28 ൽ വീണ്ടും കാണുന്നു.— "നിന്റെ കൈയും നിന്റെ ആലോചനയും മുൻനിയമിച്ചത് ഒക്കെയും ചെയ്തിരിക്കുന്നു." മതാധികാരികൾ അവരെ അടിച്ചപ്പോൾ അവർ വീണ്ടും പറഞ്ഞു:"കർത്താവേ, ഇതും അങ്ങയുടെ മുൻ നിർണ്ണയിച്ച പദ്ധതി പ്രകാരമാണ്."

**മൊഴിമാറ്റം: സാലിജോസ്**

(തുടരും)

❖



ജീവമൊഴികൾ

സഹോദരിമാരോട്

# സ്ത്രീയേ നീ കരയുന്നതെന്ത്?

ആനി പുന്നൻ

### അദ്ധ്യായം രണ്ട്
### നിങ്ങളുടെ കാന്തനായ ദൈവം

'നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ്;സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം;യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ; സർവ്വഭൂമിയുടെയും ദൈവം എന്ന് അവൻ വിളിക്കപ്പെടുന്നു'(യെശ. 54:5).

എന്റെ ഒരു സ്നേഹിതയുടെ ഭർത്താവ് പെട്ടെന്നുണ്ടായ അപകടത്തിൽപ്പെട്ട് മരിച്ചുപോയി.മദ്യപിച്ച് വാഹനമോടിച്ചു കൊണ്ടുപോയ ഒരു ഡ്രൈവറുടെ അശ്രദ്ധ കാരണം ആ വാഹനം അയാളെ ഇടിച്ചു വീഴ്ത്തുകയാണ് ഉണ്ടായത്.അയാൾ ഒരു പ്രാർത്ഥനായോഗത്തിനു പോകുമ്പോഴാണ് ഈ സംഭവമുണ്ടായത്. ചെറുപ്പക്കാരിയായ തന്റെ ഭാര്യയോട് ഒന്നു വിട പറയുവാൻ പോലും അയാൾക്കു കഴിഞ്ഞില്ല.

എന്റെ വേറൊരു സ്നേഹിതയുടെ ഭർത്താവ് ചുരുക്കം ചില നാളുകൾ രോഗബാധിതനായിക്കഴിഞ്ഞശേഷം മരിച്ചുപോയി.മരണം ക്ഷണിക്കപ്പെടാത്ത അതിഥിയായി ഓരോ വീട്ടിലേക്കും കടന്നു വരുന്നു. തനിക്കു പ്രിയപ്പെട്ട വ്യക്തിയുടെ മരണത്തിൽ ദുഃഖിക്കുന്ന ആൾക്കു മാത്രമേ താൻ അനുഭവിക്കുന്ന മനോവേദനയും, ഏകാന്തതയും എത്ര കഠിനമാണെന്നു മനസ്സിലാകുകയുള്ളു.ഉദാഹരണത്തിനു മരിച്ചുപോയ ഭർത്താവിനെക്കുറിച്ചുള്ള ഓർമ്മകൾ ഭാര്യയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.സന്തോഷപ്രദമായിരുന്ന അവരുടെ ജീവിതം ഒരിക്കൽകൂടി ഭർത്താവിനോടൊപ്പം ആസ്വദിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു അവൾ ആശിച്ചുകൊണ്ടേയിരിക്കുന്നു. പക്ഷേ അതിനിയും ഒരിക്കലും തിരിച്ചുകിട്ടുകയില്ലല്ലോ.പകൽ സമയങ്ങളിൽ പൊഴിക്കുന്ന കണ്ണീരും, രാത്രികളിൽ അണപൊട്ടി ഒഴുകുന്ന ദുഃഖവും ആണ് അവളുടെ കഠിനവ്യഥയ്ക്ക് ഒരാശ്വാസം പകരുന്നത്.

നാം പൊഴിക്കുന്ന കണ്ണീർക്കണങ്ങളെ കർത്താവ് ശ്രദ്ധിക്കുന്നു എന്ന് വേദപുസ്തകം പറയുന്നു.'രാത്രിയിൽ ഞാൻ അസ്വസ്ഥനായി കിടക്കയിൽ കിടന്നുരുളുന്നത് നീ കാണുന്നു. എന്റെ കണ്ണുനീരെല്ലാം നീ ശേഖരിച്ചു നിന്റെ തുരുത്തിയിൽ സൂക്ഷിച്ചിരിക്കുന്നു! എന്റെ ഓരോ കണ്ണുനീർത്തുള്ളിയും നിന്റെ പുസ്തകത്തിൽ നീ രേഖപ്പെടുത്തിയിരിക്കുന്നു.' (സങ്കീ. 56: 8-ലിവിങ് ബൈബിൾ പരിഭാഷ)

ഒരു ദൈവമകളുടെ ഭർത്താവ് കർത്തൃസന്നിധിയിലേക്കു കടന്നുപോയ അതേ മാസം തന്നെ അവൾ താഴെക്കൊടുത്തിരിക്കുന്ന ലേഖനം വായിക്കുവാൻ ഇടയായി. ഞാൻ അവളെ കണ്ടുമുട്ടിയ വേളയിൽ ആ ലേഖനം മുഖാന്തരം അവൾ ദൈവ





ത്തിൽ എത്ര വലിയ സമാധാനം കണ്ടെത്തിയിരിക്കുന്നു എന്നെനിക്കു മനസ്സിലായി.

"കുറച്ചു ദിവസങ്ങളോ, മാസങ്ങളോ മുൻപുവരെ ബലവാനും, ജ്ഞാനിയുമായ ഒരു ഭർത്താവിന്റെ സാമിപ്യം അനുഭവിച്ചിരുന്ന ഒരു സ്ത്രീ ഇന്ന് ഇവിടെ ഉണ്ടായിരിക്കാം.അന്ന് അവൾ ഉത്തരവാദിത്തബോധത്തിൽ നിന്നും ചിന്താകുലങ്ങളിൽ നിന്നും സ്വതന്ത്രയായിരുന്നു.കഴിഞ്ഞ കാലമത്രെയും അദ്ദേഹം അവളുടെ എല്ലാ ഭാരങ്ങളും വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹവാസം മൂലം ജീവിതം വളരെ തെളിമയും സന്തോഷവും ഉള്ളതായിരുന്നു. പക്ഷേ ഒരു ഇരുണ്ടദിനത്തിൽ ആ പ്രിയപ്പെട്ടവൻ കടന്നുപോയി,. ഇന്ന് ജീവിതം എത്ര ഏകാന്തവും, ഫലശൂന്യവും, ഭാരമേറിയതും, ഉത്കണ്ഠ നിറഞ്ഞതും ആയിത്തീർന്നിരിക്കുന്നു!

നിങ്ങൾ ഇത്തരത്തിലുള്ള ഒരു സ്ത്രീയാണെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക.ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഭർത്താക്കന്മാരിൽ വച്ച് ജ്ഞാനം, ശക്തി, സ്നേഹം എന്നിവയിൽ ഏറ്റവും മുന്തിനില്ക്കുന്ന ഒരുവനെ ഓർത്തുനോക്കുക.അവനെക്കാളും അധികമായി ജ്ഞാനവും ശക്തിയും സ്നേഹവും ഉള്ള ഒരുവൻ ഇതാ, ഇന്ന് നിന്റെ അടുക്കൽ നില്ക്കുന്നുണ്ട്. നിന്നെ നയിക്കുവാനും, സഹായിക്കുവാനും അവൻ പ്രാപ്തനാണ്.നിന്റെ ജീവിതത്തിലെ സകല ഭാരങ്ങളും, ഉത്തരവാദിത്തങ്ങളും വഹിക്കുവാൻ അവൻ സന്നദ്ധനാണ്. അതേ, അതിലധികവും അവൻ ചെയ്യും. അവൻ നിന്റെ ഹൃദയത്തിൽ കടന്നുവന്ന് അവിടെ വസിക്കുവാൻ തയ്യാറാണ്. നിന്റെ ഹൃദയത്തിലെ ശൂന്യമായ, വേദന നിറഞ്ഞ എല്ലാ മൂലകളും നിറയ്ക്കുവാൻ അവനു കഴിയും. നിന്റെ ഏകാന്തതയും, മനോവേദനയും എന്നേക്കുമായി നീക്കിക്കളയുവാൻ അവൻ സന്നദ്ധനാണ്."

(എ. ഡബ്ലിയു. ടോസർ)

മറ്റൊരു സ്ത്രീയുടെ അനുഭവത്തെക്കുറിച്ച് പറയാം.മദ്യപനായ തന്റെ ഭർത്താവിനോടുകൂടെയുള്ള ജീവിതം അവൾക്ക് അസഹ്യമായിത്തീർന്നു.അവൾ തന്റെ സഹനശക്തിയുടെ നെല്ലിപ്പലക കണ്ടു. വിവാഹബന്ധം വേർപെടുത്തുവാൻ എല്ലാ സുഹൃത്തുക്കളും അവളെ ഉപദേശിച്ചു.താൻ എന്തുചെയ്യണമെന്ന് അവൾക്ക് അറിയില്ലായിരുന്നു. അവൾക്കു പോകുവാൻ വേറൊരു ഇടമില്ലായിരുന്നു.തനിക്ക് എന്നെങ്കിലും ഒറ്റയ്ക്ക് ഈ സാഹചര്യം കൈകാര്യം ചെയ്യുവാൻ കഴിയുമോ എന്ന് അവൾ സംശയിച്ചു.

നിങ്ങൾ ഇതുപോലെയുള്ള ഒരു സാഹചര്യം അഭിമുഖീകരിക്കുന്നുണ്ടോ? ഭർത്താവുമായി വേർപെടേണ്ടിവന്നതു മൂലമുള്ള ഏകാന്തത നിങ്ങൾ അനുഭവിക്കുന്നുണ്ടോ? പശ്ചാത്താപവും മനപ്രയാസവും കലർന്ന ഓർമ്മകൾ നിങ്ങളെ വേട്ടയാടുന്നുണ്ടോ?നിങ്ങളുടെ ഭാഗത്തു നിന്ന് കോപത്തോടുകൂടിയുള്ള പ്രതികരണങ്ങൾ ഒരിക്കലും ഉണ്ടാകാതിരുന്നെങ്കിൽ എന്നു നിങ്ങൾ ഇപ്പോൾ വിചാരിക്കുന്നുണ്ടോ?

നിങ്ങളുടെ മക്കളുടെ രക്ഷാകർത്താവായി നിങ്ങൾ ഒരാൾ മാത്രമേ ഇപ്പോൾ അവശേഷിച്ചട്ടുള്ളു എങ്കിൽപ്പോലും, കുഴപ്പം പിടിച്ച നൂലാമാലകളിൽപ്പെട്ട് നിങ്ങൾ വലയുകയാണെങ്കിലും, സഹായിക്കുവാൻ തയ്യാറല്ലാത്ത ബന്ധുക്കൾ മാത്രമേ നിങ്ങളുടെ ചുറ്റും ഉള്ളു എന്നിരുന്നാലും കർത്താവിന് ഈ സാഹചര്യം പ്രയാസകരമല്ല എന്നു നിങ്ങൾ ഓർക്കുക.

ഈ സാഹചര്യത്തെ അതിജീവിക്കുവാൻ നിങ്ങൾ എന്താണ് ചെയ്യേണ്ടത് എന്നറിയാമോ? വ്യവസ്ഥകൾ ഇല്ലാതെ

***നിങ്ങൾ ഇനിയും കരയരുത്. നിങ്ങളുടെ ജീവിതത്തിന്റെ പൊട്ടിയതായ നുറുങ്ങുകഷണങ്ങളെ കർത്താവിന്റെ കയ്യിലേക്കു കൊടുക്കുക മാത്രം ചെയ്യുക.പൊട്ടിയ പാത്രത്തെ വീണ്ടും മെനയുവാൻ കഴിയുന്ന വിദഗ്ദ്ധനായ ഒരു കുശവനാണ് അദ്ദേഹം.ആ കുശവന്റെ കയ്യിലെ വെറും കളിമണ്ണു മാത്രമാണ് നാം!നിങ്ങൾ സർവ്വവും കർത്താവിനു മുമ്പിൽ സമർപ്പിക്കുമെങ്കിൽ നിങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും അവിടുന്നു പരിഹരിക്കും.***

നിങ്ങൾ സർവ്വവും കർത്താവിനു മുമ്പിൽ സമർപ്പിക്കുമെങ്കിൽ അവിടുന്നു നിങ്ങളുടെ ജീവിതത്തിലേക്കു കടന്നു വരും; സാത്താൻ കെട്ടിയ കെട്ടുകളെല്ലാം അഴിച്ചുകളയും; നിങ്ങളുടെ എല്ലാ പ്രശ്നങ്ങളേയും അവിടുന്നു പരിഹരിക്കും.

അതുകൊണ്ട് നിങ്ങൾ ഇനിയും കരയരുത്. നിങ്ങളുടെ ജീവിതത്തിന്റെ പൊട്ടിയതായ നുറുങ്ങുകഷണങ്ങളെ കർത്താവിന്റെ കയ്യിലേക്കു കൊടുക്കുക മാത്രം ചെയ്യുക.പൊട്ടിയ പാത്രത്തെ വീണ്ടും മെനയുവാൻ കഴിയുന്ന വിദഗ്ദ്ധനായ ഒരു കുശവനാണ് അദ്ദേഹം.ആ കുശവന്റെ കയ്യിലെ വെറും കളിമണ്ണു മാത്രമാണ് നാം! (യിരെ. 18:6)

നിങ്ങളുടെ ഭർത്താവിന്റെ ഹൃദയത്തിലേക്കു ഒരു കൊടുങ്കാറ്റായി കടന്നുവന്ന് അവിടെ മരവിപ്പു സൃഷ്ടിക്കുന്ന ഒരു സ്ത്രീയെ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്നുണ്ടോ? അവരോട് ഇരുവരോടും ക്ഷമിക്കുവാൻ നിങ്ങളെ സഹായിക്കുവാൻ കർത്താവിനു കഴിയും. അതുമൂലം നിങ്ങളുടെ ജീവിതം തകർക്കപ്പെടേണ്ട കാര്യമില്ല.

നിങ്ങൾ ഈ അവസരത്തിൽ കോപിക്കുകയോ, കരയുകയോ അല്ല ചെയ്യേണ്ടത്.നിങ്ങൾക്ക് ജീവിതപങ്കാളിയെ നഷ്ടപ്പെട്ടുവെങ്കിൽ കർത്താവ് അതു നികത്തിത്തരും.അഥവാ അയാളുടെ ഹൃദയം ഒരിക്കൽക്കൂടി നിങ്ങൾക്ക് അനുകൂലമാക്കി തിരിക്കുവാൻ കർത്താവിനു കഴിയും. നമ്മുടെ കർത്താവ് അത്ഭുതങ്ങളുടെ ദൈവമാണ്.

നിങ്ങൾ ഇപ്പോൾ വിദ്വേഷപൂർവ്വം പദ്ധതികൾ ഒന്നും തന്നെ ആസൂത്രണം ചെയ്യേണ്ട.അതിനു പകരം ദൈവസ്നേഹത്താൽ നിങ്ങളുടെ ഹൃദയം നിറയ്ക്കുവാനായി ദൈവത്തോട് അപേക്ഷിക്കുക. ഭർത്താവിനോടു കയ്പുനിറഞ്ഞ വാക്കുകൾക്കു പകരം സ്നേഹമുള്ള വാക്കുകൾ സംസാരിക്കുവാനുള്ള കൃപ ലഭിക്കുവാനായി നിങ്ങൾ പ്രാർത്ഥിക്കുക.ഹൃദയം നുറുങ്ങിയവർക്കു സമീപസ്ഥനാണ് ദൈവം.

ഒരുപക്ഷേ നിങ്ങൾ അവിവാഹിതയായ സ്ത്രീ ആയിരിക്കാം. വിവാഹിതയാകുവാൻ നിങ്ങൾ വാഞ്ഛിക്കുന്നുണ്ടാകാം.പക്ഷേ ഇതുവരെ ഒന്നുംതന്നെ ശരിയായി വന്നിട്ടില്ല. ആകട്ടെ, നിങ്ങൾ യേശുവിൽ മാത്രം ആശ്വാസം കണ്ടെത്തുക. പിതാവ് നമുക്കു നല്കിയിരിക്കുന്ന പരിശുദ്ധാത്മാവ് ഏറ്റവും ഉത്തമനായ ഒരു സഹായകൻ ആണ്. (യോഹ. 14:16) അദ്ദേഹം നമ്മെ ആശ്വാസമറ്റനിലയിൽ കൈയൊഴിയുകയില്ല.

ഒരു പക്ഷേ നിങ്ങളുടെ ഒരു സ്നേഹിത വിവാഹിതയാകുവാൻ പോകുന്നു എന്നു കേൾക്കുമ്പോൾ നിങ്ങൾക്ക് അസ്വസ്ഥത ആയിരിക്കും ഉണ്ടാകുന്നത്. അവളെ അഭിനന്ദിക്കുവാൻ നിങ്ങൾക്കു താല്പര്യം തോന്നുന്നില്ല. അതിനുപകരം സ്വന്തം മുറിക്കകത്തു കയറി കരയുവാനാണ് നിങ്ങൾക്കു തോന്നുന്നത്. യേശു നിങ്ങളുടെ സമീപത്തായുണ്ട് എന്നോർക്കുക. നിങ്ങൾ അനുഭവിക്കുന്ന മനപ്രയാസം അവിടുന്നു മനസ്സിലാക്കുന്നുണ്ട്.





പകൽസമയത്തെ നിങ്ങളുടെ ബാഹ്യമായ ശാന്തതയും രാത്രികാലങ്ങളിലെ നിങ്ങളുടെ തേങ്ങലുകളും എല്ലാം യേശുവിന് അറിയാം.തന്റെ പ്രിയമകൾ ദുഃഖത്തിലൂടെ കടന്നുപോകുമ്പോൾ അവിടുന്നു മാറിനില്ക്കുന്നില്ല. അവിടുന്നു നമുക്കുവേണ്ടി സ്വന്തരക്തം ചൊരിഞ്ഞവൻ ആണ്.അവിടുന്നു കനിഞ്ഞുവന്ന് നിങ്ങളെ സ്പർശിച്ച് തന്റെ സൗഖ്യതൈലം നിങ്ങളുടെ ഹൃദയത്തിലേക്കു പകർന്നുതരും. അപ്പോൾ നിങ്ങളുടെ ദുഃഖം സഹിക്കാവുന്നതായിത്തീരും.

യേശുവിന്റെ നുകം മൃദുവും, അവന്റെ ചുമട് ലഘുവും ആകുന്നു. ഈ പരീക്ഷാകാലഘട്ടത്തിൽ വിശ്വസ്തയായി നില്ക്കുക.അതുമൂലം തേജസ്സിന്റെ നിത്യഘനം നിങ്ങൾക്കു ലഭിക്കും.

കർത്താവിനുവേണ്ടി രക്തസാക്ഷികളായിത്തീർന്ന ചില ആളുകളുടെ വിധവമാർ സാക്ഷ്യം പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. അവരുടെ വാക്കുകളിൽ ജയത്തിന്റെ ധ്വനിയാണ് മുഴങ്ങിക്കേട്ടിട്ടുള്ളത്!

തങ്ങളുടെ ഭർത്താക്കന്മാരെ കൊന്നയാളുകൾക്കു മാപ്പു നല്കുവാൻ അവർക്ക് എങ്ങനെ കഴിഞ്ഞു?ഇതോർത്ത് ഞാൻ അത്ഭുതപ്പെടുന്നു. യേശു തന്നെ ക്രൂശിച്ചവർക്കുവേണ്ടി "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ"എന്നു പ്രാർത്ഥിച്ചു. യേശുവിനു മാത്രമേ നമ്മെ ഇതുപോലെയുള്ള സന്ദർഭങ്ങളിൽ സഹായിക്കുവാൻ കഴിയുകയുള്ളൂ.

വടക്കെ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചതിന്റെ ഫലമായി മഴുകൊണ്ട് കൊല്ലപ്പെട്ട ഒരു വ്യക്തിയുടെ വിധവയെ ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്.അവൾ ചെറുപ്പക്കാരിയും ദരിദ്രയും ആയിരുന്നു. അവൾക്ക് മക്കളായി ചെറിയ കുട്ടികൾ ഉണ്ടായിരുന്നു.അവളുടെ സാക്ഷ്യം എന്നെ വളരെയധികം സ്പർശിച്ചു. തന്റെ ഭർത്താവിന്റെ രക്തം വീണ സ്ഥലത്തു

***കർത്താവിനുവേണ്ടി രക്തസാക്ഷികളായിത്തീർന്ന ചില ആളുകളുടെ വിധവമാർ സാക്ഷ്യം പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. അവരുടെ വാക്കുകളിൽ ജയത്തിന്റെ ധ്വനിയാണ് മുഴങ്ങിക്കേട്ടിട്ടുള്ളത്! തങ്ങളുടെ ഭർത്താക്കന്മാരെ കൊന്നയാളുകൾക്കു മാപ്പു നല്കുവാൻ അവർക്ക് എങ്ങനെ കഴിഞ്ഞു? യേശു തന്നെ ക്രൂശിച്ചവർക്കുവേണ്ടി "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ"എന്നു പ്രാർത്ഥിച്ചു. യേശുവിനു മാത്രമേ നമ്മെ ഇതുപോലെയുള്ള സന്ദർഭങ്ങളിൽ സഹായിക്കുവാൻ കഴിയുകയുള്ളൂ.***

തന്നെ ഒരു സഭ ഉടലെടുക്കണം എന്നായിരുന്നു അവളുടെ പ്രാർത്ഥന.വിലപിക്കുന്നവൾ ആണെങ്കിലും അവൾ തീർച്ചയായും ഒരു ജയാളിയാണ്.

ഹാബേലിന്റെ രക്തം പ്രതികാരത്തിനായി നിലവിളിക്കുന്നു.അതിനു വിരുദ്ധമായി യേശുവിന്റെ രക്തം കരുണയ്ക്കുവേണ്ടിയാണ് നിലവിളിക്കുന്നത്.

ഒരു യഥാർത്ഥ ദൈവപൈതലിന് കർത്താവ് ഗിരിപ്രഭാഷണത്തിൽ പഠിപ്പിച്ചതുപോലെതന്നെ ജീവിക്കുവാൻ സാധിക്കും.(മത്തായി 5, 6, 7 അധ്യായങ്ങൾ)

നമ്മുടെ ദൈവം അനാഥരുടെയും വിധവമാരുടെയും ദൈവമാണ്. അവിടുന്നു പിതാവില്ലാത്തവരുടെ ദൈവമാണ്.

യേശു പഠിപ്പിച്ച ഒരു ഉപമയിൽ അനീതിയുള്ള ന്യായാധിപനെ സമീപിച്ച ഒരു വിധവയെക്കുറിച്ച് പരാമർശിക്കുന്നു. തന്റെ എതിരാളിയിൽനിന്നുള്ള സംരക്ഷണത്തിനായി ന്യായാധിപനെ തുടർച്ചയായി സമീപിക്കുന്ന ആ വിധവയെപ്പോലെയാണ് നാം. അവൾ വീണ്ടും വീണ്ടും

കാര്യസാധ്യത്തിനായി ചെന്നതുകൊണ്ട് ഒടുവിൽ തനിക്കാവശ്യമായതു നേടിയെടുക്കുവാൻ കഴിഞ്ഞു.

രണ്ടു കാശ് ദൈവത്തിന് അർപ്പിച്ച ഒരു വിധവയെ യേശു പരസ്യമായി പ്രശംസിക്കുകയുണ്ടായി.അത് ഒരു നിസ്സാരതുകയേ ഉള്ളൂ എന്ന് ആളുകൾ ചിന്തിക്കും. പക്ഷേ അവൾ ഇല്ലായ്മയിൽ നിന്ന് തന്റെ ഉപജീവനം മുഴുവനും അർപ്പിച്ചതിനാൽ അവൾക്ക് അത് വിലയുള്ളതായിരുന്നു.

ഇതിൽനിന്ന് നമുക്കെന്താണ് പഠിക്കുവാൻ കഴിയുന്നത്? നാം യേശുവിനായി ചെയ്യുന്ന ഓരോ ചെറിയ ത്യാഗത്തേയും കർത്താവ് ശ്രദ്ധിക്കുന്നുണ്ട്.ദുഃഖം സഹിച്ചും കണ്ണുനീർ പൊഴിച്ചും നാം നടത്തുന്ന ത്യാഗങ്ങളെ അവിടുന്നു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

വേദപുസ്തകം പറയുന്നത് ദൈവഭക്തിയുള്ള വിധവ "വിശുദ്ധന്മാരുടെ കാലുകളെ കഴുകും" എന്നാണ്. (1 തിമൊ. 5:10) വേറൊരു തരത്തിൽ പറഞ്ഞാൽ, തന്റെ ശുശ്രൂഷയിൽ അവൾ ദൈവജനത്തിന്റെ ഹൃദയത്തെ തണുപ്പിക്കും.

തന്റെ ഭാരങ്ങളേയും, ദുഃഖത്തേയും, കണ്ണുനീരിനേയും ഒരു വിധവ ആദ്യം കർത്താവിന്റെ കാല്ക്കൽ വയ്ക്കണം. എങ്കിൽ മാത്രമേ, അവൾക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള ശുശ്രൂഷ ചെയ്യുവാൻ സാധിക്കുകയുള്ളു.

(തുടരും)

**മൊഴിമാറ്റം: സുജ ഏബ്രഹാം**

❖

കർത്താവിന്റെ ദാസന്റെ... *10-ാം പേജിൽ നിന്നു തുടർച്ച*

ണമെന്നു വിചാരിച്ച് ആരെയും മുറിപ്പെടുത്താത്തനിലയിൽ ദൈവസന്ദേശത്തെ ഒരു പ്രസംഗകൻ മയപ്പെടുത്തുന്നുണ്ടെങ്കിൽ അവൻ മനുഷ്യരുടെ ദാസനായിപ്പോയി.

പരസ്യമായി പ്രാർത്ഥിക്കുമ്പോൾ കേൾവിക്കാരിൽ മതിപ്പുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾ ആളുകളുടെ അഭിപ്രായത്തെയാണ്, ജീവനുള്ള ദൈവത്തെയല്ല ആരാധിക്കുന്നത്. തനിക്കല്ല മനുഷ്യർക്കാണ് അത് അർപ്പിക്കപ്പെടുന്നത് എന്നുള്ളതിനാൽ ദൈവം അത്തരം പ്രാർത്ഥനകൾ കേൾക്കുന്നില്ല.

ഈ മട്ടിൽ നമ്മുടെ വസ്ത്രധാരണം, സംസാരം, നടപ്പ് എന്നിവയെല്ലാം നമുക്കു പരിശോധിക്കുവാൻ കഴിയും. ഇവ എന്തെങ്കിലും മറ്റു മനുഷ്യരിൽ നമ്മുടെ 'വിശുദ്ധി'യെക്കുറിച്ചോ 'താഴ്മ'യെക്കുറിച്ചോ മതിപ്പുണ്ടാക്കാൻ വേണ്ടിയാണെങ്കിൽ നാം ദൈവത്തിന്റെയല്ല മനുഷ്യരുടെ ദാസന്മാരാണ്.

ഭാര്യയെയോ ഭർത്താവിനെയോ പ്രസാദിപ്പിക്കുന്നത് എങ്ങനെയാണ് എന്നാണ് നിങ്ങളുടെ അന്വേഷണമെന്നിരുന്നാൽപോലും നിങ്ങൾക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുംതോറും ദൈവത്തെ അറിയാത്തവരാലും ക്രിസ്തീയമതനേതാക്കളാലും നിങ്ങൾ കൂടുതൽ നിന്ദിക്കപ്പെട്ടുകൊണ്ടിരിക്കും. യേശുവിനെ ഈ ലോകം 'ബെയിൽസബൂൽ' എന്നു വിളിച്ചെങ്കിൽ അവിടുത്തെ ശിഷ്യന്മാർക്ക് ഈ ലോകം എന്തെല്ലാം പേരുകൾ നൽകും! അവർ ഈ ലോകത്ത് ഒരു പോപ്പിനെയോ, മെത്രാനെയോ, ചീഫ് പാസ്റ്ററെയോ ഏതെങ്കിലും മനുഷ്യജീവിയെയോ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നില്ല എന്നതിനാലാണ് അവരെയും ഇപ്രകാരം നിന്ദിക്കുന്നത്.

❖





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

**അദ്ധ്യായം-12**

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു.......* **തുടർന്നു വായിക്കുക**

## അനാഥർക്കു പിതാവ്

**ക്ഷ**യരോഗിണിയായ സഹോദരി മരിച്ചപ്പോൾ അനാഥരായത് നാലു കൊച്ചു കുഞ്ഞുങ്ങളാണ്.ഭാര്യയുടെ വിയോഗം താങ്ങാനാകാതെ അവരുടെ പിതാവ് അഭയത്തിനായി മദ്യത്തിലേക്കു തിരിഞ്ഞപ്പോൾ കുഞ്ഞുങ്ങളുടെ അനാഥത്വം പൂർണമായി.

റീസിന് ഇതു വലിയ മനോവേദനയായി.പറക്കമുറ്റാത്ത പൊടിക്കുഞ്ഞുങ്ങൾ.അവരെ നോക്കിനടത്തേണ്ട പിതാവാകട്ടെ മദ്യപിച്ച് ഓടയിലും!

റീസ് അവരെക്കുറിച്ച് ഓർത്തിരിക്കുമ്പോൾ പെട്ടെന്നു കർത്താവിന്റെ ഇടപെടൽ:"ആട്ടെ, നീ അവർക്കു വേണ്ടി എന്തു ചെയ്യാൻ പോകുന്നു?"

'അപകടം' മണത്ത റീസ് ഒന്നും മിണ്ടിയില്ല.

"നിന്റെ സഹോദരനോ സഹോദരിക്കോ ഇങ്ങനെ സംഭവിച്ചാൽ അവരുടെ കുഞ്ഞുങ്ങളെ നീ ഇങ്ങനെ വിടുമോ?" — കർത്താവു വീണ്ടും ചോദിച്ചു.

"ഇല്ല, തീർച്ചയായും ഇല്ല" — എടുത്തടിച്ചപോലെയായിരുന്നു റീസിന്റെ മറുപടി.

"നിന്റെ ആൾക്കാരുടെ കാര്യം വന്നപ്പോൾ എത്ര വേഗത്തിലാണു മറുപടി. എന്നാൽ ഈ നാല് അനാഥക്കുഞ്ഞുങ്ങളുടെ കാര്യത്തിൽ നിനക്കൊന്നും പറയാനില്ല?"

"ശരിയാണ്.കാരണം രക്തത്തിനു വെള്ളത്തെക്കാൾ കട്ടിയുണ്ട്."

"എന്നാൽ ആത്മാവ് രക്തത്തെക്കാൾ കട്ടിയുള്ളതാണെന്നു നീ മറന്നു."

സംഭാഷണം അവിടെ അവസാനിച്ചു.

എന്നാൽ പ്രശ്നം അവിടെ അവസാനിച്ചില്ല. അത്, ആ പിതാവ് ഒരു ദിവസം കുട്ടികളെ ഉപേക്ഷിച്ച് എവിടേക്കോ പോയിക്കഴിഞ്ഞപ്പോൾ കൂടുതൽ രൂക്ഷമായി.വിവരം അറിഞ്ഞ റീസ് ധർമ്മസങ്കടത്തിലായി. റീസിന്റെ ആദ്യ ചിന്ത ആ കുട്ടികളുടെ രക്ഷാകർത്താവായിരിക്കാം എന്നതായിരുന്നു. ഒരു നിശ്ചിത തുക ഒരു

സ്ത്രീക്കു കൊടുക്കാം, അവർ ദിവസവും ആ വീട്ടിൽചെന്നു കുട്ടികളുടെ കാര്യത്തിൽ ഒരു മേൽനോട്ടം നടത്തിപോരട്ടെ. മറ്റാരും ഒന്നും ചെയ്യാതിരിക്കുമ്പോൾ റീസ് അത്രയെങ്കിലും ചെയ്യാൻ തയ്യാറായതു തീർച്ചയായും ഒരു വലിയ കാര്യം തന്നെയായിരുന്നു.

എന്നാൽ കർത്താവിനു തൃപ്തിയായില്ല.അവിടുന്നു പറഞ്ഞു: 'അവർക്കൊരു പിതാവിനെയാണു വേണ്ടത്, ഒരു രക്ഷാകർത്താവിനെയല്ല. ഞാൻ പിതാവില്ലാത്തവരുടെ പിതാവാണ്. എന്നാൽ എനിക്ക് സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ഭൂമിയിലെ അവരുടെ പിതാവായിരിക്കാൻ കഴിയുകയില്ല.അതുകൊണ്ട് ഞാൻ നിന്നിലൂടെ അവർക്കു പിതാവാകട്ടെ."

അതിന്റെ അർത്ഥം യഥാർത്ഥമായി മനസ്സിലായപ്പോൾ റീസ് അമ്പരന്നു പോയി. കുട്ടികളിൽ ഏറ്റവും ഇളയതിനുപോലും പ്രായപൂർത്തിയാകുന്നതുവരെ അവർക്ക് ഒരച്ഛനായിരിക്കുക എന്നുവച്ചാൽ അതിനു പതിനഞ്ച്, ഇരുപതു വർഷങ്ങൾ വേണ്ടിവരും.എന്നെങ്കിലും പരിശുദ്ധാത്മാവിന്റെ സാക്ഷിയായി ലോകമെങ്ങും പോകുക എന്നതായിരുന്നു റീസിന്റെ ഏറ്റവും വലിയ സ്വപ്നം. പക്ഷേ അതിതാ തകർന്നുവീഴുന്നു. നാലു കുട്ടികളെ വളർത്തിവലുതാക്കാനായി ജീവിതം മാറ്റിവച്ചാൽ ജീവിതത്തിന്റെ നല്ല വർഷങ്ങൾ എല്ലാമാണു നഷ്ടമാകുന്നത്.മറ്റൊന്ന്, ഇവർ റീസിന്റെ സ്വന്തം കുട്ടികൾ അല്ല എന്നതാണ്. ഒരച്ഛനു കുട്ടികളോടുള്ള സ്നേഹം റീസിന് ഇവരോടില്ല.അതില്ലാതെ അവരോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതെങ്ങനെ?

ജീവിച്ചിരിക്കുന്ന രക്തസാക്ഷി — അതാണ് ദൈവ മുൻപാകെ റീസിന്റെ സ്ഥാനം. മരിച്ച ഒരുവന് സ്വന്തഭാവിയെക്കുറിച്ചു സ്വകാര്യമായ കണക്കുകൂട്ടലുകൾ ഉണ്ടാകുന്നതെങ്ങനെ? ക്ഷയ രോഗിണിയായ ആ സഹോദരിയുടെ സ്ഥാനത്തു മരിക്കാൻ തയ്യാറാണെന്ന് ഒരിക്കൽ റീസ് ദൈവത്തോടു പറഞ്ഞതാണ്. എന്നാൽ ദൈവം ആ സഹോദരിയെ മരണത്തിലേക്കു വിളിച്ചു.റീസിനെ ജീവനോടെ ശേഷിപ്പിച്ചു. റീസ് അന്നു മുതൽ 'ജീവനോടെ ഇരിക്കുന്ന മരിച്ച ഒരുവൻ' എന്ന നിലയിലാണെന്നു സമ്മതിച്ചതാണ്. അതു ശരിയാണെങ്കിൽ ആ നാലു കുഞ്ഞുങ്ങളെ ആ അമ്മയുടെ സ്ഥാനത്തു നിന്നു റീസ് പോറ്റി വളർത്തേണ്ടതല്ലേ?

ആ ചോദ്യത്തിനു റീസിനു മറുപടി ഉണ്ടായിരുന്നില്ല.പരിശുദ്ധാത്മാവിനു തന്റെ ജീവിതത്തിന്മേലുള്ള അവകാശം റീസ് ഒരിക്കലും ചോദ്യം ചെയ്യുമായിരുന്നില്ല.എന്നാൽ മറ്റുള്ളവരുടെ കുഞ്ഞുങ്ങളെ സ്നേഹിക്കണമെങ്കിൽ തനിക്കു ദൈവികസ്നേഹം തന്നെ ആവശ്യമാണ്.ഇതെല്ലാം കണക്കിലെടുത്ത് ഒടുവിൽ റീസ് ഇങ്ങനെ പ്രാർത്ഥിക്കാനാരംഭിച്ചു: "കർത്താവേ, എന്നിലൂടെ അവിടുന്ന് അവർക്കൊരു പിതാവായിരിക്കാൻ എനിക്കു സമ്മതമാണ്. എന്നാൽ എന്നിലൂടെ അവിടുന്ന് അവരെ സ്നേഹിച്ചില്ലെങ്കിൽ എനിക്കത് അസാധ്യമാണ്. അവർ ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളായിരിക്കരുത്. എനിക്കവർ സ്വന്തകുഞ്ഞുങ്ങളായിരിക്കണം. അങ്ങനെ അവരെ സ്നേഹിക്കണമെങ്കിൽ എന്റെ സ്വഭാവം അവിടുന്നു മാറ്റിയേ പറ്റൂ."

ദൈവം അതു ചെയ്യുമെന്നു റീസ് വേണ്ടതുപോലെ വിശ്വസിച്ചില്ല.എന്നാൽ ദൈവം അതു ചെയ്തു. ഒരു രാത്രി തന്റെ കിടക്കയ്ക്കരികിൽ മുട്ടുകുത്തിയ റീസിലേക്കു ദൈവം ആ ദിവ്യസ്നേഹം പകർന്നു.പിതാവില്ലാത്തവരോടുള്ള ഒരു പിതാവിന്റെ സ്നേഹം. അതിന് അതിരുകളുണ്ടായിരുന്നില്ല. ആ നാലു കുഞ്ഞുങ്ങളുടെ നേർക്ക് റീസിൽ നിന്ന് ആ ദിവ്യസ്നേഹം വഴിഞ്ഞൊഴുകി.അവരോടൊപ്പം പോയി താമസിക്കുന്നതിനു റീസിനു പൂർണ സമ്മതമായി.





ഈ മാറ്റത്തെ റീസ് ഇങ്ങനെ വിലയിരുത്തി:"മാതാപിതാക്കളില്ലാത്ത ഏതു കുഞ്ഞിനും ദൈവത്തിന്റെ മേൽ പിതാവിനോടെന്ന പോലെ ഒരവകാശമുണ്ട്. അതുകൊണ്ട് ഈ നാലു കുഞ്ഞുങ്ങൾക്കും തങ്ങൾക്ക് ഒരു പിതാവായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ മേൽ എന്നിലൂടെ ഒരവകാശമുണ്ട്. പക്ഷേ ദിവ്യസ്നേഹം നാലു പേരിലേക്കു പരിമിതപ്പെടുത്താനാവില്ലല്ലോ.അതുകൊണ്ട് ആരും ശ്രദ്ധിക്കാനില്ലാത്ത ലോകത്തിലെ ഓരോ കുട്ടിയെയും ഞാൻ സ്നേഹിക്കുന്നതുപോലെ അനുഭവപ്പെട്ടു.സത്യത്തിൽ എന്നിലൂടെ ഒഴുകിയ ദൈവസ്നേഹം ആയിരുന്നു അത്."

റീസ് ആ നാലു കുഞ്ഞുങ്ങളുടെ കാര്യം നോക്കാൻ താൽക്കാലികമായി ഒരാളെ ഏർപ്പാടാക്കി. അതേ സമയം തന്നെ റീസ് അവരോടൊപ്പം പോയി താമസിച്ച് അവരെ സംരക്ഷിക്കാനുള്ള ക്രമീകരണങ്ങളും ചെയ്തു. ഇപ്പോൾ ആ കുഞ്ഞുങ്ങളുടെ വീട്ടിൽ പോയി താമസിച്ച് അവരെ നോക്കുന്നതു റീസിന് ഒട്ടും ഭാരമായി തോന്നിയില്ല. മറിച്ച് അതു വലിയ സന്തോഷമായി റീസിന് അനുഭവപ്പെട്ടു. എന്നാൽ ആ കുട്ടികളോടൊപ്പം പോയി താമസം ആരംഭിക്കാൻ റീസ് തിരഞ്ഞെടുത്ത ദിവസം രാവിലെ ഒരത്ഭുതം സംഭവിച്ചു. ആ കുഞ്ഞുങ്ങളുടെ അമ്മയുടെ മൂന്നു സഹോദരിമാർ ആ കുട്ടികളെ സ്വന്തം വീടുകളിൽ സ്വീകരിച്ച് അവരുടെ കാര്യങ്ങൾ നോക്കിക്കൊള്ളാമെന്ന് അറിയിച്ചു. അവരെക്കുറിച്ചുള്ള തന്റെ ക്രമീകരണവും അതാണെന്നു ദൈവം തുടർന്നു വെളിപ്പെടുത്തി. എന്നാൽ റീസ് 'അനാഥരുടെ പിതാവ്' എന്ന സ്ഥാനം ഇതിനകം നേടിക്കഴിഞ്ഞു.

ഇതിന്റെ യാഥാർത്ഥ്യം റീസിന്റെ ജീവിതത്തിൽ വർഷങ്ങൾക്കു ശേഷമാണു വെളിവായത്. പല വർഷങ്ങൾക്കുശേഷം റീസും ഭാര്യയും ബൈബിൾ കോളജിന്റെ നടത്തിപ്പിലായിരുന്നപ്പോൾ അവരുടെ വീട്ടിലും സമീപത്തുള്ള മിഷനറിമാരുടെ കുട്ടികൾക്കുള്ള വീട്ടിലുമായി എഴുപതു കുഞ്ഞുങ്ങളെ അവർ പോറ്റിവളർത്തിയിരുന്നു. ദൂരെയായിരിക്കുന്ന മിഷനറിമാരുടെ കുഞ്ഞുങ്ങൾ, യെഹൂദാഅഭയാർത്ഥികളുടെ കുട്ടികൾ എന്നിവരെയാണു റീസും ഭാര്യയും സ്വന്തകുഞ്ഞുങ്ങളെപ്പോലെ നോക്കിയത്.ദൈവം അവർക്ക് ഒരു പിതാവിന്റെയും മാതാവിന്റെയും ഹൃദയം നൽകി എന്നത് അവരെ അന്ന് അടുത്തു നിന്നു കണ്ട എല്ലാവർക്കും ബോധ്യമാകുമായിരുന്നു.

അനാഥക്കുട്ടികൾക്കു വേണ്ടി മധ്യസ്ഥത നടത്തിയതിന്റെ വിവിധ വശങ്ങൾ പിന്നീടു റീസ് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്: "ഒരിക്കൽ ഒരു കാര്യത്തിൽ മധ്യസ്ഥതയിൽ നാം വിജയം നേടിയാൽ പിന്നീട് കർത്താവ് അതേ കാര്യത്തിൽ നമ്മെ പരീക്ഷിക്കുകയില്ല.അല്ലെങ്കിൽ പിന്മാറ്റമോ ആ കാര്യത്തിൽ അവഗണനയോ ഉണ്ടാകണം. അങ്ങനെയില്ലാത്ത പക്ഷം ജയം നേടിയ അവസ്ഥയിൽ നിന്നുകൊണ്ട് നമുക്ക് നിരന്തരം ആ വിഷയത്തിനു വേണ്ടി പ്രാർത്ഥിക്കാം — മറ്റുള്ളവരിലൂടെയാണെങ്കിലും ദൈവമേ അവിടുന്ന് അനാഥരുടെ പിതാവായിരിക്കണമേ എന്ന്. നമ്മിലൂടെ അനാഥരുടെ പിതാവായി ദൈവം മാറിയിട്ടുണ്ടെങ്കിൽ മറ്റുള്ളവരിലൂടെയും അവിടുന്ന് അങ്ങനെ ചെയ്യണമെന്നു പ്രാർത്ഥിക്കാൻ നമുക്ക് അവകാശമുണ്ടായിരിക്കും. അതാണു മധ്യസ്ഥ പ്രാർത്ഥനയുടെ നിയമം.

പാപത്തിനുവേണ്ടി മധ്യസ്ഥത അണയ്ക്കാൻ നമ്മെ വിളിച്ചിട്ടില്ല. അത് ഒരിക്കലായി എന്നേക്കുമായി ക്രിസ്തു ചെയ്തു. എന്നാൽ പാപികൾക്കു വേണ്ടിയും അവരുടെ ആവശ്യങ്ങൾക്കുവേണ്ടിയും മധ്യസ്ഥത ചെയ്‌വാൻ നമ്മെ വിളിച്ചിരിക്കുന്നു.പരിശുദ്ധാത്മാവിനു നമ്മിലൂടെ 'ബലവാനെ പിടിച്ചുകെട്ടാൻ' കഴിയും. പക്ഷേ

പരിശുദ്ധാത്മാവിന് ഒന്നാമതു നമ്മളിൽ ജയം നേടേണ്ടതുണ്ട്. സ്വയം പുറത്താകാതെ ലോകത്തെ പുറത്താക്കാൻ നമുക്കു കഴിയില്ല."

നാലു കുഞ്ഞുങ്ങളെ ഉപേക്ഷിച്ചുപോയ ആ പിതാവിനോടും ദൈവത്തിന്റെ കരുണ കാണിക്കാൻ റീസിനു പരിശുദ്ധാത്മാവ് അത്ഭുതകരമായ ഒരു വഴി തുറന്നു. അതിങ്ങനെയാണ്:രോഗിയായാൽ നമ്മുടെ ചെലവു വഹിക്കുന്ന ഒരു ഇൻഷുറൻസ് ക്ലബ്ബിൽ 16 വർഷം റീസ് സ്വന്തം പേരിൽ പണം അടച്ചുകൊണ്ടിരുന്നു. പക്ഷേ ഒരു ദിവസം കർത്താവു റീസിനോടു പറഞ്ഞു 'ഇനി ആ പണം അടയ്ക്കേണ്ട' എന്ന്.റീസിന്റെ വാക്കുകൾ:'എങ്ങനെ ചെലവഴിക്കണം എങ്ങനെ ചെലവഴിക്കേണ്ട എന്ന് എന്നോടു പറയുവാൻ കർത്താവിനായിരുന്നു എന്റെ പണത്തിന്റെ ഉടമസ്ഥാവകാശം. അവിടുത്തെ അനുമതിയില്ലാതെ പണം ചെലവഴിക്കാൻ എനിക്കു കഴിയുമായിരുന്നില്ല.എന്നാൽ ഇൻഷുറൻസ് പണം അടയ്ക്കേണ്ട എന്ന് അവിടുന്നു വിലക്കിയപ്പോൾ തന്നെ പിശാച് അതീവ ജാഗരൂകനായി. ഭയത്തിന്റെ ചിന്തകൾ അവൻ ഒന്നൊന്നായി ഹൃദയത്തിൽ കൊണ്ടുവന്നു. ഒരു രോഗം വന്നു കിടപ്പിലായാൽ എന്തു ചെയ്യുമെന്ന് അവൻ ചോദിച്ചു. അവസാനകാലത്ത് വല്ല അഗതിമന്ദിരത്തിലും കിടന്ന് ശുശ്രൂഷകളോ ചികിത്സയോ കിട്ടാതെ മരിക്കേണ്ടിവരുമെന്ന് അവൻ ഭീഷണിപ്പെടുത്തി. ബുദ്ധിമോശം കാണിക്കരുതെന്നും അവൻ ഉപദേശിച്ചു.

പൊടുന്നനെ കർത്താവ് എനിക്കൊരു വാഗ്ദാന വചനം തന്നു. 'ഏറെ പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവനു കുറെയും ലഭിച്ചില്ല' (2 കൊര്യന്ത്യർ 8:15). ചുരുക്കത്തിൽ ആരോഗ്യ ഇൻഷുറൻസ് ക്ലബ്ബിലെ അംഗത്വം 'യാഗപീഠത്തിൽ' വച്ചു. നേരത്തെ അടച്ച തുകയുടെമേൽ അവകാശം ഉന്നയിക്കാനും കർത്താവ് അനുവദിച്ചില്ല.'

എന്നാൽ നാലു കുഞ്ഞുങ്ങളുടെ പിതാവ്,കുട്ടികളെ ഉപേക്ഷിച്ചു പോയി മൂന്നു മാസം കഴിഞ്ഞപ്പോൾ അയാളുടെ ആരോഗ്യ ഇൻഷുറൻസ് തുക കുടിശ്ശിക തീർത്ത് അടയ്ക്കാൻ പരിശുദ്ധാത്മാവ് റീസിനെ നിർബന്ധിച്ചു. റീസ് അമ്പരന്നു പോയി. സ്വന്തം ആരോഗ്യ ഇൻഷുറൻസ് തുക അടയ്ക്കേണ്ടെന്നു തന്നോടു നിർദ്ദേശിച്ച പരിശുദ്ധാത്മാവിതാ മറ്റൊരാൾക്കു വേണ്ടി തുക അടയ്ക്കുവാൻ ആവശ്യപ്പെടുന്നു.അതും നാട്ടിൽ ചെയ്ത ഒരു ഹീനമായ പാപം പരസ്യമായപ്പോൾ നില്ക്കക്കള്ളിയില്ലാതെ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു സ്ഥലം വിട്ട ഒരാൾക്കുവേണ്ടി അങ്ങനെ ചെയ്യണമെന്നു പരിശുദ്ധാത്മാവു പറയുന്നു!

തനിക്കു സ്വയം ചെയ്യാൻ അനുവാദം ഇല്ലാത്ത ഒരു കാര്യം മറ്റൊരാൾക്കു വേണ്ടി ചെയ്യാമോ?"നമ്മോട് ഉപേക്ഷിക്കാൻ പറഞ്ഞ കാര്യം ഈ സാഹചര്യത്തിൽ മറ്റൊരാൾക്കുവേണ്ടി ചെയ്യുന്നതു തെറ്റാണെന്നു പറയാൻ ആവില്ല. നമ്മുടെ വിശ്വാസത്തെയും വളർച്ചയെയും ആശ്രയിച്ചിരിക്കും അത്."- റീസ് വ്യക്തമാക്കുന്നു. അങ്ങനെ റീസ്, കുഞ്ഞുങ്ങളെ ഉപേക്ഷിച്ച പിതാവിന്റെ ആരോഗ്യഇൻഷുറൻസ് തുക അടയ്ക്കാൻ തുടങ്ങി, ആരോടും പറയാതെ.

അഞ്ചുമാസം കടന്നു പോയി. അതു കഴിഞ്ഞപ്പോൾ ഇതാ കുട്ടികളെ ഉപേക്ഷിച്ചു നാടുവിട്ട ആളിന്റെ കത്ത്. അയാൾ രോഗിയായി കിടക്കയിലാണെന്ന് അറിയിച്ചുകൊണ്ടാണ് കത്ത്. ക്ഷയരോഗം ബാധിച്ചു. തുടർന്നു പക്ഷാഘാതവുമുണ്ടായി. അനുതപിച്ചു തിരിച്ചുവരണമെന്നുണ്ടായിരുന്നു. എന്നാൽ താൻ ദൈവനാമത്തിനുണ്ടാക്കിയ അപമാനത്തെക്കുറിച്ചുള്ള ചിന്ത രണ്ടാഴ്ചയോളം അയാളെ അതിൽ നിന്നു തടഞ്ഞു. പക്ഷേ ഒരു ഞായറാഴ്ച രാവിലെ രക്ഷാസൈന്യം പ്രവർത്തകർ





വന്നു വീടിനു മുമ്പിൽ നിന്നു പാട്ടുകൾ പാടിക്കൊണ്ടിരുന്നപ്പോൾ അയാൾ കിടക്കയിൽ നിന്നെഴുന്നേറ്റു നിലത്തു മുട്ടുകുത്തി ക്ഷമായാചനം നടത്തി പ്രാർത്ഥിച്ചു.ദൈവികക്ഷമയും സമാധാനവും പ്രാപിച്ചു. ചെയ്ത തെറ്റിനെക്കുറിച്ചു ബോധ്യം ഉള്ളതിനാൽ ക്ഷമ ചോദിക്കാനാണ് ഇപ്പോൾ റീസിനു കത്തെഴുതുന്നത്.താൻ മിഷൻ പ്രവർത്തനങ്ങൾക്കു വരുത്തിയ അപമാനം ദൈവനാമത്തിൽ ക്ഷമിക്കണം. തന്റെ കയ്യിൽ പണമില്ല. ഡോക്ടർ തന്നെ അഗതിമന്ദിരത്തിലേക്ക് അയയ്ക്കാൻ തുടങ്ങുന്നു.... കത്ത് അങ്ങനെ നീണ്ടുപോയി.

കത്തുകിട്ടയ പാടെ അഗതിമന്ദിരത്തിലേക്കു പോകേണ്ടെന്നും ആരോഗ്യ ഇൻഷുറൻസ് തുക അടയ്ക്കുന്നുണ്ടെന്നും അയാളെ അറിയിച്ചു. റീസ് തനിക്കുവേണ്ടി ചെയ്ത കാര്യങ്ങൾ കേട്ടപ്പോൾ അയാൾ അങ്ങേയറ്റം തകർന്നുപോയി.നന്ദിയും പശ്ചാത്താപവും കണ്ണീരായി ഒഴുകി.

അയാളുടെ അന്ത്യദിനങ്ങൾ സമാധാനപൂർണമായിരുന്നു.അഞ്ചുമാസത്തോളം ചികിത്സകളും ശുശ്രൂഷകളും അന്തസ്സോടെ സ്വീകരിച്ച് ഒടുവിൽ സാമാധാനത്തോടെ അയാൾ അക്കരെ നാട്ടിലേക്കു കടന്നുപോയി. മരണശേഷം അയാളുടെ കുഞ്ഞുങ്ങൾക്ക് ഇൻഷുറൻസിന്റെ മിച്ചം തുക കിട്ടുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ഗ്രാമത്തിൽ വളരെ നല്ല പ്രതികരണമാണു സുവിശേഷത്തോട് ഉണ്ടാക്കിയത്. പരിശുദ്ധാത്മാവിനോടു റീസുകാട്ടിയ സമ്പൂർണ അനുസരണമാണ് ഇതിനെല്ലാം വഴിമരുന്നിട്ടത്. സംശയമില്ല.

ഈ അനുഭവങ്ങളിലൂടെയെല്ലാം നടത്തിയതിന് കർത്താവിനു രണ്ടു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു — ഒന്ന്: ആവശ്യക്കാരെ സഹായിക്കുക. രണ്ട്: തന്റെ ദാസനെ രൂപാന്തരപ്പെടുത്തുക. പരിശുദ്ധാത്മാവ് തന്നിൽ ചെയ്ത രൂപാന്തരപ്രവൃത്തിയെ റീസ് ഇങ്ങനെയാണു വിവരിക്കുന്നത്: "പരിശുദ്ധാത്മാവ് എന്നെ പടിപടിയായി ഉയരങ്ങളിലേക്കു നയിച്ചു. ഒരാളുടെ സ്വഭാവം മാറ്റുന്ന പ്രക്രിയ (സ്വയത്തിന്റെ പ്രകൃതത്തെ മാറ്റി അവിടെ ദിവ്യസ്വഭാവം പ്രതിഷ്ഠിക്കുന്നത്)വളരെ മെല്ലെയാണ്.അത് അങ്ങേയറ്റം വേദനാജനകമാണ്.ദിനംതോറുമുള്ള മരണവും ക്രിസ്തുവിന്റെ ജീവന്റെ പ്രകാശനവുമാണത്. വളരെ പ്രയാസകരമായ ജീവിതമാണത്. ക്രൂശിന് ഇപ്പുറം ക്രിസ്തുവിന്റെ ജീവിതം ക്ലേശകരവും ക്രൂശിന് അപ്പുറം അതു മഹത്വപൂർണവുമാണ്. നമ്മുടെ ദിനം തോറുമുള്ള പാത ക്രൂശിന്റെ വഴിയാണ്: ഓരോ സ്വാർത്ഥ മനോഭാവവും സ്വാർത്ഥചിന്തയും ഉടനെ തന്നെ പരിശുദ്ധാത്മാവു കൈകാര്യം ചെയ്യും. എന്റെ വിദ്യാഭ്യാസ കാലത്ത് എന്റെ സ്കൂൾ അധ്യാപകനായിരുന്ന എനിക്കറിയാവുന്ന ഏറ്റവും കർക്കശ്ശക്കാരനായ ആൾ.എന്നാൽ പരിശുദ്ധാത്മാവ് അതിനെക്കാൾ ആയിരം മടങ്ങ് കർക്കശ്ശക്കാരനാണ്. ബാഹ്യമായ പെരുമാറ്റം മാത്രമേ സ്കൂൾ അധ്യാപകൻ കണക്കിലെടുക്കുമായിരുന്നുള്ളു. അദ്ദേഹത്തിന് അതേ കഴിയുമായിരുന്നു. എന്നാൽ പരിശുദ്ധാത്മാവു മനോഭാവങ്ങളെയും ചിന്തകളെയും വരെ വിധിക്കുന്നതാണ്."

ഉദാഹരണത്തിന് ഒരു വൈകുന്നേരത്തെ പരസ്യയോഗത്തിൽ റീസിന്റെ ഒരു സ്നേഹിതൻ പ്രസംഗിക്കുകയാണ്. വളരെ അഭിഷക്തമായ സന്ദേശമാണ് അദ്ദേഹം നൽകുന്നത്. കേട്ടുകൊണ്ടിരുന്ന റീസ് തുടർന്നു തനിക്കെങ്ങനെ സംസാരിക്കാൻ കഴിയുമെന്ന് അമ്പരന്നു.(റീസിനു പരസ്യയോഗത്തിൽ സംസാരിക്കാനുള്ള കൃപ ഒരിക്കലും ഉണ്ടായിരുന്നില്ല.) ആ ചിന്തക്രമേണ സുഹൃത്തിനെക്കുറിച്ചുള്ള അസൂയയുടെ ചിന്തയായി മനസ്സിൽ വളർന്നു. "ആരും അതറിഞ്ഞില്ല. പക്ഷേ ആ രാത്രി പരിശുദ്ധാത്മാവ് എന്നെ ശാസിച്ചു. ഞാൻ പൊടിയോളം താണു. ആ

ചിന്തയുടെ വൃത്തികെട്ട മുഖം പരിശുദ്ധാത്മാവ് എന്നെ കാണിച്ചു. ആളുകളുടെ ആത്മാക്കളെ മലിനപ്പെടുത്താൻ ആ ചിന്തയ്ക്ക് എങ്ങനെ കഴിയുമെന്നും പരിശുദ്ധാത്മാവ് എന്നെ ബോധ്യപ്പെടുത്തി. ഞാൻ അത്രത്തോളം എന്നെത്തന്നെ വെറുത്ത, ശപിച്ച, നിമിഷമില്ല.

കർത്താവ് എന്നോടു ചോദിച്ചു 'നീ പരസ്യയോഗത്തിനു വന്നത് ആ യോഗം മൂലം ആത്മാക്കൾ അനുഗ്രഹിക്കപ്പെടണം എന്ന ആഗ്രഹത്തിലല്ലേ? അങ്ങനെയെങ്കിൽ ആരിലൂടെ ഞാൻ ജനത്തെ അനുഗ്രഹിച്ചാലും നിനക്കെന്താ?'

ആ തെറ്റ് സുഹൃത്തിനോട് ഏറ്റു പറയുവാൻ പരിശുദ്ധാത്മാവ് എന്നോട് ആവശ്യപ്പെട്ടു. ഇനി ഒരിക്കൽ ഇത്തരം ചിന്ത പരിശുദ്ധാത്മാവ് എന്നിൽ കണ്ടാൽ അതു പരസ്യമായി ഏറ്റു പറയാൻ ആവശ്യപ്പെടുമെന്നും എന്നെ അറിയിച്ചു.പരിശുദ്ധാത്മാവ് ഒരു കാര്യം പറഞ്ഞാൽ അതിൽ നിന്നു പുറകോട്ടു പോകുകയില്ലെന്ന് എനിക്കറിയാമായിരുന്നു.അതുകൊണ്ട് പിന്നീടൊരിക്കലും അസൂയയുടെ ഒരു ചിന്തയെ താലോലിക്കാൻ ഞാൻ ധൈര്യപ്പെട്ടിട്ടില്ല. പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾ ഒരിക്കലെങ്കിലും ഞാൻ അനുസരിക്കാതെ പോയാൽ അതിനു ഞാൻ കനത്ത 'നഷ്ടപരിഹാരം നൽകണ'മായിരുന്നു. ഇതു ഭയത്തിന്റെയും ബന്ധനത്തിന്റെയും ജീവിതമാണെന്നു ചിലർ ചിന്തിച്ചേക്കാം. അതെ, ജഡത്തിന് അതങ്ങനെയാണ്. എന്നാൽ ക്രിസ്തുവിലുള്ള പുതുമനുഷ്യന് അതു തികഞ്ഞ സ്വാതന്ത്ര്യത്തിന്റെ ജീവിതമാണ്. ആദ്യമൊക്കെ അനുസരണക്കേടിനു പരിശുദ്ധാത്മാവിൽനിന്നു ശിക്ഷകിട്ടുമ്പോൾ ഞാൻ പിറുപിറുക്കുകയും സ്വയസഹതാപത്തിൽ വീണു പോകുകയും ചെയ്യുമായിരുന്നു. ഒന്നുകിൽ ഞാൻ ഈ മലിനമായ സ്വയത്തെ ഇവിടെ ഇപ്പോൾ നഷ്ടപ്പെടുത്തണം. അല്ലെങ്കിൽ അതു വെളിവാകുന്നതിന്റെ നാണക്കേടു പിന്നീടു സഹിക്കണം — ഇതു ഞാൻ കണ്ടു കഴിഞ്ഞപ്പോൾ ഞാൻ പരിശുദ്ധാത്മാവിനോടു ചേർന്ന് എനിക്കെതിരെ നിൽക്കാൻ തുടങ്ങി. സ്വയത്തിന്റെ ഈ തകർച്ച ഒരു നഷ്ടമായല്ല മറിച്ച് ഒരു വിടുതലായി ഞാൻ കാണാൻ തുടങ്ങി.

(തുടരും)

അടുത്തലക്കത്തിൽ : രഹസ്യത്തിലുള്ള ജീവിതം

❖

**‘Now, you can pay your subscription, online!’.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

You can directly remit the subscription at ELS Book Shop, Kesavadasapuram, Thiruvananthapuram-4





# വിശ്വാസവും മാർഗ്ഗവും

**ജീ**വിതത്തിന്റെ സാഹചര്യങ്ങൾ വിശ്വാസത്തിന്റെ ആവശ്യകതയിലേക്കു നിങ്ങളെ നടത്തുന്നു.ഈ സാഹചര്യങ്ങൾ ഒരു കണ്ണാടി പോലെയാണ്.നിങ്ങളുടെ ആന്തരിക ജീവന്റെ പ്രതിച്ഛായ നിങ്ങൾ അവിടെ ദർശിക്കുന്നു. ക്രിസ്തുവിലൂടെ നിങ്ങൾക്കെല്ലാ സാഹചര്യത്തിലും ജയാളികളായിരിക്കാൻ കഴിയും. സാഹചര്യങ്ങൾ നിങ്ങളെ ഒരിക്കലും കീഴടക്കേണ്ട ആവശ്യമില്ല. സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ അനുഭവസ്ഥമാകുന്ന നിങ്ങളുടെ ശക്തിഹീനത നിങ്ങളെ ദൈവത്തോട് അടുപ്പിക്കേണ്ടതാണ്. വിഷമസാഹചര്യങ്ങളിൽ നിങ്ങളിലേക്കുതന്നെ നോക്കുമ്പോൾ നിങ്ങൾ ഭയപ്പെടുന്നു. സ്വർഗ്ഗത്തിലും, ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടവന്റെയടുത്തേക്ക് നിങ്ങളുടെ ബുദ്ധിമുട്ടുകളെ കൊണ്ടുവരുമ്പോൾ നിങ്ങളുടെ വിശ്വാസം വർദ്ധിക്കുമെന്നുതന്നെയല്ല, ആ വിശ്വാസം ഏതു വിഷമഘട്ടത്തിലൂടെയും നിങ്ങളെ ജയാളികളായി നടത്തുകയും ചെയ്യും.

വിശ്വാസത്തിനു തടസ്സങ്ങളില്ല. വിശ്വാസം തടസ്സങ്ങളെ അറിയുന്നേയില്ല. എന്തെന്നാൽ വിശ്വാസത്തിന്റെ ദൃഷ്ടി ഉറപ്പിച്ചിരിക്കുന്നത് സകലവും സാദ്ധ്യമായവനിലാകുന്നു.അവിശ്വാസം നിങ്ങളുടെ കാലുകളെ ഇളക്കുമ്പോൾ,വിശ്വാസം നിങ്ങളുടെ ശക്തി വർദ്ധിപ്പിക്കുന്നു. അവിശ്വാസം നിങ്ങളുടെ ഹൃദയത്തെ കണ്ണീർ താഴ്‌വരയിലാക്കുമ്പോൾ, വിശ്വാസം അതിനെ സ്തുതിയാൽ നിറയ്ക്കുന്നു.

നിങ്ങളുടെ അതൃപ്തി നിങ്ങളെ ▶

## സമർപ്പണഗാനം..

*14-ാം പേജിൽ നിന്നു തുടർച്ച*

നൽകുന്നു".

വർഷങ്ങൾക്കു ശേഷം ആ പാട്ടിന്റെ പതിനൊന്നാമത്തെ പാദം എങ്ങനെ രചിച്ചെന്ന് അവൾ തന്റെ സുഹൃത്തിനെഴുതി:

"സ്വീകരിക്കേൻ ഹൃത്തിനെ
അതിൻ സ്നേഹം, നിക്ഷേപം
വയ്ക്കുന്നങ്ങെ പാദത്തിൽ
സ്വീകരിക്കേൻ കർത്താവേ."

തന്റെ സ്നേഹവും ഹൃദയവും മുഴുവനായും താൻ ആഗ്രഹിക്കുമ്പോലെ കർത്താവിനു നൽകിയില്ല എന്ന ചിന്തയായിരുന്നു അവൾക്ക്.ആ പ്രഭാതത്തിലെ സമർപ്പണത്തിൽ അക്കാര്യം അവൾ പറഞ്ഞു. ചിലപ്പോൾ അവൾ സമർപ്പണയോഗങ്ങൾ സംഘടിപ്പിക്കുമായിരുന്നു. അതിൽ ഈ പാട്ടിലെ വരികൾ അച്ചടിച്ച കാർഡുകൾ ആളുകൾക്ക് നൽകിയിട്ട് വീട്ടിൽ കൊണ്ടുപോയി ആ വരികൾ ധ്യാനിച്ച് പ്രാർത്ഥിക്കുവാനായി പറയുമായിരുന്നു. അപ്രകാരം തീരുമാനമെടുക്കുന്നവർ മുഴങ്കാലിൽ നിന്ന് അതു ഒപ്പിട്ടു നൽകുവാനും പറയാറുണ്ടായിരുന്നു.

നമുക്കും ഈ വരികളെ ഒരു പ്രാർത്ഥനയാക്കിക്കൊണ്ട് മുമ്പോട്ടു പോകാം. "സ്വീകരിക്കേൻ ജീവനെ" എന്ന പാട്ടിന് ഏഴിലധികം ഈണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.അവയിൽ ഏറ്റവും പ്രസിദ്ധമായ സംഗീതം സംഗീതസമ്രാട്ടായിരുന്ന മൊസാർടിന്റേതും പ്രശസ്ത സ്വിസ് സുവിശേഷകനായിരുന്ന സെസാർ മലാന്റേതുമാണ്.

**മൊഴിമാറ്റം: ബോബി ചെറിയാൻ**

❖

അക്ഷമനാക്കുന്നു. നിങ്ങൾ ആശ്വാസത്തിനായി എല്ലായിടത്തേക്കും തിരിയുന്നു. നിങ്ങൾ ജയത്തെക്കുറിച്ചു സ്വപ്നം കാണുന്നു. യഥാർത്ഥത്തിൽ സാഹചര്യങ്ങൾ ആയിരുന്നില്ല, നിങ്ങളുടെ പരാജയത്തിനു കാരണം; മറിച്ച് ദൈവത്തിലുള്ള സ്വസ്ഥതയറിയാത്ത നിങ്ങളുടെ ഹൃദയമാണു പരാജയത്തിനുത്തരവാദി.'നിങ്ങളെ വിഷമിപ്പിക്കുന്ന ആ കാര്യത്തിന്റെ വേര് ആ സാഹച ര്യത്തിലല്ല; മറിച്ച് നിങ്ങളുടെ ഹൃദയത്തിൽതന്നെയാണ്'എന്നു മാഡം ഗയോൺ പറഞ്ഞിട്ടുണ്ട്. ദൈവത്തിൽ സ്വസ്ഥനായിരിക്കുന്ന ഒരുവൻ ദൈവം അവനെ മുമ്പോട്ടു നയിക്കുന്ന സമയം വരെ, അവനപ്പോൾ ആയിരിക്കുന്ന സാഹചര്യത്തിൽ പൂർണ്ണ ജയാളിയായിരിക്കും. ജ്ഞാനിക്കു വിശ്വാസവും ആത്മധൈര്യവും ഉണ്ട്;എല്ലാറ്റിലും അവൻ ദൈവത്തോടൊപ്പം മുന്നേറുന്നു. വിലയേറിയ ലോഹങ്ങൾ കടുപ്പമുള്ള പാറയിലാണു കാണപ്പെടുന്നത്. ശോധന ചെയ്യപ്പെട്ട വിശ്വാസം പൊന്നിനെക്കാൾ വിലയേറിയതത്രെ.

സാഹചര്യങ്ങളോടുള്ള അതൃപ്തി ക്രൂശിനോടുള്ള അതൃപ്തിയാണ്.ആ അതൃപ്തി മനസ്സിൽ ശൂന്യത ഉളവാക്കുന്നു.സാഹചര്യങ്ങളിൽനിന്ന് എങ്ങനെ രക്ഷപ്പെടാം എന്നുള്ള ചിന്തയിൽ അങ്ങനെയുള്ളവൻ വ്യാപൃതരാകുന്നു. അവൻ മിഥ്യയിൽ ആശ വെയ്ക്കുന്നു.അവനു സന്തോഷമെന്നത് എന്നും പ്രതീക്ഷമാത്രം -സമാധാനമെന്നതോ, മാഞ്ഞുപോകുന്ന ഒരു നിഴൽപോലെയും. അതെ അവിശ്വാസത്തിന്റെ പാത നിശ്ചയമായും പരാജയത്തിന്റെ പാത തന്നെ.

ഭാവിജീവിതത്തിലെ കാര്യങ്ങളെക്കുറിച്ച് അറിയുവാനുള്ള ഉൽക്കണ്ഠ ഇപ്പോഴുള്ള സാഹചര്യങ്ങളിൽ വിശ്വസിച്ചു ജീവിക്കുന്നതിലുള്ള അതൃപ്തി മൂലമാണ്. ഭാവിയെക്കുറിച്ചുള്ള ആകുലങ്ങൾ നിമിത്തം,ദൈവവിചാരങ്ങൾ സ്വന്ത വിചാരങ്ങൾക്കൊപ്പം കൊണ്ടുപോകാൻ അങ്ങനെയുള്ളവർ ശ്രമിക്കുന്നു.ഭാവിയുടെ അനിശ്ചിതത്വം,അവരുടെ ഹൃദയങ്ങളെ അസ്വസ്ഥമാക്കുന്നു. ഭാവിയെക്കുറിച്ചുള്ള നിശ്ചയമല്ല, ദൈവത്തിലുള്ള വിശ്വാസവും ഉറപ്പുമാണ് ഒരുവനു വേണ്ടത്.ദൈവത്തെക്കുറിച്ചുള്ള ആ അറിവ് നമുക്കു തൃപ്തിയും സ്വസ്ഥതയും നല്കേണ്ടതാണ്.ദൈവം നമ്മെ ഏല്പിച്ചിട്ടുള്ള പ്രവൃത്തികളുണ്ട്;ചുമതലകളുണ്ട്. നമ്മെ ഏല്പിച്ചവനോടുള്ള വിശ്വസ്തതയിൽ അവ നിവൃത്തിക്കാവുന്നതിനപ്പുറം, ജീവിതത്തെക്കുറിച്ചു അധികം കാര്യങ്ങൾ നാം അറിയേണ്ട ആവശ്യമില്ല. സമയത്തിനു മുമ്പേ വിശ്വസ്തത വെളിപ്പെടുകയില്ല. എന്നാൽ തക്ക സമയത്ത് അതു വെളിപ്പെടുകയും ദൈവം മഹത്വപ്പെടുകയും ചെയ്യും. അവിശ്വാസത്താൽ നാം ദൈവത്തിന്റെ വിശ്വസ്തതയെ സംശയിക്കുന്നു. അതുമൂലം നാം ദൈവത്തിൽ ഭോഷത്തം ആരോപിക്കുകയും, നാം ആകുലചിത്തരായിത്തീരുകയും ചെയ്യുന്നു.ദൈവത്തിൽ അർപ്പിക്കപ്പെട്ട ഒരു ജീവിതം, ദൈവിക നന്മയുടെയും, വിശ്വസ്തതയുടെയും പുതിയ വെളിപ്പാടുകൾക്കായി സന്തോഷത്തോടെ പ്രതീക്ഷിച്ചുകൊണ്ടു നന്ദിയിലായിരിക്കും. അവൻ ദൈവത്തിന്റെ തേജസ്സിന്റെ പ്രകാശം ദർശിക്കുന്നു. ആകയാൽ ഭാവിയുടെ അന്ധകാരത്തിൽ അവൻ വെളിച്ചം മാത്രം കാണുന്നു.

ബാഹ്യ സാഹചര്യങ്ങൾ ദൈവഭയമുള്ളവർക്ക്, നിസ്വാർത്ഥവും,കർമ്മനിരതവും, ദൈവികവുമായ വിശ്വാസത്തിന്റെ മാർഗ്ഗത്തിലേക്കുള്ള കവാടമായിരിക്കുമ്പോൾ, മറ്റുള്ളവർക്ക് അവ സ്വയത്തിലേക്കു പിൻവാങ്ങുവാനോ, മുഴുകിപ്പോകുവാനോ ഉള്ള അവസരം ആയിത്തീരുന്നു. ദൈവത്തോടുള്ള നിങ്ങളുടെ ബന്ധമാണ് ജീവിതത്തിലൂടെയുള്ള നിങ്ങളുടെ മാർഗ്ഗം നിശ്ചയിക്കുന്നത്.

**(സമാഹൃതം)**

❖





# എഡിറ്റോറിയൽ *തുടർച്ച*

ക്കാരാണ്, കർത്താവിന്റെ ദാസരായിട്ടില്ല.

പരാതിപറയുന്ന സ്വഭാവമാണു വേലക്കാരുടെ മറ്റൊരു ലക്ഷണം.പകലത്തെ ഭാരവും വെയിലും സഹിച്ച തങ്ങളെ ഒരു മണിക്കൂർ മാത്രം വേല ചെയ്ത പിമ്പന്മാരോട് യജമാനൻ സമമാക്കിയെന്നതാണ് മുമ്പന്മാരുടെ പരാതി (20:12).തങ്ങൾക്കു കൂലി കുറഞ്ഞുപോയി എന്നതല്ല അവരുടെ പരാതി. മറിച്ച് പിമ്പന്മാരെ തങ്ങൾക്കൊപ്പമാക്കി എന്നതാണ് അവരുടെ സങ്കടം. മറ്റുള്ളവരുമായി താരതമ്യം ചെയ്തു ദൈവത്തോടു നാം പരാതി പറയുന്നവരാണെങ്കിൽ നാം ദാസന്മാരായിട്ടില്ല എന്നതു വ്യക്തമല്ലേ?

നമ്മുടെ ഉള്ളിൽ എന്തെങ്കിലും ഒരു പരാതിയുണ്ടെങ്കിൽ അതു വെളിയിൽ വരാൻ ദൈവം സാഹചര്യം ഒരുക്കും എന്നതിലേക്കും ഈ ഉപമ വിരൽ ചൂണ്ടുന്നു.നോക്കുക:യജമാനൻ പതിനൊന്നാം മണിക്കൂറിൽ വന്ന പിമ്പന്മാർക്കാണ് ആദ്യം കൂലി നൽകിയത്.തുടർന്ന് ഒമ്പതാം മണി നേരത്തു വന്നവർ, ആറാം മണി നേരത്തു വന്നവർ, മൂന്നാം മണി നേരത്തു വന്നവർ എന്നിങ്ങനെ പുറകോട്ട്.

ഇത് കേവലം യാദൃച്ഛികമല്ല. മറിച്ച് മന:പൂർവ്വമായിരുന്നു.'ഉടയവൻ വിചാരകനോട്: പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെ അവർക്കു കൂലി കൊടുക്കുക' എന്നാണു കല്പിച്ചത് (20:8).ഇതിനു പകരം 'മുമ്പന്മാർ തുടങ്ങി പിമ്പന്മാർ വരെ' കൂലി നൽകിയിരുന്നെങ്കിൽ പരാതി ഒഴിവാക്കാമായിരുന്നു.കാരണം മുമ്പന്മാർ പറഞ്ഞൊത്ത വെള്ളിക്കാശു വാങ്ങി വീട്ടിൽ പോയേനേ.പിമ്പന്മാർക്ക് എത്ര കിട്ടിയെന്ന് അവർക്ക് അറിയാൻ ഇടയാവുകയില്ലായിരുന്നു;പരാതി പറയാനും സാഹചര്യം ഉണ്ടാകുകയില്ലായിരുന്നു!

എന്നാൽ യജമാനൻ നേരേ മറിച്ചാണു ചെയ്തത്. നമ്മുടെ ഉള്ളിൽ ഒരു പരാതിയുണ്ടെങ്കിൽ അതു പുറത്തുവരുവാൻ അവിടുന്നു സാഹചര്യം ഒരുക്കും.പരാതിയും ശണ്ഠയും ദോഷം സഹിക്കാൻ മനസ്സില്ലാത്ത അവസ്ഥയും വേലക്കാരന്റെ ലക്ഷണമാണ്.

മറിച്ച് 'കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും...ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടത്' (2 തിമൊ. 2:24).

യേശുവിനെ ദാസനായി ചിത്രീകരിക്കുന്ന ഭാഗത്തും ഈ പ്രത്യേകത എടുത്തു പറഞ്ഞിട്ടുണ്ട്. 'ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ...അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല, ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കയുമില്ല' (മത്തായി 12:17, 18).

പരാതിയും കലഹവും കർത്താവിന്റെ ദാസന്റെ ലക്ഷണമല്ല.

പ്രിയരെ, നാം കർത്താവിന്റെ ദാസന്മാരാണെന്നു സ്വയം കരുതുന്നു.എന്നാൽ ദാസന്റേതിനെക്കാൾ വേലക്കാരന്റെ മനോഭാവമാണോ നമ്മിൽ മുന്നിട്ടു നിൽക്കുന്നത്?

കർത്താവിന്റെ ദാസന്മാരാകാൻ ദൈവം നമ്മെ വിളിച്ചിരിക്കെ, ആ നിലവാരത്തിനു വളരെ താഴെയുള്ള ഒന്നുകൊണ്ടു തൃപ്തിപ്പെടുവാൻ നമുക്കിടയാകാതിരിക്കട്ടെ!

❖




MEDITATIONS ON THE HOLY SPIRIT

# Holy Spirit - The **helper**

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

We talked last month about the symbols of the Holy Spirit as a dove and a fire. This month, I want to use a couple of other key words that are used in connection to the Holy Spirit, and explain them a bit more.

The biggest word that I first want to highlight about the Holy Spirit is **HELPER**. When Jesus was about to leave this earth, He told His disciples about the Holy Spirit, and Jesus called Him a Helper. Jesus says this in *John 14:16 - I will ask the Father, and He will give you another Helper, that He may be with you forever*. We should probably underline this description of the Holy Spirit because this was the VERY FIRST introduction of the Holy Spirit by Jesus to His disciples. So this was clearly a critical trait about the Holy Spirit.

Now we can so easily pass over this word, without really embracing the role of the Holy Spirit as a Helper to us. So let's think about just our day today. Did we look to the Holy Spirit as a real Helper that we had with us? Did we ask Him to help us today, as we walked down the street, or as we were tempted at work, or as we were at home with our children?

We can be so quick to connect the Holy Spirit FIRST to speaking on tongues, or raising the dead, or healing the sick (because that's how most of Christendom tends to see Him). And I think the devil would love it if we only thought of the Holy Spirit and His gifts, and didn't see Him primarily and first as a Helper!

Also, please note that Jesus describes the Holy Spirit as ANOTHER Helper. In order to be another Helper, there had to be a first Helper. Who was that first Helper? **Jesus of course**!

Now think about the lives of the disciples with Jesus around. Was there a storm He didn't quell? Or a question He didn't answer? Or a problem He didn't solve? Jesus was the perfect Helper for three and a half years, faithfully walking alongside the disciples and helping them.

But now Jesus was going to be leaving them. But Jesus told the disciples





not to fear. Yes, He was going, but He was going to send ANOTHER Helper to take His place. And this new Helper was as powerful to help as Jesus was! ABSOLUTELY! The Holy Spirit was part of the Trinity, and He was as powerful and capable as Jesus had been to the disciples.

So I hope that we will ALL look to the Holy Spirit as being, at least, an equal substitute to Jesus physically being with us. Imagine how stress-free and worry-free your life would be if you were living in Jerusalem 2000 years ago, and were one of Jesus' disciples. After the first few months of seeing Jesus solve every single problem that came your way, you would stop doubting His power. And you would sure that as long as you followed Jesus, He would take care of everything that came your way that day. Right? Well, it is exactly the same way for us today - because of the Holy Spirit that has been give as ANOTHER HELPER to us!

So with that as a preface, I want to talk about one specific thing the Holy Spirit helps us with.

**The Holy Spirit is a Helper who washes us and makes us new**

We have previously seen the connection between the Holy Spirit and water from John 7:37-39 - where Jesus said that those who thirst and believe in Him will have rivers of living water would flow from our innermost being because of the Holy Spirit given to us. So the symbol of the Holy Spirit quenching our (and others') thirst for God is immediately understood by the symbol of water as a thirst-quencher.

But I want to leverage the symbol of the Holy Spirit and water, to highlight a key action of the Holy Spirit and His work in our lives.

See these words of Paul to Titus - *Titus 3:4-6 - But when the kindness of God our Savior and His love for mankind appeared, He saved us, not on the basis of deeds which we have done in righteousness, but according to His mercy, by the washing of regeneration and renewing by the Holy Spirit, whom He poured out upon us richly through Jesus Christ our Savior*

Paul is describing the way in which we are saved. Now we must first remember that the act of salvation is not a past act alone. It is a past, present, and future act. God wants us to save us COMPLETELY from sin - such that sin has absolutely nothing to do with us. So God wants to save us from the PENALTY, the POWER, and even the PRESENCE of sin. We know that this has not happened in any of our lives. The only place that the presence of sin is absent from is in heaven. So we will be completely freed from the very presence of sin only when we get to heaven (in the future for all of us who are still alive). But for those of us who are Christians, God has removed the penalty of sin (a past event for those of us who come to God in the finished work of Jesus Christ). But now He wants us to allow His Holy Spirit in the present to help us demolish the power of sin in our lives.

And it is this past, present, and future attitude towards our salvation that I want to bring to our attention as we consider this act of washing of the Holy Spirit. And I want to highlight this one phrase at the end of verse 5 as it relates to our holistic salvation: *the washing of regeneration and renewing by the*

*Holy Spirit*.

Regeneration: This word describes a new creation and a new beginning. And as some of us may know, the Bible tells us in no uncertain terms that the life of a Christian involves being born again (John 3:3-8). And Paul also tells me that if all who are in Christ are NEW creations (*2 Corinthians 5:17 - Therefore if anyone is in Christ, he is a new creature; the old things passed away; behold, new things have come*).

So there's a fundamentally brand new IDENTITY that the Holy Spirit seeks to do in us. Yes, He washes us of all our horrendous past actions, but it's so much more than that. He washes us of our past identity before we came to know Christ personally. Our identity is the very way by which we define ourselves and look ourselves. The Holy Spirit washes us and gives us a new identity.

So that identity that was mangled because of all the evil things your parents said and did to you is washed and regenerated into a brand new identity by the Holy Spirit. And that identity that you think about yourself because of your skin color, your education, your brain capacity, your income level, etc - are all also washed and regenerated by the Holy Spirit. And what comes out of this washing is a brand new identity - a Son of the Living God, and a younger brother of Jesus Christ (1 John 3:2-3; Romans 8:29). Skin color, ethnicity, intelligence, past traumas, etc - are all washed away and throw away.

Can we say that we have fully embraced this kind of washing that the Holy Spirit? We might believe that we are born again, but do we recognize that our old identity has been WASHED AWAY? I can tell you from my own life that this is something I have to fight to remember. So it is good for us to often remind one another of this wonderful washing of regeneration by the Holy Spirit.

Renewing:

The washing by renewing is also important. Because I continue to sin and continue to corrupt myself despite my regenerated new identity, I need continuous washings of renewal as well. We all continue to stain ourselves by so many ugly sins that I think we will quickly admit that we are in need of constant renewals.

So we can praise God that He has not left us without hope. He has send us a Helper in the Holy Spirit, who is always prepared to wash us and renew our hearts from all sin and to restore us back to a full devotion to Jesus.

Can we say that we embrace this washing of renewal of the Holy Spirit as well? Some of us might comfort ourselves that we are regenerated beings, and we might have put away our past identity to embrace our new identity of being fully accepted by God because of Christ. But we may be presently languishing in lukewarmness towards God. If so, then we must embrace the washing of renewal by the Holy Spirit.

So I hope that we will take these two words of the Holy Spirit with us. He is a HELPER, and He seeks to constantly help us by WASHING us for our regeneration and our renwal.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 10 ജൂലൈ 2013 ലക്കം 7



**എഡിറ്റോറിയൽ ബോർഡ്**

ജോജി ടി. സാമുവൽ [illegible]
ജോസ് മാത്യു [illegible]
മാത്യു ജോർജ് [illegible]
ജോബി ചെറിയാൻ [illegible]
സാബു ജോസഫ് [illegible]
[illegible]
ജെയിംസ് മാത്യു [illegible]



**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686016,
ഫോൺ 0481 - 2391519,
8281037519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
**U.S.A - Binoy James**
Phone: 512990-2808(R) 513836-5098(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-64 05 287
E-mail: skuruvi@gmail.com


മൊഴിമുത്ത്



## സഭയെ എങ്ങനെ സ്നേഹിക്കണം?

സഭയിലെ വിശ്വാസികളെ മറ്റു മനുഷ്യജീവികൾ എന്ന നിലയിലോ സ്നേഹിതർ എന്ന മട്ടിലോ, സഹവിശ്വാസികൾ എന്ന രീതിയിൽ പോലുമോ അല്ല സ്നേഹിക്കേണ്ടത്. പരിശുദ്ധാത്മാവു നൽകുന്ന ക്രിസ്തുവിന്റെ സ്വന്തം സ്നേഹത്താൽ തന്നെ നാം അവരെ സ്നേഹിക്കണം. അവിടുത്തേക്കു വേണ്ടി സഭയെ സ്നേഹിക്കാനാണു നിങ്ങളെ വിളിച്ചിരിക്കുന്നത്. സഭയ്ക്ക് നിങ്ങൾ ക്രിസ്തുവിന്റെ ഒരു സ്നേഹസമ്മാനമായിരിക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു, അതിനുവേണ്ട സ്നേഹം നിങ്ങൾക്കു നൽകാനാണ് പരിശുദ്ധാത്മാവിനെ അയച്ചിരിക്കുന്നത്.

**വെസ്ലി എൽ. ഡ്യൂവൽ**

## ബുൾഡോസർ

A **Joyful 'toon** by Mike Waters




നിങ്ങൾക്കും എനിക്കും ഒത്തൊരുമിച്ചുള്ള വിശ്വാസത്താൽ...
ആശ്വാസം ലഭിക്കേണ്ടതിന്... *(റോമർ 1:12)*

# DO YOU KNOW HOW THE APOSTLES DIED?

Matthew

Suffered martyrdom in Ethiopia, killed by a sword wound.

Mark

Died in Alexandria, Egypt, after being dragged by horses through the streets until he was dead.

Luke

Was hanged in Greece as a result of his tremendous preaching to the lost.

John

Faced martyrdom when he was boiled in huge basin of boiling oil during a wave of persecution in Rome. However, he was miraculously delivered form death. John was then sentenced to the mines on the prison island of Patmos. He died as an old man, the only apostle to die peacefully.

Peter

He was crucified upside down on an x-shaped cross. According to church tradition it was because he told his tormentors that he felt unworthy to die in the same way that Jesus Christ had died.

James

Just "The Leader" of the church in Jerusalem, he was thrown over a hundred feet down from the southeast pinnacle of the Temple when he refused to deny his faith in Christ. When they discovered that he survived the fall, his enemies beat James to death with a fuller's club.

James the Great

James was ultimately beheaded at Jerusalem.

Bartholomew

Also known as Nathaniel, he was a missionary to Asia. He witnessed for our Lord in present day Turkey. Bartholomew was martyred for his preaching in Armenia where he was flayed to death by a whip.

Andrew

He was crucified on an x-shaped cross in Patras, Greece. After being whipped severely by seven soldiers, they tied his body to the cross with cords to prolong his agony. He continued to preach to his tomentors for two days until he expired.

Thomas

Thomas was stabbed with a spear in India during one of his missionary trips to establish the church in the sub-continent.

Jude

Was killed with arrows when he refused to deny his faith in Christ.

Matthias

The apostle chosen to replace the traitor Judas Iscariot, was stoned and then beheaded.